# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

Vol. 14 / Issue 07
July 2023

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)




മാർ ജോൺ പനന്തോട്ടത്തിൽ
മെൽബൺ രൂപതയുടെ ഇടയൻ
പ്രാർത്ഥനാശംസകൾ
മാനന്തവാടി രൂപതാ കുടുംബം
EPARCHY OF MANANTHAVADY

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)

Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645

വാല്യം 14 ജൂലൈ 2023 ലക്കം 7

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


യുവജനദിനം........................................................................ 07
സർക്കുലർ........................................................................ 12
രൂപതാ കച്ചേരി വാർത്തകൾ................................................... 15
മൈനർ സെമിനാരി വാർത്തകൾ............................................ 29
മാസധ്യാനം........................................................................ 30
മതബോധനരംഗം ................................................................ 32
ചെറുപുഷ്പ മിഷൻലീഗ്........................................................ 36
Department of Youth Ministry ......................................... 42
കെ.സി.വൈ.എം.................................................................. 46
കുടുംബപ്രേഷിതത്വം.......................................................... 57
സീയോൻ വാർത്ത.............................................................. 66
വിൻസെന്റ് ഡി പോൾ സൊസൈറ്റി..................................... 67
സാമൂഹ്യ സേവനരംഗം (WSSS)........................................... 70
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി.................................. 74
ബയോവിൻ അഗ്രോ റിസർച്ച്................................................ 78
റേഡിയോ മാറ്റൊലി .......................................................... 81
കത്തോലിക്കാ കോൺഗ്രസ്.................................................. 83
Mary Matha Arts & Science College............................... 86
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി .................................. 90
ബിഷപ്സ് പ്രോഗ്രാം ............................................................ 98

No. 3879/K 35/0L/KCBC/DS 23.06.2023

## യുവജനദിനം 2023, ജൂലൈ 9, ഞായർ
## കെ. സി. ബി. സി യുവജനകമ്മീഷൻ
## പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, കേരള കത്തോലിക്കാസഭ ജൂലൈ 9, ഞായറാഴ്ച യുവജനദിന മായി ആചരിക്കുന്നു. ഏവർക്കും കെ. സി. ബി. സി യുവജന കമ്മീഷ നിൽ നിന്നും യുവജനദിനത്തിന്റെ ആശംസകൾ! വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 1986 ൽ ആരംഭിച്ച ലോകയുവജന ദിനാ ഘോഷത്തിന്റെ 17-ാം മത്തെ പതിപ്പിൽ എത്തിനിൽക്കുന്നു. 'മേരി എഴുന്നേറ്റു തിടുക്കത്തിൽ യാത്ര പുറപ്പെട്ടു' (ലൂക്കാ 1, 39) എന്ന വേദവാക്യമാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഈ വർഷത്തെ യുവജനദിനാഘോഷത്തിന്റെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത്. സഭയുടെ ചാലകശക്തികളായ ലക്ഷ ക്കണക്കിന് യുവജനങ്ങൾ ഒരുമിച്ചുവന്ന് ആഹ്ലാദപൂർവം ദൈവ ത്തിന് നന്ദിപറയുന്ന അവസരത്തെ സമർപ്പിച്ച് നമുക്ക് പ്രത്യേ കമായി പ്രാർത്ഥിക്കാം. പരിശുദ്ധ അമ്മയെപ്പോലെ തിടുക്കവും തീക്ഷണതയുമുള്ള ഒരു യുവജനസഭ, കേരളസഭയിലുണ്ടാകാ നായി നമുക്ക് പദ്ധതികൾ തയ്യാറാക്കാം.

**തീക്ഷ്ണ യൗവ്വനം ക്രിസ്തുവിൽ ഒന്നായി**

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച ആഗോളസിനഡിന്റെ പശ്ചാത്തലത്തിൽ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ആദർശങ്ങളിൽ അടിസ്ഥാനപ്പെടുത്തി 'സഹയാനം ചെയ്യുന്ന സഭ' എന്ന ആശയം യുവത്വം ഏറ്റെടുക്കുന്നു. ഈ വർഷം ആപ്തവാക്യമായി തെര ഞ്ഞെടുത്തിരിക്കുന്നത് 'തീക്ഷ്ണയൗവ്വനം ക്രിസ്തുവിൽ ഒന്നായി' എന്നതാണ്. കേരള സഭ 2022-25 വർഷങ്ങളെ സഭാ നവീക രണ കാലഘട്ടമായി പ്രഖ്യാപിച്ചിരിക്കുന്നു. 'സഭ ക്രിസ്തുവിൽ പണിയപ്പെടുന്ന ഭവനം' എന്ന ആപ്തവാക്യത്തിലൂന്നിയ സഭാ നവീകരണ പ്രവർത്തനങ്ങളിൽ മുഖ്യ പങ്കു വഹിക്കേണ്ടത് യുവ ജനങ്ങളാണ്. കേരളസഭാ നവികരണത്തിന്റെ ആദ്യവർഷമായ

2022 ശ്രവണ കാലഘട്ടമായിരുന്നു. യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ, വിശ്വാസപരമായ സന്ദേഹങ്ങൾ, ആത്മീയവും ഭൗതികവുമായ സംഘർഷങ്ങൾ തുടങ്ങിയവ പൊതുവിടങ്ങളിൽ ചർച്ചയാകേണ്ടതുണ്ട്. 2023 ഡിസംബർ 1, 2, 3 തീയതികളിൽ നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ സമാപന സമ്മേളനത്തിൽവച്ച് 2024 വർഷം യുവജനവർഷമായി പ്രഖ്യാപിക്കപ്പെടുന്നു. കേരളസഭയിലെ യുവജനങ്ങൾ സഭയുടെ പ്രേഷിതരായി മാറാൻ 2025 ജൂബിലിവർഷത്തിൽ മിഷൻവർഷമായി ആചരിക്കാനും പദ്ധതിയുണ്ട്.

വിഭജിക്കപ്പെട്ട സഭ പാഷണ്ഡതയാണ്. സഭയുടെ ഐക്യം ഊട്ടി ഉറപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് യുവജനങ്ങൾ. ആഗോള കത്തോലിക്കാസഭയിലെ 24 സഭകളുടെ കൂട്ടായ്മപ്രതിഫലിക്കുന്ന ഇടമാണ് ഭാരത സഭ. പ്രത്യേകിച്ച് മൂന്നു വ്യക്തിഗത സഭകൾ ഒരേ സ്ഥലത്തായിരിക്കുന്ന കേരളസഭ. മൂന്നു റീത്തുകളിലുമുള്ള യുവാക്കൾക്ക് ഒത്തുചേരാനും സഭയുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങളിൽ ഇടപെടാനുമുള്ള അന്തരീക്ഷമാണ് നമുക്കുള്ളത്. അതിന്റെ സാധ്യതകളെ കണ്ടെത്തി ദൗത്യത്തിന്റെ കനൽ ഏറ്റുവാങ്ങാൻ യുവജനങ്ങൾ ബാധ്യസ്ഥരാണ്. ഐക്യത്തിന്റെ ആത്മാവിനെയാണ് നാം സ്വീകരിച്ചിരിക്കുന്നത്. മൂന്നുറീത്തുകളിലെയും യുവജനങ്ങൾ ഒത്തുചേർന്ന് നവീകരണത്തിന്റെ 'കാറ്റലിസ്റ്റു'കളാകാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ സഭയ്ക്കും അതിന്റേതായ ചരിത്രവും സ്വത്വവും പാരമ്പര്യവും ആരാധനക്രമവും ഒക്കെയുമുള്ളപ്പോഴും അതിനെ അതിലംഘിക്കുന്ന ഐക്യത്തിന്റെ പ്രതീകമാണ് കേരളസഭയിലെ യുവജനശുശ്രൂഷ.

**യുവാക്കൾ: ക്രിസ്തുവിന്റെ കരങ്ങൾ**

ക്രിസ്തുവിന്റെ അനുകമ്പ അത്ഭുതങ്ങളായി മാറുന്ന കാഴ്ച വേദപുസ്തകത്തിന്റെ താളുകളിൽ നാം കാണുന്നു. ക്രിസ്തുവിന്റെ കരുണയുടെ കരങ്ങളായി മാറുന്ന യുവത്വം സഭയുടെ സ്വപ്നമാണ്. പ്രത്യേകിച്ച് ആരോരുമില്ലാത്തവർ, സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾ, ഉപേക്ഷിക്കപ്പെട്ട വൃദ്ധജനങ്ങൾ എന്നിവരിലേക്ക് നീളുന്ന കരുണയുടെ കരങ്ങളായി യുവജനങ്ങൾ മാറേണ്ടതുണ്ട്.

**ലഹരി മുക്തയൗവ്വനം**

യുവാവായ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടുന്ന യുവത്വം സഭയുടെ മുതൽക്കൂട്ടാണ്; സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സമ്പത്താണ്. യൗവ്വനം: ഒരു തലമുറ ജീവിതാന്തസ്സു തെരഞ്ഞെടുക്കുന്ന കാലം; അവർ ഉത്തമപൗരന്മാരും ക്രിസ്തുദർശനത്തിന്റെ കാവലാളുകളുമാകാൻ പരിശ്രമിക്കുന്ന കാലം. എന്നാൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം യൗവ്വനത്തിന്റെ ലഹരിയെ നശിപ്പിക്കുന്നു. അത്തരം ലഹരിക്കടിമപ്പെടുന്ന യൗവ്വനം ഒരു ബാധ്യതയാണ്. തീവ്രവാദത്തിന്റെ ഫണ്ടിങ്ങിനായി മാരകമായ ലഹരിവസ്തുക്കൾ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നു എന്ന സത്യം വാർത്തകളിൽ നിറയുന്നു. യവ്വനത്തിന്റെ തീക്ഷണതയെ കയറൂരിവിടുന്ന ലൈംഗിക അരാജകത്വം, സ്വവർഗവിവാഹം പോലുള്ള തിന്മകൾ, വിവാഹപൂർവലൈംഗികത, വിവാഹേതര ലൈംഗികത, ഒത്തുവസിക്കലുകൾ, അതേത്തുടർന്നുണ്ടാകുന്ന ഗർഭഛിദ്രങ്ങൾ, പ്രണയത്തിന്റെ മറവിലെ തീവ്രവാദങ്ങൾ, 'കല്യാണയുദ്ധങ്ങൾ' അങ്ങനെ വെല്ലുവിളികൾ ധാരാളമുണ്ട്. സാങ്കേതികവിദ്യയുടെ അതിപ്രസരംമൂലം ഗെയിം അഡിക്ഷൻ, സ്ക്രീൻ അഡിക്ഷൻ, മൊബൈൽ അഡിക്ഷൻ തുടങ്ങിയവ കോവിഡാനന്തര കാലത്ത് വർധിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യുവത്വം ജാഗ്രത പുലർത്തുകയും അതിജീവിക്കാൻ വേണ്ട പരിശീലനം നേടുകയും വേണം.

**വിദ്യാഭ്യാസം, തൊഴിൽ, സംരംഭകത്വം**

കേരളത്തിന്റെ സാക്ഷരതയ്ക്ക് ക്രൈസ്തവരുടെ പങ്ക് അനന്യമാണ്. വിദ്യാഭ്യാസ മേഖലയിലെ ആരോഗ്യകരമല്ലാത്ത പ്രവണതകൾ, പാഠപ്പുസ്തക പരിഷ്ക്കരണത്തിലെ രാഷ്ട്രീയ താത്പര്യങ്ങൾ, അനാവശ്യ നിയമനിർമാണങ്ങൾ, ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നേരെയുള്ള അക്രമങ്ങൾ, അനാവശ്യസമരങ്ങൾ, വിദ്യാഭ്യാസമേഖലയിലെ ക്രൈസ്തവസംഭാവനകളുടെ തമസ്കരണം തുടങ്ങിയ സമകാലിക യാഥാർത്ഥ്യങ്ങൾ യുവജനങ്ങൾ മനസ്സിലാക്കുകയും സൃഷ്ടിപരമായി പ്രതികരിക്കുകയും ചെയ്യേണ്ടതാണ്.

തൊഴിലില്ലായ്മ, സംരംഭകർക്ക് അനുകൂലമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുന്ന സർക്കാർരാഷ്ട്രീയ സംവിധാനങ്ങൾ തുടങ്ങിയവ നിമിത്തം വിദേശ രാജ്യങ്ങളിലേക്ക് നമ്മുടെ യൗവ്വനം ഒഴുകുന്നു. ഇതു മൂലം ഉണ്ടാകുന്ന വിശ്വാസപരവും സാംസ്കാരിക പരവും ആയ വിടവുകൾ സഭ ഏറെ ശ്രദ്ധയോടെ വീക്ഷിക്കുന്നു. അതോടൊപ്പം അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രവാസികളായി വന്ന് ചേർന്നിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ, അവരുടെ ഐഡന്റിറ്റി, അതിന്റെ പ്രത്യാഘാതങ്ങൾ ഇവയൊക്കെ ഗൗരവമായ പരിഗണന അർഹിക്കുന്ന വിഷയങ്ങൾ തന്നെ. ഇവയ്ക്ക് പരിഹാരം കണ്ടെത്താൻ സാധിക്കും വിധമുള്ള യുവജനശുശ്രൂഷാ മോഡലുകൾ രൂപം കൊള്ളാൻ സഭ ആഗ്രഹിക്കുന്നു. ഈ നാടിന്റെ സംരഭകരായി മാറാൻ, സർക്കാർ ജോലി നേടാൻ ഒക്കെ യുവജനങ്ങളെ പ്രേരിപ്പിക്കുക എന്നതാണ് അതിനുള്ള മാർഗം.

**യുവാക്കൾ ക്ഷേമരാഷ്ട്രനിർമ്മിതിക്ക്**

ഇന്ത്യയെന്ന മഹത്തായ രാഷ്ട്രത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരാണ് യുവജനങ്ങൾ. ശുദ്ധരാഷ്ട്രീയത്തിന്റെ വക്താക്കളായി ക്രൈസ്തവയുവത്വം മാറേണ്ടതുണ്ട്. ഭാരതത്തിന്റെ മതേതരത്വത്തെ കാക്കാൻ കടപ്പെട്ടവരാണ് ക്രൈസ്തവയുവത്വം. സ്വന്തംമതത്തെ പ്രഘോഷിക്കുമ്പോഴും മറ്റ് മതങ്ങളെ ബഹുമാനത്തോടെ കാണാൻ കഴിയുന്ന കണ്ണാണ് യുവജനങ്ങൾക്കുണ്ടാകേണ്ടത്. അല്ലെങ്കിൽ അത് വർഗ്ഗീയ തീവ്രവാദത്തിന്റെ കനലുകളെ ഊതികത്തിയ്ക്കുമെന്നതിന് ചരിത്രം സാക്ഷി. വിഭജനത്തിന്റെ നാൾ മുതൽ ഭാരതം കണ്ടുകൊണ്ടിരിക്കുന്ന ഭീകരസംഭവങ്ങൾ നമ്മുടെ ഓർമ്മയിലുണ്ട്. ആഗോള ഭീകരതയുടെ വേരുകൾ കേരളത്തിലെത്തി നിൽക്കുന്നു. കേരളം തീവ്രവാദത്തിന്റെ ഹബായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ വേറിട്ടൊരുനിലപാടുമായി മതേതരത്വത്തിന്റെ കാവലായി ക്രൈസ്തവ യുവത്വം മറേണ്ടതുണ്ട്. തീവ്രവാദത്തിന്റെ ഫണ്ടിംഗിനായി സ്വർണ്ണ കടത്ത്, മയക്കുമരുന്ന് വ്യാപാരം, ഹവാല പണത്തിന്റെ സമാന്തര സമ്പദ്ക്രമം, എന്നിവ പരസ്യമായ രഹസ്യങ്ങളായി വാഴുന്ന കാലത്ത് സുതാര്യമായ ജീവിതക്രമവും രാഷ്ട്രീയവും മുന്നോട്ട് വയ്ക്കാൻ യുവാക്കൾക്ക് കഴി

യണം. ഇപ്പോൾ മണിപ്പൂരിൽ നടക്കുന്നതുപോലുള്ള തീവ്ര വാദ വർഗീയ ആക്രമണങ്ങളെ അപലപിക്കാനും അതിനെതിരെ പ്രതിഷേധിക്കാനും അതേസമയം തന്നെ ഫ്രാൻസിസ് അസ്സീസി യുടെ പ്രാർത്ഥന പോലെ 'സമാധാനത്തിന്റെ ഉപകരണങ്ങൾ' ആകാനും യുവജനങ്ങൾക്ക് സാധിക്കണം.

കേരള കത്തോലിക്കാ സഭയിലെ യുവജനം സഭയുടെ ജീവ നാണ്; മുത്താണ്. അവർ ലൈവാണ്; ലൈഫാണ്. ക്രിസ്തുവെന്ന യുവാവായ ദൈവം പകരുന്ന ആദർശമാണ് അവരുടെ അടിത്തറ. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെ. സി. വൈ. എം, ജീസസ് യൂത്ത്, സിഎൽസി, മിജാർക്ക്, ഐക്കഫ്, WS AMID, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയു മായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന എല്ലാ യുവജനങ്ങൾക്കും അവരെ അനുധാവനം ചെയ്യുന്ന വൈദികർക്കും സന്യസ്തർക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ!

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ,**
(ചെയർമാൻ, കെ.സി.ബി.സി യുവജന കമ്മീഷൻ)
**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി യുവജന കമ്മീഷൻ)
**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി യുവജന കമ്മീഷൻ)
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി. കൊച്ചി 682 025.

---

N.B. 2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച ഈ സർക്കു ലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലി ക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്ക പ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയ ങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# സർക്കുലർ
**Prot. No. 27935/2023**
**Circular No. 04/2023**

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ സഹോദരീ സഹോദരന്മാരേ, പ്രിയ കുട്ടികളേ,

നമ്മുടെ രൂപതയുടെ സുവർണ്ണ ജൂബിലിക്ക് ഒരുക്കമായി നടത്തിയ എപ്പാർക്കിയൽ അസംബ്ലിയിൽ പൊതുവായി ഉന്നയിക്കപ്പെട്ട ഒരു പ്രധാന നിർദ്ദേശമായിരുന്നു അസംഘടിത തൊഴിലാളികൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള ക്ഷേമ പദ്ധതികൾ നേടിയെടുക്കുന്നതിനും അവരുടെ കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രായോഗിക പദ്ധതികൾ ആവിഷ്കരിക്കണമെന്നത്. ജൂബിലിയുടെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി ഇക്കാര്യം 2023 മെയ് മാസത്തിലെ സർക്കുലറിൽ സൂചിപ്പിച്ചിരുന്നുവല്ലോ.

നമ്മുടെ രൂപതയിലെ ധാരാളം കുടുംബങ്ങൾ ഈ വിഭാഗത്തിൽ പെടുന്നവരായി ഉണ്ട്. രൂപതയുടെ സാമൂഹ്യസേവന വകുപ്പ് ഈ രംഗത്ത് കേരള ലേബർ മൂവ്മെന്റിന്റെ (KLM) ആഭിമുഖ്യത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി പ്രവർത്തിക്കുന്നുണ്ട്. എങ്കിലും അതിൽ അംഗങ്ങളായവർ വളരെ കുറവാണ്. അതിനാൽ ഇതുവഴി ലഭിക്കുമായിരുന്ന നേട്ടങ്ങൾ കൂടുതൽ ആളുകൾക്ക് പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. ഈ കുറവ് പരിഗണിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

ഈ സാഹചര്യത്തിൽ രൂപതയുടെ വിവിധ ആലോചനാസമിതികളുടെ നിർദ്ദേശമനുസരിച്ച് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ (WSSS) ഭാഗമായി ഇതിനുവേണ്ടി ഒരു പുതിയ ഡിപ്പാർട്ട്മെന്റ് Job Enrichment for Workers' Welfare and Social Securtiy (JEWASS) എന്ന പേരിൽ രൂപീകരിച്ചിട്ടുണ്ട്. കെ. എൽ. എമ്മിന്റെയും JEWASS ന്റെയും ഡയറക്ടറായി കെ.

എൽ. എം. മുൻ സംസ്ഥാന പ്രസിഡണ്ടും നമ്മുടെ രൂപതയുടെ മുൻവർഷങ്ങളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുമായി സ്തുത്യർഹ സേവനം ചെയ്ത ബഹുമാനപ്പെട്ട ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ സാറിനെ 2023 ജൂൺ 15 മുതൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

കത്തോലിക്കാസഭയുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് വിവിധ മേഖലകളിലുള്ള അസംഘടിതരായ തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ആദ്ധ്യാത്മികവും ഭൗതികവുമായ പുരോഗതിക്കുവേണ്ടിയുള്ള കർമ്മപദ്ധതികൾ നടപ്പാക്കുകയാണ് JEWASS ന്റെ പൊതുവായ ലക്ഷ്യം. സാധാരണക്കാർക്ക് ഇതുവഴി ധാരാളം പദ്ധതികൾ ലഭ്യമാക്കാൻ സാധിക്കും. കെട്ടിടനിർമ്മാണ മേഖലയിലും സാധാരണ കൃഷിയിടങ്ങളിലും ഭവനങ്ങളിലും കൂലിവേല ചെയ്യുന്നവർക്കും ചെറുകിട കർഷകർക്കും ഇതിന്റെ ഗുണഭോക്താത്തക്കളാകാവുന്നതാണ്. സ്വയം സഹായ സംഘങ്ങൾ, തുല്യബാധ്യതാ സംഘങ്ങൾ, SWS തുടങ്ങിയവ രൂപീകരിച്ചു കൊണ്ടാണ് ഇടവകകളിൽ ജീവസ്സിന്റെ കർമ്മ പദ്ധതികൾ നടപ്പാക്കാക്കേണ്ടത്. സർക്കാരുകളുടെ വിവിധ ഇൻഷുറൻസ് പദ്ധതികളിലും ക്ഷേമനിധികളിലും അവരെ അംഗങ്ങളാക്കുക. വിവിധ അപേക്ഷകൾ സമർപ്പിക്കുന്നതിൽ സഹായിക്കുന്ന ഫെലിസിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുക തുടങ്ങിയവയെല്ലാം ഇതിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു. പലപ്പോഴും അപ്രതീക്ഷിത സാമ്പത്തികബാധ്യത വരാനിടയുള്ള അടിയന്തരഘട്ടങ്ങളെ തരണം ചെയ്യാൻ സഹായ പദ്ധതികളും ഇതിൽപ്പെടുന്നുണ്ട്.

രൂപതയിലെ എല്ലാ സംഘടനകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും അവയോടൊപ്പം എല്ലാ ബഹുമാനപ്പെട്ട വൈദികരുടേയും സമർപ്പിതരുടെയും രൂപതാംഗങ്ങൾ എല്ലാവരുടേയും സഹായ സഹകരണം ഇതിനാവശ്യമാണ്. ഇടവക, ഫൊറോന, രൂപതാതലങ്ങളിൽ ജീവസ്സിന്റെ യൂണിറ്റുകളും നേതൃനിരയുമുണ്ടാകണം. അതിന് എല്ലാവരുടേയും പ്രത്യേകിച്ച് ഇടവക വികാരിയച്ചന്മാരുടെയും സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നവർക്കെല്ലാം നമ്മുടെ രൂപതയുടെ സ്വർഗീയ മധ്യസ്ഥയായ പരിശുദ്ധ ദൈവമാതാവു വഴി ധാരാളം ദൈവാനുഗ്രഹം ലഭിക്കട്ടെയെന്ന് ആശംസിക്കുന്നു.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**Office Address:**

Mr. Sebastian Palamparambil
Director, JEWASS & KLM
WSSS, P.B. No. 16
Mananthavady- 670 645
Mob. 9447546103, 8848458203 (WhatsApp)

---

ഈ സർക്കുലർ 2023 ജൂലൈ മാസം 16 ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. അതോടൊപ്പം ഇടവക സംഘടനകൾ, സമർപ്പിതസമൂഹങ്ങൾ തുടങ്ങിയവരുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലേക്ക് പോസ്റ്റ് ചെയ്യാനും അഭ്യർത്ഥിക്കുന്നു.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹു. തോമസ് പെരുമാട്ടിക്കുന്നേലച്ചന്റെ ചരമ വാർഷികം ജൂലൈ 6-ാം തീയതിയും, ബഹു. അബ്രാഹം മൂക്കനോലിൽ അച്ചന്റെ ചരമവാർഷികം ജൂലൈ 16 നുമാണ്. ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**സീറോ മലബാർ സഭാദിനം**

ദുക്റാന തിരുനാൾ ദിനമായ ജൂലൈ 3ന് സീറോ മലബാർ സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും കുർബാന മദ്ധ്യേ ഈ നിയോഗത്തിനുവേണ്ടി മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് നൽകുന്നതിനായി പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**യുവജനദിനം**

കേരളസഭ ജൂലൈ 09-ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജനദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ബഹു. സാന്റോ അമ്പലത്തറ അച്ചനെയും, ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റ് ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേദിവസം യുവജനങ്ങൾക്കു വേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് യുവജനപ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**നന്ദി, സ്വാഗതം**

മാനന്തവാടി രൂപതയിലെ സ്തുത്യർഹമായ സേവനത്തിനു ശേഷം പുതിയ കർമ്മ മേഖലകളിലേക്ക് പ്രവേശിക്കുന്ന കുന്നംമ്പറ്റ വികാരിയായിരുന്ന ബഹു. ബിജോ വള്ളിക്കാട്ട് CSsR അച്ചന് രൂപതാ കുടുംബത്തിന്റെ ഹൃദ്യമായ യാത്രാമംഗളങ്ങൾ. പുതിയ അജപാലന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും നേരുന്നു. ഒപ്പം കുന്നംമ്പറ്റ ഇടവകയിലേക്ക് സേവനത്തിനായി കടന്നു വന്നിരിക്കുന്ന ബഹു. ജിയോ ടോം നമ്പുടാകത്ത് CSsR അച്ചന് ഹൃദ്യമായ സ്വാഗതം! ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയവും നേരുന്നു.

**ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ് 2023 ജൂലൈ 24-26**

മാനന്തവാടി രൂപതയിലെ യുവ വൈദികർക്കുവേണ്ടിയുള്ള ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ് 2023 ഫെബ്രുവരി 13 മുതൽ 18 വരെ രണ്ട് ബാച്ചുകളിലായി ക്രമീകരിച്ചിരുന്നുവല്ലോ. 2011 ഡിസംബർ മാസത്തിൽ പട്ടം സ്വീകരിച്ചവർ തുടങ്ങി 2022 ൽ തിരുപ്പട്ടം സ്വീകരിച്ചവർ വരെയായിരുന്നു ഈ കോഴ്സിൽ സംബന്ധിച്ചത്.

വൈദികർക്കുള്ള തുടർപരിശീലനം എന്ന രീതിയിൽ ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ് രണ്ടാം ഘട്ടം 2023 ജൂലൈ 24 വൈകുന്നേരം മുതൽ 26 ഉച്ചവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുകയാണ്. കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ് അജപാലന ശുശ്രൂഷ കൂടുതൽ ഫലപ്രദമാക്കാൻ സഹായിക്കും വിധമാണ് ഈ പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നത്.

1995- 2010 കാലഘട്ടത്തിൽ പട്ടം സ്വീകരിച്ചവരാണ് ഇതിൽ പങ്കെടുക്കേണ്ടത്. ഈ കോഴ്സിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. അതിനാൽ വ്യക്തിപരമായ കാര്യങ്ങളും, ഇടവകയിലെയോ, സ്ഥാപനങ്ങളിലെയോ, സംഘടനകളിലെയോ കാര്യങ്ങളൊക്കെ മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്.

മാറിവരുന്ന സാഹചര്യങ്ങളിൽ വ്യക്തിജീവിതത്തിലും അജപാലന മേഖലകളിലും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കോഴ്സാണ് നടത്തപ്പെടുന്നത്. കോഴ്സ് നയിക്കുന്നത് MSFS സഭാംഗവും സൈക്കോളജിസ്റ്റുമായ ബഹു ഫാ. ടോം പന്നാലക്കുന്നേൽ ആണ്. നിരവധി വൈദികർക്കും സന്യസ്തർക്കും ക്ലാസുകളും ധ്യാനങ്ങളും നടത്തുന്നതോടൊപ്പം വ്യക്തിപരമായി മാർഗനിർദേശം നൽകി നയിക്കുന്ന വ്യക്തിയുമാണ് ബഹു. ടോം അച്ചൻ.

രണ്ടാം ഘട്ടം ഓൺഗോയിംങ് ഫോർമേഷൻ കോഴ്സിൽ പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് താഴെക്കൊടുക്കുന്നു. ശ്രദ്ധിക്കുമല്ലോ.

| Ongoing Formation of Priests- 2023 July 24- 26 (Ordination Batches: 1995-2010) | |
|---|---|
| **S.N.** | **Name of the Participants** |
| 1 | Korattiparambil Vincent |
| 2 | Mampallil Anto |
| 3 | Moothedath Mathew |
| 4 | Pullamkunnel Joy |
| 5 | Kallupura Johny |
| 6 | Kottayil Joseph |
| 7 | Paruvummel Joseph |
| 8 | Choorapuzhayil John |
| 9 | Edayakondattu Paul |
| 10 | Kappiarumalayil Jose |
| 11 | Kochuparackal Kurian (Saji) |
| 12 | Mangalathil Thomas |
| 13 | Moothedath Thomas |
| 14 | Nedumkallel Joseph |
| 15 | Periappuram Mathew |
| 16 | Punchayil Lucka |
| 17 | Valakodiyil Dominic |
| 18 | Kachirayil Thomas |
| 19 | Mavara Stanislaus |
| 20 | Plassanal Thomas |
| 21 | Puthenpurackal Mathew |
| 22 | Thuruthel Kuriakose [Joy] |
| 23 | Vattukunnel Issac |
| 24 | Chelackapallil Thomas |

| | |
|---|---|
| 25 | Madathil Abraham (Sunny) |
| 26 | Malayil Mathew |
| 27 | Puthukulangara Thomas |
| 28 | Perumattikunnel John (Johny) |
| 29 | Puthenpurayil Manuel (Siju) |
| 30 | Thuruthel Thomas [Biju] |
| 31 | Ambalathinkal Sebastian |
| 32 | Elemkunnel Sebastian |
| 33 | Muthukathaniyil Varghese |
| 34 | Pudussery Martin |
| 35 | Pulpayil Joseph |
| 36 | Thekkepera Mathew |
| 37 | Urumbil Joseph |
| 38 | Vazhakatt Joseph |
| 39 | Chakkittakudiyil James |
| 40 | Chembakkara James |
| 41 | Elayidathu Mani |
| 42 | Kakkattikalayil Sebastian |
| 43 | Kuzhikandathil Joseph |
| 44 | Munjanattu Mathew |
| 45 | Olickal Thomas |
| 46 | Ponparackal John |
| 47 | Vadakkemulanjanal Michael |
| 48 | Chettiyassery Joseph |
| 49 | Kappiarumalayil John (Johny) |
| 50 | Kavumkal Joseph |
| 51 | Painumkal Kuriakose (Binu) |
| 52 | Vadakkel Emmanuel |
| 53 | Karukapally Joseph |

| | |
|---|---|
| 54 | Kassamkuttiyil Sebastian |
| 55 | Kattamkottil Joseph (Saji) |
| 56 | Moolayil Thomas |
| 57 | Chakiyathmooda Xavier |
| 58 | Kizhakkanputhuppally John (Santhosh) |
| 59 | Kakkonal Thomas |
| 60 | Kudackachira Joseph |
| 61 | Poothakuzhi Jacob |
| 62 | Poovathinkal Peter |
| 63 | Thondiparambil Sebastian (Biju) |
| 64 | Aikkarathazhath Joseph |
| 65 | Karuthedath Mathew (Manoj) |
| 66 | Puthenpurayil Joseph (Sineesh) |
| 67 | Vadayaparambil Emmanuel (Sony) |
| 68 | Vathelil Abraham |
| 69 | Pakkanikuzhiyil Sebastian |
| 70 | Edakkudiyil Mathew |
| 71 | Kalambukattu Joseph |
| 72 | Palathadathil George |
| 73 | Punnackapadavil Sebastian |

**ബഹു. വൈദികരുടെ വാർഷികധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ 10-ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 15-ാം തീയതി വെള്ളിയാഴ്ചവരെയും, സെപ്റ്റംബർ 17-ാം തീയതി ഞായറാഴ്ച മുതൽ 22-ാം തീയതി വെള്ളിയാഴ്ച വരെയുമായിരിക്കും. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. ബഹുമാനപ്പെട്ട വൈദികർ ഈ തീയതികൾ ശ്രദ്ധിക്കുകയും മുടക്കം കൂടാതെ ധ്യാനത്തിൽ പങ്കെടുക്കാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി നടത്തുകയും ചെയ്യുമല്ലോ. ഏതെങ്കിലും തക്കതായ കാരണത്താൽ ധ്യാനത്തിന്റെ ബാച്ച് മാറുന്ന വൈദികർ പകരക്കാരെ സ്വന്തമായി കണ്ടെത്തി വിവരം ബഹു. ജനറാളച്ചനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

ഈ വർഷത്തെ ധ്യാനം നയിക്കുന്നത് ഡൊമിനിക്കൻ സഭാംഗവും പ്രശസ്ത ധ്യാനഗുരുവും ബൈബിൾ പണ്ഡിതനുമായ ബഹു. ജോർജ് കുമ്പളുമൂട്ടിൽ അച്ചനാണ്.

| Annual Retreat for Priests<br>Ist Batch 2023 | |
|---|---|
| **S. N** | **Rev. Frs House Name & Name** |
| 1 | Alackathadathil James |
| 2 | Ambalathara Francis |
| 3 | Ambalathinkal Sebastian |
| 4 | Arumayil George |
| 5 | Chackalackal Joseph |
| 6 | Chakkittakudy Jose |
| 7 | Chavaranal Thomas |
| 8 | Chembakkara James |
| 9 | Chempalayil Augustine |
| 10 | Chettiyassery Joseph |
| 11 | Chirayilparambil Thomas |
| 12 | Chittarackal Varghese |

| | |
|---|---|
| 13 | Choorapuzha John |
| 14 | Edakudiyil Mathew |
| 15 | Elamkunnapuzha Joseph |
| 16 | Elavanappara Sebastian |
| 17 | Elavunkal  Johny |
| 18 | Elayidath Mani |
| 19 | Iykkarakkanayil Thomas |
| 20 | Kachirayil Thomas |
| 21 | Kakkonal Thomas |
| 22 | Kalambukattu Joseph |
| 23 | Kalapurayil Vincent |
| 24 | Kaliyaniyil Kuriakose |
| 25 | Kalliyattu Devasia |
| 26 | Kallupura Johny |
| 27 | Kappiarumalayil Jose |
| 28 | Karukappally Joseph |
| 29 | Karuthedath Mathew |
| 30 | Kassamkuttiyil Sebastian |
| 31 | Kattamkottil Thomas |
| 32 | Kattath Thomas |
| 33 | Kavalakkadan  Varghese |
| 34 | Keezheth Sebastian |
| 35 | Kizhakkanputhupally Varghese( Pratheesh) |
| 36 | Kizhakkumpuram George |
| 37 | Kocharackal Jose |
| 38 | Kochuparackal Mathew |
| 39 | Koipuram Sebastian |
| 40 | Koottala Paul |
| 41 | Korandiyarkunnel Paul |

| | |
|---|---|
| 42 | Korattiparambil Vincent |
| 43 | Kottackal Stephen |
| 44 | Kottayil Joseph |
| 45 | Kudakkachira Joseph |
| 46 | Kulathinal James |
| 47 | Kumbalakuzhy Mathew |
| 48 | Kunnath Kuriakose |
| 49 | Kunnathett James |
| 50 | Kuthukallunkal Francis |
| 51 | Kuttikattukunnel Thomas |
| 52 | Madathil Seabstian |
| 53 | Malayil Mathew |
| 54 | Mampallil George |
| 55 | Mattam Gervasis |
| 56 | Meppurath Chacko |
| 57 | Moothedath Mathew |
| 58 | Mukkattukavunkal Thomas |
| 59 | Mundackamattam Jose |
| 60 | Mundolickal Paul |
| 61 | Muthukathaniyil Varghese |
| 62 | Muthukattil Shantidas |
| 63 | Muttappallil Joseph |
| 64 | Nakkuzhikkattu Mathew |
| 65 | Nellikunnel Francis |
| 66 | Oravaranthara Vincent |
| 67 | Ousepparampil Joseph |
| 68 | Padinjarayil Mathew |
| 69 | Painumkal George |
| 70 | Palakatt Augustine |

| | |
|---|---|
| 71 | Palath Joseph |
| 72 | Pallichankudiyil Mathai |
| 73 | Pannackal Mathew |
| 74 | Parackal Varghese |
| 75 | Periappuram Mathew |
| 76 | Pinakkat Joseph |
| 77 | Poikayil Joseph |
| 78 | Ponthottiyil Thomas |
| 79 | Poyikayil Kurian |
| 80 | Pulikuzhiyil Abraham |
| 81 | Pulinthanam Jose |
| 82 | Punakkatt Chandy |
| 83 | Punchayil Lucka |
| 84 | Purakkal George |
| 85 | Puthanpurayil Joseph ( Sineesh) |
| 86 | Puthen Sebastian |
| 87 | Puthenpurackal Mathew |
| 88 | Puthukkattil Mathew |
| 89 | Puthukulangara Thomas |
| 90 | Thamarasseril Vincent |
| 91 | Thattuparambil Varghese |
| 92 | Thekkepera Mathew |
| 93 | Thekkethil Abraham |
| 94 | Therakam George |
| 95 | Therakam Thomas Joseph |
| 96 | Thondiparambil Sebastian ( Biju) |
| 97 | Thykunnumpuram Thomas |
| 98 | Unnippally Sebastian |
| 99 | Urumbil Joseph |

| | |
|---|---|
| 100 | Vadakkel Emmanuel |
| 101 | Vadakkemulanjanal Michael |
| 102 | Vadassery Thomas |
| 103 | Vadayaparambil  Emmanuel (Sony) |
| 104 | Valayathil Joseph |

| **Annual Retreat for Priests 2nd Batch 2023** | |
|---|---|
| **S.N** | **Rev. Frs House Name & Name** |
| 1. | Aikkarathazhath Joseph |
| 2. | Alukka George |
| 3. | Alumkal Joseph |
| 4. | Chakiyath Xavier |
| 5. | Chakkittakudily James |
| 6. | Chelackapallil Thomas |
| 7. | Chittoor Joseph |
| 8. | Chozhenparambil John |
| 9. | Edachilath Joseph |
| 10. | Edayakondattu Paul |
| 11. | Elemkunnel Sebastian |
| 12. | Kakkattikalayil Sebastian |
| 13. | Kalappura Jose |
| 14. | Kalappurackal Abraham |
| 15. | Kalappurackal Mathew |
| 16. | Kanippillil Varghese |
| 17 | Kappiarumalayil John |
| 18 | Karamayil Issac |
| 19 | Karippukattil Francis |
| 20 | Kattamkottil Joseph ( Saji) |

| | |
|---|---|
| 21 | Kavunkal Joseph |
| 22 | Kizhakkanputhupally John ( Santhosh) |
| 23 | Kocheril Mathew |
| 24 | Kochuparackal Kurian |
| 25 | Kollamkunnel Varghese |
| 26 | Kollarthottam Mathew |
| 27 | Kottaram Jose |
| 28 | Kulirany Jose |
| 29 | Kunnath Joseph ( Akhil) |
| 30 | Kuttimakkal James |
| 31 | Kuzhikandathil Joseph |
| 32 | Madapallikunnel Antony (Siby) |
| 33 | Madapallikunnel Mathew |
| 34 | Madathil Abraham( Sunny) |
| 35 | Mampallil Anto |
| 36 | Manakunnel Thomas |
| 37 | Mankottil James |
| 38 | Mannoor Thomas |
| 39 | Maplassery Babu |
| 40 | Mavara Stanislaus |
| 41 | Mecheril Joseph |
| 42 | Moloparambil Jose |
| 43 | Moolayil Thomas |
| 44 | Moonnanal Justin |
| 45 | Moothedath Thomas |
| 46 | Mulakodiyankal Sebastian |
| 47 | Mulakodiyankal Varghese |
| 48 | Mulavelikunnel Jacob |
| 49 | Munjanattu Mathew |

| | |
|---|---|
| 50 | Muthirakalayil Joseph |
| 51 | Myladoor George |
| 52 | Nechikatu Joseph |
| 53 | Nedumkallel Joseph |
| 54 | Nilackappillil Augustine |
| 55 | Njallampuzha Thomas |
| 56 | Olickal Thomas |
| 57 | Padinjarayil George |
| 58 | Painumkal Kuriakose |
| 59 | Pakkanikuzhiyil Sebastian |
| 60 | Palakkattu Antony |
| 61 | Palathadathil George |
| 62 | Pallattukunnel Augustine |
| 63 | Parunthanolil Thomas |
| 64 | Paruvummel Joseph |
| 65 | Peechattu Joseph |
| 66 | Perumattikunnel John |
| 67 | Perumattikunnel Mathew |
| 68 | Plassanal Thomas |
| 69 | Ponparackal John |
| 70 | Poothakuzhi Jais |
| 71 | Poovathinkal Dennis |
| 72 | Pudussery Martin |
| 73 | Pulikunnel Devasia |
| 74 | Pullamkunnel Joy |
| 75 | Pulpayil Joseph |
| 76 | Punnackapadavil Sebastian |
| 77 | Puthenparambil James |
| 78 | Puthenpurayil Manuel( Siju) |

| | |
|---|---|
| 79 | Puthukulathil John |
| 80 | Thanniyil Augustine |
| 81 | Thayil Jose |
| 82 | Thekkanady Joseph |
| 83 | Thekkilakkattil Jose |
| 84 | Thenpallil Sebastian |
| 85 | Thevarkunnel Don Bosco |
| 86 | Thondiparambil Peter |
| 87 | Thuruthel Kuriakose |
| 88 | Thuruthel Thomas |
| 89 | Uppuveettil John |
| 90 | Vadayaparambil Jose |
| 91 | Valakodiyil Dominic |
| 92 | Valloppilly Joseph |
| 93 | Vathelil Abraham |
| 94 | Vattukulathil Mathew |
| 95 | Vattukunnel Issac |
| 96 | Vazhachalil Thomas |
| 97 | Vazhakatt Joseph |
| 98 | Vazhakkala Chacko |
| 99 | Vazhayil Kurian |
| 100 | Vettickal John |

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence, those who wish to attend the retreat, please contact Rev. Fr. Jojo Kudakkachira the Director of Pastoral Centre. His Mobile No. 8589826522

**മോൺ. പോൾ മുണ്ടോളിക്കൽ**
വികാരി ജനറാൾ

# അറിയിപ്പ്

മാനന്തവാടി മേരി മാതാ കോളേജിലെ മലയാളം, ഇംഗ്ലീഷ്, മാത്തമാറ്റിക്സ്, ഹിന്ദി ഡിപ്പാർട്ട്മെന്റുകളിൽ അസിസ്റ്റന്റ് പ്രൊഫസർ സ്ഥിരതസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഹിന്ദി അസിസ്റ്റന്റ് പ്രൊഫസർ തസ്തിക ഭിന്നശേഷിക്കാർക്കും, മലയാളം അസിസ്റ്റന്റ് പ്രൊഫസർ തസ്തിക സീറോ മലബാർ കാതലിക് കമ്മ്യൂണിറ്റിക്കും സംവരണം ചെയ്തിരിക്കുന്നു. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ കോളേജിന്റെ വെബ്സൈറ്റിൽ നിന്നും അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ചതിനു ശേഷം, കോളേജ് മാനേജർ, മേരി മാതാ കോളേജ് എന്ന പേരിൽ 2500 രൂപ DD എടുത്ത് അപേക്ഷയോടൊപ്പം കോളേജ് ഓഫീസിൽ നേരിട്ട് എത്തിക്കുയോ, തപാൽവഴി അയക്കുകയോ ചെയ്യുക.

**മാനേജർ**

# മൈനർ സെമിനാരി വാർത്തകൾ

**മൈനർ സെമിനാരിയിലെ നവാഗതർക്ക് സ്വാഗതം**

| നമ്പർ | പേരും വീട്ടുപേരും | ഇടവക |
|---|---|---|
| 1. | അഷ്ബിൻ നെല്ലൂർ | പട്ടാണിക്കൂപ്പ് |
| 2. | അരുൺ മാണിശ്ശേരി | പുതുശ്ശേരി |
| 3. | ജുബിൻ കിഴക്കേടത്ത് | മഞ്ഞൂറ |
| 4. | ലിഷോൺ ഇടക്കുളത്തിൽ | വാകേരി |
| 5. | അലൻ കോട്ടവാതുക്കൽ | വാകേരി |
| 6. | ആൽബിൻ തേവൻകോടെപുതിയവീട് | വട്ടപ്പുറം |
| 7. | ആൽബിൻ തെങ്ങടയിൽ | കബനിഗിരി |
| 8. | ഫെബിൻ കൂടക്കാട്ട് | കമ്മന |
| 9. | അലൻ കൂട്ടുങ്കൽ | കരിമ്പിൽ |
| 10. | ജിബിൻ പുതുപറമ്പിൽ | ശാന്തിഗിരി |
| 11. | ബിബിൻ കൊച്ചുപുരയ്ക്കൽ | കല്ലോടി |
| 12. | ക്രിസ്റ്റിൻ പുതിയകുന്നേൽ | സീതാമൗണ്ട് |
| 13. | ആകർഷ് പുതിയേടത്ത് | ചന്ദനക്കാംപാറ |
| 14. | ആകാശ് പനമട | മൊതക്കര |
| 15. | ആനന്ദ് പുത്തൂർ | കോട്ടത്തറ |
| 16. | അലൻ മൂന്നുമാക്കിൽ | കോട്ടത്തറ |
| 17. | അലൻ ചിറ്റുപറമ്പിൽ | ദീപ്തിഗിരി |
| 18. | അലൻ തുമ്പയ്ക്കാക്കുഴി | ദ്വാരക |

കുട്ടികളെ മൈനർ സെമിനാരിയിലേക്ക് ഒരുക്കി പറഞ്ഞയച്ച എല്ലാ പ്രിയ ബഹുമാനപ്പെട്ട വൈദികർക്കും, ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും, മതാദ്ധ്യാപകർക്കും മാതാപിതാക്കൾക്കും നന്ദി. തുടർന്നും ദൈവവിളി പ്രോത്സാഹനത്തിനായി നിങ്ങൾ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. സജി നെടുങ്കല്ലേൽ**
റെക്ടർ

**നടവയൽ ഫൊറോന**

ജൂൺ മാസത്തെ വൈദികരുടെ മാസധ്യാനം 13-06-2023 ചൊവ്വാഴ്ച നടവയൽ ഹോളി ക്രോസ് ഫൊറോന ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഫൊറോനയിലെ പതിമൂന്ന് ഇടവകകളിൽ നിന്നായി മുഴുവൻ വൈദികരും, ഫൊറോന അതിർത്തിക്കുള്ളിലെ സന്യസ്ത ഭവനങ്ങളായ ലാസലേറ്റ്, പാദ്രേ പിയോ, ജെസ്യൂട്ട്, ഒ.സി.ഡി. ഭവനങ്ങളിൽ നിന്നുമായി വൈദികർ എത്തിച്ചേർന്നു. ആർച്ച് പ്രീസ്റ്റ് ബഹു. ഗർവ്വാസീസ് മറ്റത്തിൽ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. ബഹു. ജോസ് തേക്കനാടിയിൽ അച്ചൻ സന്ദേശം നൽകി. ഫൊറോനയിലേക്ക് പുതുതായി സ്ഥലം മാറി വന്ന മുഴുവൻ വൈദികരേയും ഫൊറോന കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്തു. വിവിധസംഘടന പ്രവർത്തനങ്ങളെ കുറിച്ച് വിലയിരുത്തി. മാതൃസംഘം ഫൊറോന ഡയറക്ടറായി ബഹു. വിൻസന്റ് കൊരട്ടിപറമ്പിൽ അച്ചനേയും, AKCC ഡയറക്ടറായി ജോസ് കപ്യാരുമലയിൽ അച്ചനേയും, KCYM അസിസ്റ്റന്റ് ഡയറക്ടറായി ബഹു. കിരൺ തൊണ്ടിപറമ്പിൽ അച്ചനേയും, CML അസിസ്റ്റന്റ് ഡയറക്ടറായി അനൂപ് കോച്ചേരിയിൽ അച്ചനേയും ചുമതലപ്പെടുത്തി. ഫൊറോനയിലെ ഒരു മാസത്തെ പ്രവർത്തനങ്ങളെക്കുറിച്ചും തീർത്ഥാടന കേന്ദ്രമായ നടവയൽ ദേവാലയത്തിലേക്ക് കൂടുതൽ ആളുകളെ കൊണ്ടുവരുന്നതിനേക്കുറിച്ചും ചർച്ച ചെയ്തു. ഫൊറോന സെക്രട്ടറി ഫാ. അനൂപ് കോച്ചേരിയിൽ നന്ദി പറഞ്ഞു.

**ഫാ. അനൂപ് കോച്ചേരിൽ**
സെക്രട്ടറി

**കല്ലോടി ഫൊറോന**

കല്ലോടി ഫൊറോനയിലെ വൈദികരുടെ ജൂൺ മാസത്തിലെ മാസധ്യാനം 2023 ജൂൺ മാസം ഏഴാം തീയതി കല്ലോടി സെന്റ് ജോർജ് ഫൊറോനാ ദേവാലയത്തിൽ ബഹു. ഫൊറോനാ വികാരി ഫാ. സജി കോട്ടായിലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. ദീപ്തിഗിരി വികാരി ബഹു. ചാണ്ടി പുനക്കാട്ട് അച്ചൻ പുതുതായി ഫോറോനാ കൂട്ടായ്മയിലേക്ക് കടന്നു വന്ന ഫാ. സജി കോട്ടായിൽ,

ഫാ. ബെന്നി മുതിരക്കാലയിൽ, ഫാ. മാർട്ടിൻ പുതുശ്ശേരി, ഫാ. ജോർജ് പടിഞ്ഞാറയിൽ, ഫാ. അഖിൽ ഉപ്പുവീട്ടിൽ എന്നിവരെ സ്വാഗതം ചെയ്തു സംസാരിച്ചു. CMI സഭാഗമായ ഫാ. മെൽവിൻ ഇളംപ്ലാശ്ശേരി വചന വിചിന്തനം നൽകി. പ്രെസ്ബിറ്ററൽ കൗൺസിലിലേക്ക് ഫൊറോനാ വികാരി സജി കോട്ടായിൽ അച്ചനെ തിരഞ്ഞെടുത്തു. മിഷൻ ലീഗ് മേഖല ഡയറക്ടർ ആയി മാർട്ടിൻ പുതുശ്ശേരി അച്ചനും, മാതൃവേദി മേഖല ഡയറക്ടർ ആയി ബെന്നി മുതിരക്കാലായിൽ അച്ചനെയും തിരഞ്ഞെടുത്തു. വേദപാഠം പത്താം ക്ലാസ്സ് ഡിപ്ലോമ പരീക്ഷ നിർത്തലാക്കിയ തീരുമാനത്തെ പുന:പരിശോധിക്കണമെന്ന് ഫൊറോനയിലെ വൈദികർ എല്ലാവരും അഭിപ്രായപ്പെട്ടു. ഈ മാസം 16, 17, 18, തീയതികളിൽ KCYM മേഖല യുവജനങ്ങൾക്കായി മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ വെച്ച് സംഘടിപ്പിക്കുന്ന *കൂട്ട്* യുവജന ക്യാമ്പിന്റെ വിശദവിവരങ്ങൾ KCYM കല്ലോടി ഫൊറോനാ മേഖല ഡയറക്ടർ ആന്റോ ചിറയിൽപറമ്പിൽ അച്ചൻ അവതരിപ്പിച്ചു. അടുത്ത മാസധ്യാനം പുതിയിടംകുന്ന് ഇടവകയിൽ നടത്താമെന്ന തീരുമാനത്തോടെ ഫാ. ജെയിംസ് ചക്കിട്ടകുടിയിൽ അച്ചൻ നന്ദി പ്രകാശിപ്പിച്ചു യോഗം അവസാനിപ്പിച്ചു.

**ഫാ. അഖിൽ ഉപ്പുവീട്ടിൽ**
സെക്രട്ടറി

**പ്രിയപ്പെട്ടവരെ,**

ഈ അധ്യയന വർഷത്തിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങളെല്ലാം സുഗമമായി നടക്കുന്നുണ്ടല്ലോ. നമ്മുടെ പിതാവായ മാർത്തോമാ ശ്ലീഹായുടെ സുവിശേഷപ്രഘോഷണ തീക്ഷണതയും, നമ്മുടെ സ്വന്തം വിശുദ്ധയായ അൽഫോൻസാമ്മയുടെ പ്രാർത്ഥനാ ചൈതന്യവും സ്മരിക്കുവാൻ ഈ മാസം നമുക്ക് അവസരം ലഭിക്കുന്നു. നാമും ഈ വിശുദ്ധരെ പോലെ വിശ്വാസ പരിശീലനത്തിലൂടെ വിശ്വാസം അറിയുവാനും, വിശ്വാസത്തിൽ ആഴപ്പെടുവാനും, വിശ്വാസത്താൽ രൂപാന്തരപ്പെടാനും യഥാർത്ഥ ക്രൈസ്തവ വിശ്വാസ സാക്ഷിയാകാനും പ്രാപ്തരാക്കപ്പെടുന്നു. അങ്ങനെ നാം ഈശോമിശിഹായുടെ പ്രവാചക ധർമ്മത്തിൽ, മിശിഹായുടെ സാക്ഷികളായി ദൈവരാജ്യ ശുശ്രൂഷയിൽ പങ്കുചേരുന്നു (CCC785).

ഈ ശ്ലീഹാകാലത്തിൽ നമ്മുടെ എല്ലാ പ്രവർത്തനങ്ങൾക്കും പരിശുദ്ധത്മാവിന്റെ സഹായം പ്രാർത്ഥിക്കാം.

സീറോ മലബാർ കാറ്റക്കറ്റിക്കൽ കമ്മീഷൻ വിശ്വാസ പരിശീലകർക്കായി ജൂൺ 23 മുതൽ ജൂലൈ 1 വരെ കൂദാശകൾ കൂദാശാനുകരണങ്ങൾ എന്ന വിഷയത്തെക്കുറിച്ച് ഓൺലൈൻ കോഴ്സ് നടത്തി. നമ്മുടെ അധ്യാപകരും ക്ലാസ്സിൽ സജീവമായി പങ്കെടുക്കുകയുണ്ടായി.

ക്ലാസിൽ സംബന്ധിച്ച അധ്യാപകർ ഒരു അസൈൻമെന്റ് (10 പേജിൽ കവിയാതെ) എഴുതി ജൂലൈ മാസം 30 ന് മുൻപ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. പങ്കെടുത്ത എല്ലാവർക്കും കോഴ്സ് സർട്ടിഫിക്കറ്റും, ഏറ്റവും നന്നായി അസൈൻമെന്റ് എഴുതിയവർക്ക് സമ്മാനങ്ങളും നൽകുന്നതാണ്.

**മേഖലാ ഡയറക്ടേഴ്സിന് നന്ദിയും സ്വാഗതവും**

കഴിഞ്ഞ വർഷങ്ങളിൽ ബത്തേരി, ചുങ്കക്കുന്ന്, മാനന്തവാടി, മുള്ളൻകൊല്ലി, നിലമ്പൂർ, നീലഗിരി, തരിയോട് ഫൊറോനകളിൽ മേഖലാ ഡയറക്ടർമാരായി സ്തുത്യർഹ സേവനം ചെയ്ത റവ. ഫാ. ചാക്കോ മേപ്പുറത്ത്, റവ. ഫാ. ബെന്നി മുതിരക്കാലയിൽ,

റവ. ഫാ. ബാബു ചക്യത്ത്, റവ. ഫാ. ജോസ് കൊട്ടാരത്തിൽ, റവ. ഫാ. സന്തോഷ് കിഴക്കൻപുതുപ്പള്ളി, റവ. ഫാ അനൂപ് കൊല്ലം കുന്നേൽ, റവ. ഫാ.ജോൺ പുതുക്കുളത്തിൽ എന്നിവർക്ക് രൂപതാ മതബോധന കേന്ദ്രത്തിന്റെ നന്ദി അറിയിക്കുന്നു. യഥാക്രമം തൽസ്ഥാനത്തേക്ക് നിയമിതരായിരിക്കുന്ന റവ. ഫാ. വിൻസെന്റ് കളപ്പുരയിൽ, റവ. ഫാ. സജി പുഞ്ചയിൽ റവ. ഫാ. ബിജു പുന്നക്ക പടവിൽ, റവ. ഫാ. പ്രതീഷ് കിഴക്കൻപുതുപ്പള്ളി, റവ. ഫാ. ജോണി കല്ലുപുര, റവ. ഫാ. ജെയ്സൺ കള്ളിയാട്ട്, റവ. ഫാ. ബാബു കക്കാട്ടി ക്കാലായിൽ എന്നീ വൈദികർക്ക് ഹൃദ്യമായ സ്വാഗതം ആശം സിക്കുന്നു.

## HCC I & II Online Registration ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

HCC I & II രജിസ്ട്രേഷനും, 2023-24 വർഷത്തെ സർവ്വേ ഫോമും മതബോധനത്തിന്റെ വെബ്സൈറ്റിൽ ഓൺലൈനായി എല്ലാ ഇടവകകളിലും പൂർത്തിയാക്കിയല്ലോ. കുട്ടികളുടെ രജിസ്ട്രേ ഷൻ പൂർത്തിയാക്കി കഴിയുമ്പോൾ മതബോധന കേന്ദ്രത്തിൽ നിന്ന് രജിസ്റ്റർ നമ്പർ add ചെയ്യും. അതിനുശേഷം മാത്രമേ പ്രിൻറ് എടുക്കാവൂ എന്ന് ഓർമ്മപ്പെടുത്തുന്നു. രജിസ്ട്രേഷനുശേഷം Print എടുത്ത് വികാരിയച്ചനും ഹെഡ്മാസ്റ്ററും കുട്ടികളും അപേക്ഷ ഫോമിലും ഹാൾ ടിക്കറ്റിലും sign ചെയ്ത് രജിസ്ട്രേ ഷൻ ഫീസിനൊപ്പം രൂപതാ ഓഫീസിൽ ജൂലൈ 5 മുതൽ 10 വരെ യുള്ള തിയ്യതികളിൽ എത്തിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 200 രൂപയാണ്.

താഴെ തന്നിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് രജിസ്ട്രേഷൻ ഫീസ് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. HCC I & II രജിസ്ട്രേ ഷനും,സർവ്വേഫോമും രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി ജൂലൈ 10 ആണ്.

Account details:
Catechetical Cetnre
A/C No. : 006302152792190001
The Catholic Syrian Bank
Mananthavady Branch
IFSC CODE: CSBK0000063

**പ്രൈവറ്റ് രജിസ്ട്രേഷൻ**

പത്താംക്ലാസ് പഠനത്തിനു ശേഷം 11,12 ക്ലാസ്സുകളിൽ വിശ്വാസ പരിശീലനത്തിന് എത്താതെ എൻട്രൻസ് കോച്ചിംഗിനോ, തത്തു

ല്യമായ മറ്റു കോഴ്സുകൾക്കോ പോകുന്ന കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കാതെ, വിശ്വാസ പരിശീലനത്തിന്റെ ഭാഗമാക്കി നിർത്തേണ്ടത് ആവശ്യമാണ്. ഇവർക്കുവേണ്ടിയാണ് പ്രൈവറ്റ് രജിസ്ട്രേഷൻ. ഈ കുട്ടികൾ പാലിക്കേണ്ട നിബന്ധനകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. ഞായറാഴ്ച രാവിലെ മാതൃ ഇടവകയിൽ കുർബാനയിൽ പങ്കെടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ വികാരിയച്ചന്റെ അറിവോടെ പരിശീലന കേന്ദ്രത്തിനടുത്ത് വിശുദ്ധകുർബാനക്കുള്ള ക്രമീകരണം ഏർപ്പെടുത്തണം.

2. വികാരിയച്ചന്റെ സാക്ഷ്യപത്രം നൽകുന്നവർക്കേ Private Registration അനുവദിക്കുകയുള്ളൂ. (കുട്ടികൾ എൻട്രൻസ് പരിശീലനമോ / മറ്റ് കോഴ്സുകളിലോ പങ്കെടുക്കുന്നുണ്ട് എന്നുള്ള വിവരങ്ങൾ)

3. വാർഷിക പരീക്ഷ റെഗുലർ ആയി രജിസ്റ്റർ ചെയ്ത കുട്ടികൾ എഴുതുന്ന ദിവസം തന്നെ എഴുതണം. കൂടുതൽ വിവരങ്ങൾ അവരുടെ വാട്ട്സാപ്പ് ഗ്രൂപ്പുകളിൽ അറിയിക്കുന്നതായിരിക്കും.

4. പ്രൈവറ്റ് രെജിസ്ട്രേഷൻ ചെയ്യുന്നവർക്ക് രൂപത കേന്ദ്രത്തിൽനിന്ന് അസൈൻമെന്റ് നൽകുന്നതായിരിക്കും. അത് പൂർത്തിയാക്കി ജനുവരി 25ന് മുമ്പ് തിരികെ നൽകിയിരിക്കണം. അത് അവരുടെ Internal mark ന് പരിഗണിക്കും.

5. ഈ സംവിധാനത്തിലൂടെ പരീക്ഷ എഴുതുന്ന കുട്ടികളുടെ റിസൾട്ട് രൂപത റാങ്കിന് പരിഗണിക്കുന്നതല്ല.

6. രജിസ്ട്രേഷൻ ഫീസ് Rs 1500 ആയിരിക്കും.

7. റെഗുലർ സ്റ്റുഡൻസിന്റെ മാത്രം രജിസ്ട്രേഷൻ സമയത്ത് തന്നെ ഈ കുട്ടികളും ഇടവകകളിൽ രജിസ്ട്രേഷൻ നടത്തി Printout ഓഫീസിൽ നേരിട്ട് ഏൽപ്പിക്കേണ്ടതാണ്.

8. ഈ കുട്ടികളുടെ വാട്സ്ആപ്പ് നമ്പർ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**മതാധ്യാപകർക്കായി ഓൺലൈൻ ബൈബിൾ കോഴ്സ്**

മാനന്തവാടി രൂപതാ മതബോധന കേന്ദ്രം ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് മതാധ്യാപകർക്കായി നടത്തുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന ഓൺലൈൻ ബൈബിൾ പഠന പദ്ധതിയാണിത്.

* ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് അവസരം.
* കോഴ്സ് മലയാളത്തിലായിരിക്കും.
* ബൈബിളിലെ പുസ്തകങ്ങളെ 7 ബ്ലോക്കുകളാക്കി തിരിച്ചായിരിക്കും പഠനം.
* രജിസ്ട്രേഷൻ ഫീസ് 250 രൂപ.
* കോഴ്സ്ഫീസ് ഒരാൾക്ക് 1000 രൂപ ആയിരിക്കും.
* കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന സർട്ടിഫിക്കറ്റ് നൽകും.
* കോഴ്സ് അവസാനിക്കുമ്പോൾ മുഴുവൻ ബ്ലോക്കുകളിലും പങ്കെടുത്തവരെ രൂപത കേന്ദ്രത്തിൽ ആദരിക്കുന്നു.

**ക്ലാസ് ട്രെയിനിംഗ്, ആമുഖ സെമിനാർ**

2023-24 അദ്ധ്യായന വർഷത്തെ ആദ്യത്തെ ആമുഖസെമിനാറും, ക്ലാസ്സ് ട്രയിനിംഗും മെയ് 25 മുതൽ 27 വരെ ദ്വാരക പാസ്റ്ററൽ സെന്ററിലും ജൂൺ 9-10 തിയ്യതികളിൽ മണിമൂളി പാസ്റ്ററൽ സെന്ററിലും വച്ച് നടത്തപ്പെട്ടു. ദ്വാരക, മണിമൂളി എന്നിവിടങ്ങളിൽ വച്ച് നടത്തപ്പെട്ട ആമുഖ സെമിനാറിലും ക്ലാസ് ട്രയിനിംഗിലും 150 ഓളം അധ്യാപകർ പങ്കെടുത്തു. ആമുഖ സെമിനാറിന് നേതൃത്വം നല്കിയ രൂപതാ മതബോധന ടീം അംഗങ്ങൾക്കും, പങ്കെടുത്ത അധ്യാപകർക്കും നന്ദി.

## DCT, ACC Course Registration

മതാധ്യാപകർക്കായി രൂപതാ മതബോധന കേന്ദ്രം നടത്തി വരുന്ന DCT കോഴ്സിന്റെയും, HCC പൂർത്തിയാക്കിയവർക്കുള്ള ACC കോഴ്സിന്റെയും registration ജൂലൈ മാസം ആരംഭിക്കും.

DCT Course Fee : 2000. (1000 രൂപ രൂപതാ കേന്ദ്രം സ്കോളർഷിപ്പ് ആയി നൽകും)

ACC Course Fee: 600. സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതല്ല.

വിശദവിവരങ്ങൾ വികാരിയച്ചന്മാരുടെയും, പ്രധാന അധ്യാപകരുടെയും വാട്സ്ആപ്പ് ഗ്രൂപ്പിൽ നൽകുന്നതായിരിക്കും.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

**സ്നേഹമുള്ളവരെ,**

നവമാലിക പ്രവർത്തന വർഷത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. ജൂൺ ഏഴാം തീയതി വത്തിക്കാനിലെ ഓഡിയൻസിന്റെ സമയത്ത് കൊച്ചുത്രേസ്യയുടെ 'കൊച്ചു വഴികൾ' (Little Way) കണ്ടെത്താനാണ് ഫ്രാൻസിസ് മാർപാപ്പ ലോകത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്. വിശുദ്ധ കൊച്ചുത്രേസ്യായെ മുൻനിർത്തിയുള്ള പഠന - പ്രവർത്തന വർഷത്തിന് എല്ലാ ശാഖകളിലും നല്ല ഒരു തുടക്കമാണ് ജൂൺ മാസത്തിൽ നടത്തിയിരിക്കുന്നത്. അഭിനന്ദനങ്ങൾ നേരുന്നു. ഈ ആവേശം മുന്നോട്ടുള്ള പ്രയാണത്തിൽ കെടാതെ നമുക്ക് സൂക്ഷിക്കാം.

ഭാരത സഭയുടെ പ്രഥമ പ്രേക്ഷിതനായ മാർത്തോമാ ശ്ലീഹായുടെ ദുക്റാന തിരുനാൾ ആഘോഷിക്കുമ്പോൾ ധീരതയോടെയും തീഷ്ണതയോടെയും ജീവിതത്തിന്റെ ഏതു സാഹചര്യത്തിലും 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന് ഏറ്റുപറയാനും പ്രഘോഷിക്കാനും, മിഷൻ ലീഗിന്റെ പ്രവർത്തനങ്ങൾ നമ്മെ എല്ലാവരെയും സഹായിക്കട്ടെ. ജൂലൈ മാസത്തിലെ വിവിധ പ്രവർത്തനങ്ങൾ നമുക്ക് സജീവമാക്കാം, ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു.

**ഫാ. മനോജ് അമ്പലത്തിങ്കൽ**

**2023–2024 നവമാലിക പ്രവർത്തന വർഷ ഉദ്ഘാടനവും ജനറൽ കൗൺസിലും**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതാ പ്രവർത്തന വർഷ ഉദ്ഘാടനവും രൂപത കൗൺസിലും ദ്വാരക പാസ്റ്റർ സെന്ററിൽ വച്ച് 2023 ജൂൺ 10 ന് നടന്നു. മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. കെ. സി. വൈ. എം രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ മിഷൻ ലീഗിന്റെ മാർഗരേഖ- നവമാലിക- പ്രകാശനം ചെയ്തു. സംസ്ഥാന പ്രതിഭ പുരസ്കാര ജേതാവ് ആരോൺ ജിയോ ടോമിനെ വേദിയിൽ ആദരിച്ചു. കഴിഞ്ഞ പ്രവർത്തനവർഷത്തിലെ മികച്ച മേഖലകൾക്കും

ശാഖകൾക്കും ഉള്ള സമ്മാനവും Daily Bible Star Winners നുള്ള സമ്മാനവും വേദിയിൽ വച്ച് നൽകി.

**Training program**

2023–2024 പ്രവർത്തനവർഷത്തിലെ ഭാരവാഹികൾക്ക് ട്രെയിനിങ് പ്രോഗ്രാം നടത്തി. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഓർഗനൈസർ എന്നിവർക്ക് ശ്രീ. തോമസ് കല്ലറയ്ക്കൽ സാറും സെക്രട്ടറി, ജോ. സെക്രട്ടറി, എന്നിവർക്ക് ശ്രീ. ജോൺസൻ ചിറായിൽ സാറും ജോ. ഡയറക്ട്ടേഴ്സിന് മനോജ് അമ്പലത്തിങ്കൽ അച്ചനും ക്ലാസുകൾ എടുത്തു. വിവിധ ശാഖകളിൽ നിന്നും മേഖലകളിൽ നിന്നും 500 ൽപരം അംഗങ്ങൾ പങ്കെടുത്തു.

**മികച്ച മേഖലകൾ, ശാഖകൾ**

2022 – 23 പ്രവർത്തന വർഷത്തിലെ മികച്ച മേഖലകൾക്കുള്ള ഒന്നും രണ്ടും മൂന്നും അവാർഡുകൾ ചുങ്കക്കുന്ന്, ബത്തേരി, കൽപ്പറ്റ മേഖലകൾ കരസ്ഥമാക്കി. മീനങ്ങാടി, നടവയൽ, കല്ലോടി ഇടവകകൾ ശാഖകൾക്കുള്ള ഒന്നും, രണ്ടും, മൂന്നും അവാർഡുകൾക്ക് അർഹരായി. ഒലിവുമല, മൂലങ്കാവ്, തലഞ്ഞി, മരക്കടവ് , ശാന്തിഗിരി, കേളകം, നരിവാലമുണ്ട, പുഴമുടി, കയ്യൂന്നി, ബത്തേരി ശാഖകൾ മികച്ച പത്ത് ശാഖകൾക്കുള്ള അവാർഡും കരസ്ഥമാക്കി. ശാഖ, മേഖലാ ഡയറക്ടർ അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, മതാധ്യാപകർ, ഭാരവാഹികൾ, എല്ലാവർക്കും മിഷൻലീഗ് രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ നേരുന്നു.

**മണിമൂളി റീജിയണൽ കൗൺസിൽ**

മണിമൂളി – നിലമ്പൂർ റീജിയനുകളുടെ പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും ജൂൺ 18 ഞായറാഴ്ച ഉച്ച കഴിഞ്ഞ് മണിമൂളി ക്രിസ്തു രാജാ ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. മാനന്തവാടി രൂപത സിഞ്ചല്ലൂസ് ഫാ. തോമസ് മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. മാർഗരേഖ പ്രകാശനം സംസ്ഥാന ഡയറക്ടർ ബഹു. ഷിജു ഐക്കരക്കാനായിൽ അച്ചൻ നിർവഹിച്ചു. ഭാരവാഹികൾക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം രൂപതാ പ്രസിഡന്റ് ശ്രീ. ബിനീഷ് തുമ്പിയാംകുഴിയുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. രൂപതാ ജോ. ഡയറക്ടർ സി. ലിനിറ്റ് എസ്.എ.ബി.എസ്, സെക്രട്ടറി തങ്കച്ചൻ മാപ്പിളക്കുന്നേൽ, ഓർഗ്ഗനൈസർ ടോണി ചെമ്പോട്ടിക്കൽ, എക്സിക്യൂട്ടീവ് അംഗങ്ങളായ സാന്റി പാലത്തിങ്കൽ, അനീറ്റ കുരിശിങ്കൽ, ലിബിയ പുരയിടത്തിൽ, സി. ജോളി സി.എം.സി. എന്നിവർ നേതൃത്വം നൽകി.

**Summer Fest - 2023**

മെയ് 26, 27 തീയതികളിൽ ചെറുകാട്ടൂർ ശാഖയിൽ വച്ച് നടന്ന ശാഖാ ക്യാമ്പിൽ 150 ഓളം പേർ പങ്കെടുത്തു. ക്യാമ്പ് വിജയപ്രദമാക്കാൻ സഹായിച്ച വികാരി അച്ചനും കൊച്ചച്ചനും, മതാധ്യാപകർക്കും ഭാരവാഹികൾക്കും നന്ദി.

**പ്രാർത്ഥനാദിനം**

പരിശുദ്ധ മാതാവിന്റെ വിമല ഹൃദയ തിരുനാൾ ദിനത്തിൽ, മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻ ലീഗ് മണിപ്പൂരിന് വേണ്ടിയുള്ള പ്രാർത്ഥനാ ദിനം ആയി ആചരിച്ചു. മിഷൻ ലീഗ് അംഗങ്ങൾ എല്ലാവരും വിശുദ്ധ ബലിയിൽ പങ്കെടുത്തും പ്രത്യേക പ്രാർത്ഥനകൾ നടത്തിയും മണിപ്പൂരിന് സമാധാനം സ്ഥാപിക്കുന്നതിനായി പ്രാർത്ഥിച്ചു.

**Prayer Warriors (പ്രാർത്ഥനാ സൈന്യം)**

ചെറുപുഷ്പ മിഷൻ ലീഗിന്റെ പുതിയ പ്രവർത്തന വർഷത്തിൽ വിശുദ്ധ കൊച്ചുത്രേസ്യയുടെ 'മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുക' എന്ന ശൈലി പരിശീലിക്കുന്നതിനായി അനുദിനം ഇന്ത്യയിലെ ഒരു രൂപതയ്ക്ക് വേണ്ടിയും നമ്മുടെ രൂപതയിലെ ഒരു ഇടവകക്കും ആ ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും ഇടവകയുടെ വികാരിയച്ചനും അവിടെ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിനു വേണ്ടിയും പ്രാർത്ഥിക്കുന്ന കൂട്ടായ്മയാണ് പ്രാർത്ഥനാ സൈന്യം.

**റീജിയണൽ ഓർഗനൈസർ**

പയ്യമ്പള്ളി, ദ്വാരക, നടവയൽ റീജിയന്റെ ഓർഗനൈസർ ആയി നോമിനേറ്റ് ചെയ്യപ്പെട്ട പയ്യമ്പള്ളി മേഖല പ്രസിഡന്റ് സിജിൻ സാറിന് രൂപത എക്സിക്യൂട്ടീവ് കുടുംബത്തിലേക്ക് സ്വാഗതം.

**Santhome Mission Quiztainment**

മിഷനെ അറിയാൻ, മിഷനെ സ്നേഹിക്കാൻ, മിഷണറിയാകാൻ എന്ന ലക്ഷ്യത്തോടെ MST സാന്തോം മീഡിയായോട് ചേർന്ന് ഒരുക്കിയ Santhome Mission Quiztainment ൽ പങ്കെടുത്ത് വിജയം കരസ്ഥമാക്കിയ എല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും. ഇതിനു വേണ്ടി സഹകരിച്ച തൃശ്ശിലേരി, നടവയൽ, കണിയാരം, ബത്തേരി, മണിമൂളി ഇടവകകൾ, ക്രമീകരണങ്ങൾ ചെയ്ത മേഖല, ശാഖ ഭാരവാഹികൾക്ക് നന്ദി അറിയിക്കുന്നു.

**പ്രാർത്ഥനാശംസകൾ**

മെൽബൺ രൂപതയുടെ മെത്രാനായി അഭിഷികതനായ മാർ ജോൺ പനംന്തോട്ടത്തിൽ പിതാവിന് ചെറുപുഷ്പ മിഷൻലീഗ്

മാനന്തവാടി രൂപതയുടെ പ്രാർത്ഥനനിർഭരമായ ആശംസകൾ

**ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻലീഗ് രൂപത എക്സിക്യൂട്ടീവ് അംഗം ജോൺ പുല്ലാപ്പിള്ളി സാറിന്റെ ചാച്ചൻ ജോസഫ് പുല്ലാപ്പിള്ളി (82) കർത്താവിൽ നിദ്രപ്രാപിച്ചു. ചെറുപുഷ്പമിഷൻലീഗ് രൂപതാ കുടുംബം സാറിനും കുടുംബത്തിനും അനുശോചനവും പ്രാർത്ഥനയും നേർന്നു.

**പുതിയ മേഖല ഡയറക്ടർമാർ, ജോയിന്റ് ഡയറക്ടർമാർ**

വിവിധ മേഖലകളിലേക്ക് ഡയറക്ടർമാരായി നിയമിതരായ ഫാ. ബിജോ കറുകപ്പിള്ളി (ദ്വാരക), ഫാ. മാർട്ടിൻ പുതുശ്ശേരി (കല്ലോടി), ഫാ. അനൂപ് കൊല്ലംകുന്നേൽ (നീലഗിരി), ഫാ. ജയ്നേഷ് പുതുക്കാട്ടിൽ (മണിമൂളി), ഫാ. അനൂപ് കോച്ചേരി (അസി. ഡയറക്ടർ നടവയൽ) അച്ചന്മാർക്ക് അഭിനന്ദനങ്ങളും സ്വാഗതവും, പുതിയ പ്രവർത്തന രംഗത്ത് എല്ലാ ആശംസകളും നേരുന്നു. ജോയിൻ ഡയറക്ടർമാരായി നിയമിക്കപ്പെട്ട ബഹു.സി. സിൽവിയ എഫ്.സി.സി, (മാനന്തവാടി) സി.സിനി എം. എസ്. എം. ഐ (നീലഗിരി), സി. ലിസ് മരിയ (മണിമൂളി) സിസ്റ്റേഴ്സിനെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**നന്ദി**

വിവിധ മേഖലകളുടെ ഡയറക്ടർമാരായിരുന്ന ബഹു. ജോസ് കപ്യാരുമല (ദ്വാരക), ജോബി മുക്കാട്ടുകാവുങ്കൽ (കല്ലോടി), അനീഷ് ആലുങ്കൽ (നീലഗിരി), ജയിംസ് ചെമ്പക്കര (മണിമൂളി), ജോമോൻ Ocarm (പയ്യംപള്ളി) അച്ചന്മാർക്കും ജോയിൻ ഡയറക്ടർമാരായിരുന്ന സി. ബെറ്റി എസ്. എച്ച്. (ദ്വാരക), സി.ഡാനി എം എസ്. എം. ഐ (നീലഗിരി), സി. ടെസ്സി എസ്. എച്ച് (മണിമൂളി), സി. ജോസ്ന എസ്. എ. ബി. എസ് (മാനന്തവാടി) സിസ്റ്റേഴ്സിനും നന്ദി അർപ്പിക്കുന്നു.

**ശാഖാ പ്രവർത്തനവർഷ ഉദ്ഘാടനം**

ജൂൺ 11 ഞാറാഴ്ച്ച എല്ലാ ശാഖകളിലും അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ വീഡിയോ സന്ദേശത്തിലൂടെ ഉദ്ഘാടനം നിർവഹിച്ചു.

**ശാഖാ വാർത്ത**

**റിപ്പൺ:** മെയ് 1 മുതൽ 31 വരെ മാതാവിന്റെ വിമല ഹൃദയത്തിനു സമർപ്പിച്ച് ജപമാലയും ആരാധനയും നടത്തി എല്ലാ മതാദ്ധ്യാപകരും ഭവന സന്ദർശനം നടത്തി. അധ്യാനവർഷ

ത്തിന് മുന്നോടിയായി മെയ് 31-ന് കുട്ടികൾക്കുവേണ്ടി വി. ബലിയും പ്രത്യേക പ്രാർത്ഥനയും നടത്തി. എല്ലാ ഭക്ത സംഘടനകളെയും ഒരുമിച്ചു കൂട്ടി ആ ഈ വർഷം സംഘടനാ ശക്തികരണ വർഷമായി പ്രഖ്യാപിച്ചു.

**കണിയാരം**

11.06.2023 ന് ഞായറാഴ്ച്ച വി. കുർബാനയോടാനുബന്ധിച്ച് ശാഖാപ്രവർത്തന വർഷം ഉദ്ഘാടനം രൂപതാ മതബോധന ഡയറക്ടർ ബഹു. ഫാ. തോമസ് കച്ചിറയിൽ നിർവ്വഹിച്ചു. മാനന്തവാടി സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ഡയാലിസസ് സെന്ററിന് 10000 രൂപയുടെ ചെക്ക് ആശുപത്രി ഡയറക്ടർ റവ. ഫാ. മനോജ് കവളക്കാടൻ അച്ചന് കൈമാറി. ഇടവകയിലെ ഒരു നിർദ്ധനകുടുംബത്തിന് വീട് നന്നാക്കി കൊടുക്കാൻ 5000 രൂപ നൽകി.

**നരിവാലമുണ്ട**

ചെറുപുഷ്പം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മണിമൂളി പാസ്റ്റർ സെന്ററിൽ നടന്ന റീജയണൽ ക്യാമ്പിൽ 4 മിഷൻ ലീഗ് അംഗങ്ങൾ പങ്കെടുത്തു.

ഇടവകയിലെ കുട്ടികൾക്കായി കപ്പൂച്ച്യൻ വൈദികരുടെ നേതൃത്വത്തിൽ ധ്യാനം സംഘടിപ്പിച്ചു.

**കൊട്ടിയൂർ**

കൊട്ടിയൂർ ശാഖയുടെ പുതിയ രക്ഷാധികാരി ഫാ. സജി പുഞ്ചയിലിന് മിഷൻലീഗ് അംഗങ്ങൾ സ്വാഗതം ആശംസിച്ചു. പന്തക്കുസ്ത തിരുനാളിൽ കുട്ടികളെ എഴുത്തിനിരുത്തി. മിഷൻ ലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തി പഠനോപകരണങ്ങൾ നൽകി.

**കയ്യൂന്നി**

ഇടവകയിലെ എല്ലാ തൊഴിലാളികളെയും സമർപ്പിച്ച് അവർക്ക് വേണ്ടി ആരാധനയും ദിവ്യബലിയും അർപ്പിച്ചു

കുട്ടികൾ വീടുകളിൽ രൂപക്കൂട് അലങ്കരിച്ച് ജപമാല ചൊല്ലി വണക്കമാസ ആചരണത്തിന് സമാപനം കുറിച്ചു. കുട്ടികൾക്ക് സ്കൂൾ ബാഗും നോട്ടുബുക്കും വിതരണം ചെയ്തു ചികിത്സാ സഹായം കൊടുത്തു.

**പാലാങ്കര**

അംഗങ്ങളെ 12 പേരടങ്ങുന്ന 12 ഗ്രൂപ്പുകളാക്കി തിരിച്ച്, പന്ത്രണ്ടു ശിഷ്യൻമാരുടെ പേരുകളും നൽകി. ഓരോ ഗ്രൂപ്പിനും വൃക്ഷത്തൈകൾ വിതരണം ചെയ്തു. കുട്ടികളുടെ വിവിധ കലാ

പരിപാടിയും റാലിയും നടത്തി. പരീക്ഷയിൽ ഉന്നത വിജയം നേടിയ വരെയും, രൂപതാ സുവർണ്ണ ജൂബിലി സ്കോളർഷിപ്പ് നേടിയ വരെയും ആദരിച്ചു.

**ചെറുകാട്ടൂർ**

ശാഖയിലെ മുഴുവൻ കുട്ടികളും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്കായി പതിനായിരം രൂപയ്ക്ക് മേൽ വരുന്ന പഠനോപകരണങ്ങൾ കളക്റ്റ് ചെയ്ത് വിതരണം നടത്തി.

**ചുങ്കക്കുന്ന്**

ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി വർഷത്തിലെ മാനന്തവാടി രൂപതയിലെ ഏറ്റവും മികച്ച മേഖലയായി ചുങ്കക്കുന്ന് തെരഞ്ഞെടുക്കപ്പെട്ടു. 2023-25 വർഷത്തെ മേഖല ഇലക്ഷൻ നടന്നു. മേഖല പ്രസിഡന്റായി ശ്രീ. റോയി മുഞ്ഞനാട്ട് തെരഞ്ഞെ ടുക്കപ്പെട്ടു. പ്രതിമാസ മത്സരങ്ങൾ, പാനവായന മത്സര വിജയി കൾ ക്കുള്ള സമ്മാനദാനം മേഖല മാനേജിംഗ് കമ്മിറ്റിയിൽ വച്ച് നൽകി. പരിസ്ഥിതി ദിനത്തിൽ മേഖലയുടെ നേതൃത്വത്തിൽ തണൽ മരം നട്ടു.

തിരുഹൃദയ തണലിൽ സന്തോഷത്തോടെ മുന്നേറുന്ന പ്രിയരെ, 2022-2023 പ്രവർത്തന വർഷത്തോടു നാം വിട പറഞ്ഞ പ്പോൾ, കുറവുകളും, പോരായ്മകളും പരിഹരിച്ചു കൊണ്ട് വിശ്വാസ തീഷ്ണതയോടെ പ്രവർത്തിച്ച് എല്ലാവരുടെയും ആത്മീയ, ഭൗതിക വളർച്ചയെ ഒരു പടി കൂടി ഉയർത്തുവാനുമായി നാം പുതിയ പ്രവർ ത്തന വർഷത്തിലേയ്ക്ക് (2023-2024) കടന്നിരിക്കുകയാണല്ലോ. തീഷ്ണത ഒട്ടും കുറയാതെ നമുക്ക് ഒന്നു ചേർന്ന് നമ്മെ ഏല്പിച്ച സുവിശേഷ പ്രഘോഷണ പ്രവർത്തനങ്ങൾ മനോഹരമാക്കാം. എല്ലാ ശാഖ, മേഖല ഭാരവാഹികൾക്കും ആശംസകളും, അഭിനന്ദന ങ്ങളും അർപ്പിച്ചു കൊണ്ട് നാഥൻ നല്കിയ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട്,

സ്നേഹപൂർവ്വം,
**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി. എം. എൽ രൂപതാ സെക്രട്ടറി

## Department of Youth Ministry

**ലൈഫ് ട്രെയിനിങ്**

ഇരുപത്തിരണ്ട് വ്യത്യസ്ത പരീക്ഷകൾ പാസായി ലൈഫ് ട്രെയിനിങിലേക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ 21 ദിവസത്തെ താമസിച്ചുള്ള പരിശീലനം 2023 മെയ് ഏഴാം തീയതി ഞായറാഴ്ച രാവിലെ 11 മണിയോടുകൂടി ബോയ്സ് ടൗൺ ട്രെയിനിങ് സെന്ററിൽ വച്ച് ആരംഭിച്ചു. ഈ വർഷം 7, 8, 9 ക്ലാസുകളിൽ പഠിക്കുന്ന 53 വിദ്യാർഥികളാണ് പരിശീലനം പൂർത്തിയാക്കിയത്.

യൂത്ത് മിനിസ്ട്രി ടീം ഒരുക്കിയ നാലു ദിവസത്തെ ധ്യാന പരിപാടിയോടുകൂടിയാണ് ക്യാമ്പ് ആരംഭിച്ചത്. തുടർന്ന് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, പ്രസംഗം, യോഗ, മലയാളഭാഷ, ചിത്രരചനാ, പൊതുവിജ്ഞാനം, ഗണിതശാസ്ത്രം, വ്യക്തിത്വ വികസനം, കൗമാര മനഃശാസ്ത്രം – പ്രായോഗിക തലങ്ങൾ, കൗമാര ജീവിതത്തിൽ മദ്യം, മയക്കുമരുന്ന് ഇവയുടെ അമിത സ്വാധീനം, ഗോൾ സെറ്റിംഗ്, ലൈഫ് ശൈലികൾ, സാമാന്യ മര്യാദകൾ, അനുദിന ടൈംടേബിൾ, ടൈം മാനേജ്മെന്റ്, തുടങ്ങിയ വിഷയങ്ങളിൽ പരിശീലനങ്ങൾ നൽകി. ക്ലാസുകൾക്ക് നേതൃത്വം നൽകിയത് ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി തോമസ് സി.എം.സി, സി.ഡെൽഫി മരിയ സി.എം.സി, ഫാ. അജയ് തേക്കിലക്കാട്ടിൽ, ഫാ. ബിജു മാധവത്ത് O F M Cap., ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. ജിനു വടക്കേമുളഞ്ഞിനാൽ (വിമൽ ജ്യോതി കോളേജ് പ്രിൻസിപ്പൽ), ഫാ. സണ്ണി മഠത്തിൽ, ശ്രീ. ഡെന്നീസ് ദേവസ്യ പാലക്കാട്, ശ്രീ. തോമസ് കല്ലറക്കൽ, ശ്രീ. ജെയിൻ പുതിയിടംകുന്ന്, ശ്രീ. ഷാജി ചന്ദനപ്പറമ്പിൽ, ശ്രീ. ജോസ് മാങ്കൂട്ടത്തിൽ, ശ്രീ. ജിതിൻ കാലിക്കറ്റ്, ജെസ്സി ചെന്നലോട്, എന്നിവരാണ്. എല്ലാ റിസോഴ്സ് പേഴ്സൺസിനേയും ആദരവോടെ നന്ദിപൂർവ്വം ഓർക്കുന്നു. ഈ ദിനങ്ങളിൽ വിശുദ്ധ കുർബാനയ്ക്കും കുമ്പസാരത്തിനും സഹായിച്ച ബഹു. ഫാ. സണ്ണി മഠത്തിൽ, ഫാ. റെജി മൂന്നാനാൽ സി.എം.ഐ എന്നിവർക്കും എല്ലാവിധ സൗകര്യങ്ങളും ബോയ്സ് ടൗൺ ദേവാലയത്തിൽ ഒരുക്കി തന്ന വികാരി ഫാ. ജോൺ പെരുമാട്ടിക്കുന്നേൽ, ബോയ്സ്ടൗൺ ട്രെയിനിങ്

സെന്റർ  കുട്ടികൾക്കായി തയ്യാറാക്കി തന്ന WSSS ന്റെ ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിനും, ബിജു സാറിനും ഹൃദ്യമായ നന്ദി. താമസിച്ചുള്ള 21 ദിനങ്ങളിൽ  ലൈഫ് വിദ്യാർത്ഥികൾക്ക് ഭക്ഷണം പാകം ചെയ്തു തന്ന റോസിലി കമ്മന, മേഴ്സി തലപ്പുഴ, റിൻസി കണിയാരം എന്നിവർക്കും അവരുടെ കുടുംബങ്ങൾക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**രക്ഷാകർതൃ യോഗം**

2023 മെയ് 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് 21 ദിവസത്തെ താമസിച്ചുള്ള  ലൈഫ് ട്രെയിനിങ് ക്യാമ്പിൽ  പങ്കെടുത്തുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കുവേണ്ടി യോഗം സംഘടിപ്പിച്ചു. 53 കുട്ടികളുടെയും മാതാപിതാക്കളും കുടുംബാംഗങ്ങളും ഇതിൽ  പങ്കുചേർന്നു. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ  ജേക്കബ്  പൈനുങ്കൽ, കോർഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി, മീഡിയ കോർഡിനേറ്റർ സി. ഡെൽഫി മരിയ സി.എം.സി എന്നിവർ നേതൃത്വം വഹിച്ചു. ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികളുടെ പരിശീലനത്തിൽ  മാതാപിതാക്കൾക്കുള്ള പങ്ക്, ലൈഫ് ശൈലികൾ ഇവയെക്കുറിച്ചെല്ലാം വ്യക്തമായ ദർശനങ്ങൾ ലാലച്ചൻ മാതാപിതാക്കൾക്ക് നൽകി. തുടർന്ന് ഓരോ വിദ്യാർത്ഥിയുടെയും മാതാപിതാക്കളെ വ്യക്തിപരമായി കാണുകയും സംസാരിക്കുകയും, വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തു. ഈ മീറ്റിംഗിൽ  പങ്കെടുത്ത  മുഴുവൻ മാതാപിതാക്കൾക്കും ലൈഫ് കുടുംബത്തിന്റെ നന്ദി.

**ലൈഫ് വിദ്യാർത്ഥികൾ ജനറാളച്ചനോടൊപ്പം**

2023 മെയ് 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 7 മണിക്ക് ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾക്കുവേണ്ടി ബലിയർപ്പിച്ചു പ്രാർത്ഥിക്കുവാനും അവരെ നേരിൽക്കണ്ട് സംസാരിക്കുവാനും നിർദ്ദേശങ്ങൾ നൽകുവാനുമായി മാനന്തവാടി രൂപതയുടെ ബഹു. വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ  പരിശീലനസ്ഥലത്ത് എത്തിച്ചേരുകയും ലൈഫ് ട്രെയിനിംങ് വിദ്യാർത്ഥികളുമായി സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു.

**ഔദ്യോഗിക പ്രവേശനം**

ലൈഫ് ട്രെയിനിങ്ങിന്റെ 21 ദിവസത്തെ ചിട്ടയായ പരിശീലനം പൂർത്തിയാക്കിയ 53 വിദ്യാർത്ഥികളെ 2023 മെയ് മാസം 26-ാം തീയതി ബോയ്സ് ടൗൺ ഇടവക ദേവാലയത്തിൽ  വച്ച് അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് ഔദ്യോഗികമായ പ്രവേശനം

നൽകി. തുടർന്ന് പിതാവ് വിദ്യാർത്ഥികൾക്കുവേണ്ടി ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും ആരാധനയും കൈവെയ്പ്പ് ശുശ്രൂഷയും നടത്തുകയും ഓരോ വിദ്യാർത്ഥിയ്ക്കും ജപമാലയും ബൈബിളും നൽകുകയും ചെയ്തു. അഭിവന്ദ്യ അലക്സ് പിതാവ് വിദ്യാർത്ഥികളോട് വളരെ സൗഹൃദപരമായി ഇടപെടുകുകയും നല്ല സന്ദേശം നൽകുകയും ചെയ്തു. 'രൂപത എന്റെ കുടുംബം' എന്ന വലിയ അനുഭവത്തിലേക്ക് കുട്ടികളെ നയിക്കുവാൻ ഈ സന്ദർശനം സഹായികമായി.

**ഏകദിന ധ്യാനം**

2023മെയ്27-ാംതീയതിശനിയാഴ്ചരാവിലെ9.30മുതൽ3.30വരെ ലൈഫ് കുടുംബം മുഴുവനും ഒത്തു ചേർന്നുള്ള ഏകദിന ധ്യാനം സംഘടിപ്പിച്ചു. ഫാ. ബിജു മാധവത്ത് ഒ. എഫ്. എം. ക്യാപ് ധ്യാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 250 പേർ പ്രസ്തുത ധ്യാനത്തി ൽ പങ്കെടുത്തു. കുടുംബാംഗങ്ങൾ ഒരുമിച്ച് പങ്കെടുത്ത ശുശ്രൂഷകൾ ഏറെ പ്രയോജനപ്രദമായിരുന്നു. ജപമാലയോടെ ആരംഭിച്ച ശുശ്രൂഷകൾ ആരാധനയിലെ കൈവെപ്പു ശുശ്രൂഷയിലൂടെ അവസാനിച്ചു. കൂടുത ഉണർവിനും മാനസാന്തരത്തിനും ലൈഫ് കുടുംബ നവീകരണത്തിനും ഈ ഏകദിന ധ്യാനം ഉപകരിച്ചു. ബിജു മാധവത്തച്ചനും പങ്കെടുത്ത എല്ലാ കുടുംബാംഗങ്ങൾക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**ലൈഫ് 2023 ഉദ്ഘാടനം**

2023 മെയ് 27-ാം തീയതി ശനിയാഴ്ച വൈകുന്നേരം നാലു മണിക്ക് ദ്വാരക കോർപ്പറേറ്റ് ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് ലൈഫ് ട്രെയിനിങ് 2023 ബാച്ചിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നടന്നു. ലൈഫ് വിദ്യാർത്ഥികൾ നടത്തിയ പ്രാർത്ഥനാ ശുശ്രൂഷയോടെ ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. യൂത്ത് മിനിസ്ട്രി കോർഡിനേറ്റർ സി. ആൻസി തോമസ് സ്വാഗതവും, മാനന്തവാടി രൂപതയുടെ അഭിവന്ദ്യ മാർ ജോസ് പോരുന്നേടം പിതാവ് ഉദ്ഘാടനസന്ദേശവും, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ അധ്യക്ഷപ്രസംഗവും നടത്തി. ലൈഫ് ട്രെയിനിങ് 2016 ബാച്ചിലെ ഐറിൻ മേരി സജി തന്റെ ലൈഫ് അനുഭവങ്ങൾ പങ്കുവെച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് 53 വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

ലൈഫ് വിദ്യാർത്ഥികളുടെയും യൂത്ത് മിനിസ്ട്രി ടീമിന്റെയും

നേതൃത്വത്തിൽ തയ്യാറാക്കിയ 'സർക്കാർ ജോലിയിലേക്ക്' എന്ന പി. എസ്. സി പുസ്തക പരമ്പരയുടെ ആദ്യ പുസ്തകം പ്രകാശനം ചെയ്തു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ മീഡിയ കോർഡിനേറ്റർ സി. ഡെൽഫി മരിയ സി.എം.സി പുസ്തകത്തെക്കുറിച്ച് വിവരിക്കുകയും തുടർന്ന് അഭിവന്ദ്യ പിതാവ് 2018 ബാച്ചിലെ എമിൽ, ലിയ, ആഷ്‌ലി, എന്നിവർക്ക് പുസ്തകം നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

53 വിദ്യാർത്ഥികളും തങ്ങളുടെ ക്യാമ്പ് അനുഭവങ്ങൾ മാതാപിതാക്കളുടെ മുമ്പിൽ വച്ച് പങ്കുവെച്ചു. ഐറിൻ മേരി സജി യോഗത്തിന് നന്ദിയർപ്പിച്ച ശേഷം ബഹു. ലാലച്ചൻ നൽകിയ ആശീർവാദത്തോടെ സമ്മേളനം അവസാനിച്ചു.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**സ്നേഹമുള്ളവരെ,**

സഭയുടെ മുഖമായി സമൂഹത്തിന്റെ ശബ്ദമായി ശക്തമായ പ്രവർത്തനങ്ങളിലൂടെ മാനന്തവാടി രൂപതയിലെ കെ.സി.വൈ.എം യുവജനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഊർജ്ജ 2023 കായികമേളയിലൂടെ യുവജനങ്ങൾ ഒന്നുകൂടി പ്രവർത്തന നിരതരായി ഉണർന്നിരിക്കുകയാണല്ലോ! മെയ് 21 മുതൽ ജൂൺ 11 വരെ നടത്തപ്പെട്ട YOUTH LINK എന്ന നേതൃത്വ സംഗമത്തിലൂടെ യുവജനങ്ങൾ തങ്ങളുടെ പ്രതീക്ഷകളും ആകുലതയും, വെല്ലുവിളികളും പങ്കുവെച്ചതും കൂടുതൽ ശക്തമായി യൂണിറ്റിലും മേഖലയിലും പ്രവർത്തിക്കുവാനുള്ള തീക്ഷണതയും ആഗ്രഹവും പ്രകടിപ്പിച്ചതും വരും മാസങ്ങളിലെ പ്രവർത്തനങ്ങൾക്ക് മാറ്റു കൂട്ടുമെന്ന് കരുതുന്നു. YOUTH LINK ഏറ്റെടുത്ത് വൻവിജയമാക്കി തീർത്ത എല്ലാ ഡയറക്ടർ അച്ചന്മാർക്കും, ആനിമേറ്റേഴ്സിനും എല്ലാ ഭാരവാഹികൾക്കും നന്ദി പറയുന്നു. ക്രിസ്തു എന്ന ലക്ഷ്യത്തെ മുൻനിർത്തി ആത്മീയ വിശ്വാസ ജീവിതത്തിൽ അടിയുറച്ചുനിന്ന് വിവിധ കർമ്മരംഗങ്ങളിലേക്ക് യുവജനത ഇറങ്ങുമ്പോൾ അത് സഭയ്ക്കും സമൂഹത്തിനും വലിയ പ്രതീക്ഷ നൽകുന്നു. നേതൃത്വം നൽകുന്നവരും കൂടെ ചേർന്ന് പ്രവർത്തിക്കുന്നവരും ഒരുമയോടെ ഐക്യത്തോടെ ക്രിസ്തുവിനൊപ്പം സഹയാത്ര ചെയ്യുമ്പോൾ അത് ഏറ്റവും വലിയ സാക്ഷ്യവുമായി മാറുന്നു. കാലഘട്ടത്തിന്റെ വെല്ലുവിളി ഉയർത്തുന്ന ലഹരിക്കെതിരെ പ്രവർത്തനങ്ങളെ ശക്തമാക്കുക എന്ന ഉദ്ദേശത്തോടെ ജൂലൈ മാസം മാറ്റിവയ്ക്കുന്നു. നമുക്കൊരുമിച്ച് ഈ ലഹരിക്കെതിരെ പോരാടാം, വരും നാളുകളിൽ ക്രമീകരിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ ഭാരവാഹികൾ വഴി നിങ്ങളെ അറിയിക്കുന്നതാണ്. നിർജ്ജീവമായ യുവത്വമല്ല തീക്ഷ്ണതയാൽ ജ്വലിക്കുന്ന യുവത്വമാണ് ഇന്നിന്റെ ആവശ്യം. യുവജന ദിനത്തിന്റെ പ്രാധാന്യമുൾക്കൊണ്ടുകൊണ്ട് യൂണിറ്റുകളിൽ സമുചിതമായി യുവജന ദിനമാഘോഷിക്കുവാൻ ശ്രദ്ധിക്കുമല്ലോ, യുവാവായ ക്രിസ്തുവിനൊപ്പം സഹയാത്രികരായി നമുക്കും ഐക്യത്തിന്റെ പ്രേഷിതരാകാം. യൂണിറ്റുകളിലൂടെ യുവജനങ്ങൾ ശക്തരാ

കട്ടെ. ആത്മീയ, സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങളിൽ സാന്നിധ്യമാകുവാൻ ഓരോദിവസവും നമുക്കു പരിശ്രമിക്കാം, ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

**ഫാ. സാന്റോ അമ്പലത്തറ.**

## YOUTH LINK 2023

മെയ് 21 മുതൽ ജൂൺ 10 വരെ മാനന്തവാടി രൂപതയുടെ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തെ, പ്രവർത്തനങ്ങളെ ഒറ്റക്കെട്ടായി ചേർത്തുനിർത്തുന്നതിനായി യൂണിറ്റ് പ്രസിഡന്റുമാരുടെയും മേഖല ഭാരവാഹികളുടെയും സംഗമം യൂത്ത് ലിംഗ് 2023 നടത്തപ്പെട്ടു. അംഗത്വ ക്യാമ്പയിൻ വിപുലീകരണം, സംഘടന ചർച്ചകൾ, തുറന്ന സംവാദങ്ങൾ എന്നിവ മുൻനിർത്തികൊണ്ട് നടത്തപ്പെട്ട സംഗമം 5 ഘട്ടങ്ങളായയാണ് പൂർത്തീകരിക്കപ്പെട്ടത്. യൂത്ത് ലിങ്ക് 2023 മണിമൂളി മേഖല പാസ്റ്ററൽ സെന്ററിൽ വെച്ച് കെ.സി.വൈ.എം സംസ്ഥാന വൈസ് പ്രസിഡന്റ് കുമാരി ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിലിന്റെയും രൂപതാ സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റംഗങ്ങളുടെയും നേതൃത്വത്തിൽ നടത്തപ്പെട്ട സംഗമം 13 മേഖലാ നേതൃത്വങ്ങളെയും 160 ഓളം വരുന്ന യൂണിറ്റ് പ്രസിഡന്റുമാരെയും ഏകോപിപ്പിച്ചുകൊണ്ട് ഒന്നാം ഘട്ടം മണിമൂളി പാസ്റ്ററൽ സെന്ററിലും, രണ്ടാംഘട്ടം കാവുംമന്ദം ലൂർദ്ദ് മാതാ ദേവാലയത്തിലും, മൂന്നാം ഘട്ടം ബത്തേരി അസംപ്ഷൻ ദേവാലയത്തിലും, നാലും അഞ്ചും ഘട്ടങ്ങൾ മാനന്തവാടി ടൗൺ ചർച്ചിലും വിജയകരമായി പൂർത്തീകരിച്ചു. അഞ്ചുഘട്ടങ്ങളിലായി മുന്നൂറിലധികം യുവ നേതൃത്വങ്ങളാണ് YOUTH LINK നെ കൂടുതൽ മികവാർന്നതാക്കി മാറ്റിയത്.

**ആത്മാഭിഷേക വാരം**

പന്തക്കുസ്ത ഒരുക്കത്തിന്റെ ഭാഗമായി, മെയ് 21 മുതൽ 28 വരെ എല്ലാ മേഖലകളിലും യൂണിറ്റുകളിലും പ്രത്യേക പ്രാർത്ഥനകളാലും വിശുദ്ധ കർമ്മങ്ങളാലും അഭിഷേക വാരത്തിന്റെ, കൃപാഭിഷേകത്താൽ പൂരിതരായി പരിശുദ്ധാരൂപിയുടെ അനുഗ്രഹത്തിനായ് യാചിച്ചുകൊണ്ട് ആത്മാഭിഷേകവാരമായി ആചരിച്ചു. വിവിധ മേഖലകളിൽ നിന്നും ലിജി തകരപ്പിള്ളിൽ, മെൽബിൻ കല്ലടയിൽ, ജസ്റ്റിൻ തെക്കേമുറിയിൽ, ജാനിസ് സൂസൻ ആന്റണി ചീരംവേലിൽ, അജിത് പോൾ, അനിൽ സണ്ണി അമ്പലത്തിങ്കൽ, ടീന മലയിടത്തിൽ എന്നിവർ വീഡിയോ സന്ദേശത്തിലൂടെ പങ്കാളികളായി.

**ആത്മജ്വാല**

2023 മെയ് 28ന് ഞായറാഴ്ച വൈകുന്നേരം 6-30 മുതൽ തരിയോട് മേഖലയുടെ ആതിഥേയത്വത്തിൽ, തരിയോട് സെന്റ് മേരിസ് ഫൊറോന ദേവാലയത്തിൽ വെച്ച് പന്തക്കുസ്ത ജാഗരണ പ്രാർത്ഥന നടത്തപ്പെട്ടു. ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ കപ്പൂച്ചിൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി, നൂറോളം യുവജനങ്ങൾ പങ്കുചേർന്നു.

**Coffy 2 .0**

Coffy 2 .0 യുടെ രണ്ടാം സെഷൻ മെയ് 29 ന് നടത്തപ്പെട്ടു. കെ.സി.വൈ.എം എന്ത്? എന്തിന്? സംഘാടക നേതൃത്വം, വ്യക്തിത്വ വികസനം എന്ന വിഷയത്തിൽ കെ.സി.വൈ.എം മുൻ സംസ്ഥാന വൈസ് പ്രസിഡന്റും CWC മെമ്പറുമായ ശ്രീ. ബിബിൻ ചെമ്പക്കര ക്ലാസ് നയിച്ചു. Coffy 2.0 രണ്ടാം സെഷനിൽ മുപ്പത്തഞ്ചോളം അംഗങ്ങൾ പങ്കെടുത്തു.

**തണലാകാൻ തണലേകാൻ  പരിസ്ഥിതി ദിനാചരണം**

വഴിയോരങ്ങളിൽ വൃക്ഷത്തൈ നടൽ മാനന്തവാടി രൂപതയുടെ വിവിധ മേഖലകളിൽ നടത്തപ്പെട്ടു. രൂപതാതല ഉദ്ഘാടനം സുൽത്താൻ ബത്തേരി നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീ. ടോം ജോസ് നിർവഹിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ ചടങ്ങിന് അധ്യക്ഷത വഹിച്ച് സംസാരിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ പരിസ്ഥിതിദിന സന്ദേശം നൽകുകയും ചെയ്തു. വിവിധ മേഖലകളിലായി അറുന്നൂറോളം വൃക്ഷ തൈകൾ നടുകയും ചെയ്തു.

**മൈക്രോ പ്ലാസ്റ്റിക്  ബോധവൽക്കരണ പരിപാടി**

പൊല്യൂഷനൊരു സൊല്യൂഷൻ വേണ്ടേ? Beat Plastic Pollution എന്ന ഈ വർഷത്തെ ലോക പരിസ്ഥിതിദിന സന്ദേശത്തെ മുൻനിർത്തി, ജൂൺ 5 പരിസ്ഥിതി ദിനത്തിൽ, കെ.സി.വൈ.എം മാനന്തവാടി രൂപത, റേഡിയോ മാറ്റൊലിയുടെ സഹകരണത്തോടെ രണ്ട് ഘട്ടങ്ങളിലായി ചോദ്യോത്തരവേള സംഘടിപ്പിച്ചു. മാറ്റൊലിയിലൂടെ സംപ്രേഷണം ചെയ്യുകയും ചെയ്തു.

**പുകയിലവിരുദ്ധ ദിനാചരണം**

ലഹരിയുടെ മായവലയത്തിൽ എരിഞ്ഞടങ്ങാതെ, നന്മയുള്ള ഒരു സമൂഹത്തിനായി ജീവിക്കാൻ യുവജനങ്ങൾ തയാറാവണം എന്ന സന്ദേശവുമായി പുകയിലവിരുദ്ധ ദിനാചരണം നടത്തി.

**കെ.സി.വൈ.എം മാനന്തവാടി രൂപത പ്രതിഷേധ സദസ്സ് സംഘടിപ്പിച്ചു.**

സമീപകാലങ്ങളിൽ ക്രൈസ്തവ സ്ഥാപനങ്ങൾക്കെതിരെ നടമാടുന്ന ആക്രമണങ്ങൾക്കും സംഘടിതമായ പ്രവർത്തനങ്ങൾക്കുമെതിരെ പ്രതിഷേധിച്ചുകൊണ്ട്, കെ.സി.വൈ.എം മാനന്തവാടി രൂപത, മാനന്തവാടി ഗാന്ധി പാർക്കിൽ സംഘടിപ്പിച്ച പ്രതിഷേധ സദസ്സിൽ നിരവധി യുവജനങ്ങൾ പങ്കാളികളായി.

പാഠപുസ്തക പരിഷ്കരണത്തിലെ നിഗൂഢ നീക്കങ്ങൾ ആശങ്കാജനകം- ഗാന്ധിവധം വിവരിക്കാത്ത, ജനാധിപത്യം തമസ്കരിച്ച, പിരിയോഡിക് ടേബിൾ ഇല്ലാത്ത, പരിണാമ സിദ്ധാന്തത്തിന് സ്ഥാനമില്ലാത്ത പാഠപുസ്തകങ്ങൾ ഇറക്കിയതിൽ കെ.സി.വൈ.എം മാനന്തവാടി രൂപത പ്രതിഷേധിച്ചു.

വയനാടൻ ജനവാസ മേഖലയിൽ കടുവാ ആക്രമണങ്ങൾ തുടർക്കഥയാവുന്നതിനെ തുടർന്ന് ദുരിതക്കയത്തിലാണ്ടിരിക്കുന്ന വയനാടൻ ജനതയെ, ഈ വിപത്തിൽ നിന്നും രക്ഷിക്കുവാൻ ആവശ്യമായ സത്വര നടപടികൾ സർക്കാർ ഉദ്യോഗസ്ഥ തലങ്ങളിൽ ഉണ്ടാവണമെന്നും ആവശ്യമെങ്കിൽ, വന്യജീവി ആക്രമണങ്ങൾ പൂർണമായും തടയാൻ നിയമഭേദഗതികൾ വരുത്തുകയോ, നിയമ നിർമാണം നടത്തുകയോ ചെയ്യാൻ സർക്കാർ തയ്യാറാവണമെന്നും കെ.സി. വൈ .എം മാനന്തവാടി രൂപത പത്രപ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു.

**സ്വാഗതം**

മാനന്തവാടി രൂപതയുടെ വിവിധ മേഖലകളിലേക്കു സേവനം അനുഷ്ഠിക്കാൻ നിയുക്തരാക്കപ്പെട്ട, ഫാ.സന്തോഷ് ഒറവാറംതറ ചുങ്കക്കുന്ന്, ഫാ. നിതിൻ പാലക്കാട്ട് - മാനന്തവാടി, ഫാ. ബിജു തുരുത്തേൽ നീലഗിരി, ഫാ. ഡെന്നീസ് പൂവത്തിങ്കൽ-കൽപറ്റ, ഫാ. മാത്യു കറുത്തേടത്ത് - മുള്ളൻ കൊല്ലി, ഫാ. ജോസഫ് ഉറുമ്പിൽ - മണിമൂളി, ഫാ. സനോജ് ചിറ്ററക്കൽ - ബത്തേരി, ഫാ. അഖിൽ ജോൺ ആട്ടൂക്കാരൻ - ദ്വാരക, ഫാ.കിരൺ തൊണ്ടിപ്പറമ്പിൽ - നടവയൽ എന്നീ ഡയറക്ടർ അച്ചൻമാർക്ക് കെ.സി.വൈ.എം മാനന്തവാടി രൂപത കുടുംബത്തിലേയ്ക്ക് സ്വാഗതം.

**ആശംസകൾ**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ രക്ഷാധികാരി മാർ ജോസ് പൊരുന്നേടം പിതാവിന് മെത്രാഭിഷേക ദിനാശംസകൾ നേരുന്നു. കെ.സി.വൈ.എം മാനന്തവാടി രൂപത സിൻഡിക്കേറ്റ് അംഗം നീതു നിലത്തുമുക്കിൽ മാതൃദിനത്തിൽ എല്ലാ അമ്മമാർക്കും

ആശംസകൾ അർപ്പിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ കാര്യദർശി ടിജിൻ ജോസഫ് വെള്ളപ്ലാക്കിലിനും, കെ.സി.വൈ.എം മാനന്തവാടി രൂപത സിൻഡിക്കേറ്റ് മെമ്പർ ബിനീഷ് മഠത്തിലിനും ജന്മദിനാശംസകൾ നേരുന്നു.

**അഭിനന്ദനങ്ങൾ**

എറണാകുളം മരട് സെന്റ് ജാന്ന പള്ളിയുടെ നേതൃത്വത്തിൽ ബഹു. ഫാ. ചെറിയാൻ നേരേവീട്ടിലിന്റെ ഓർമ്മക്കായ് ഏർപ്പെടുത്തുന്ന 2022 വർഷത്തെ കേരളത്തിലെ മികച്ച യുവജന സംഘടനകൾക്കുള്ള അവാർഡിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ അഭിമാനമായ കെ.സി.വൈ.എം അമ്പായത്തോട് യൂണിറ്റിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. കേരള എയ്ഡഡ് സ്കൂൾ മാനേജേഴ്സ് അസോസിയേഷന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മാനന്തവാടി രൂപതയുടെ കോർപ്പറേറ്റ് മാനേജർ ഫാദർ സിജോ ഇളംകുന്നംപുഴക്ക് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ. ഹയർ സെക്കന്ററി പരീക്ഷയിൽ വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.

**ആദരാഞ്ജലികൾ**

തിരുവനന്തപുരം ബാലരാമപുരത്ത് മതപഠനശാലയിൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട പതിനേഴുകാരിക്കും, ഒഡീഷയിൽ ട്രെയിൻ അപകടത്തിൽ മരണപ്പെട്ട പ്രിയപ്പെട്ടവർക്കും, കാഞ്ഞിരപ്പിള്ളി അമൽ ജ്യോതി കോളേജ് വിദ്യാർത്ഥിനിയായ ശ്രേയക്കും സമൂഹ മാധ്യമങ്ങളിലൂടെ ആദരാഞ്ജലികൾ അർപ്പിച്ചു.

**ഡൽഹിയിലെ സമര പോരാളികൾക്ക് ഐകദാർഢ്യം**

ലോകത്തെ എല്ലാ രാജ്യങ്ങൾക്കും മുന്നിൽ അഭിമാനത്തോടെ തലയുയർത്തി പിടിക്കാൻ കാരണക്കാർ ആയ ഗുസ്തിതാരങ്ങൾക്ക്, നീതി ലഭിക്കാത്തതിൽ പ്രതിക്ഷേധിച്ചുകൊണ്ട് കെ.സി. വൈ. എം. മാനന്തവാടി രൂപത സമൂഹ മാധ്യമങ്ങളിലൂടെ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**മേഖലാ വാർത്തകൾ**

**ദ്വാരക**

പന്തക്കുസ്താ ദിനത്തിന് ഒരുക്കമായി കെ.സി.വൈ.എം ദ്വാരക മേഖലയുടെ നേതൃത്വത്തിലും, തോണിച്ചാൽ യൂണിറ്റിന്റെ ആതിഥേയത്വത്തിലും നൈറ്റ്‌വിജിൽ നടത്തുകയും വിവിധ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്ത് വിജയകരമായി പൂർത്തീ

കരിക്കുകയും ചെയ്തു. പുതിയ അധ്യായന വർഷം ആരംഭിക്കുന്നതോടനുബന്ധിച്ച് വിവിധ യൂണിറ്റുകളിൽ നിന്ന് പഠന ഉപകരണങ്ങൾ ശേഖരിച്ച് മേഖലയിലെ വിവിധ കുട്ടികൾക്കായി നൽകി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിവിധ യൂണിറ്റുകളിൽ മേഖലയുടെ നേതൃത്വത്തിൽ വൃക്ഷതൈ നട്ടു.

**കെ. സി. വൈ. എം മുള്ളൻകൊല്ലി മേഖല**

തൊഴിലാളികളുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ മനുഷ്യന്റെ അന്തസ്സ് ഉയർത്തുന്ന എല്ലാത്തരം തൊഴിലിനെയും വിലമതിക്കുകയും, എല്ലാ തൊഴിലാളികൾക്കും ആശംസകൾ നേരുകയും ചെയ്തു. തിളക്കമാർന്ന 50 വർഷങ്ങൾ പൂർത്തിയാക്കി മുന്നേറുന്ന മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി സമാപന ചടങ്ങിൽ മേഖലാ ഭാരവാഹികളും, യൂണിറ്റ് ഭാരവാഹികളും പങ്കെടുത്തു. കെ.സി.വൈ.എം മുള്ളൻകൊല്ലി മേഖലയെ പ്രതിനിധീകരിച്ച് 39 മത്സരാർത്ഥികൾ ഊർജ്ജ 2023 സ്പോർട്സ് മീറ്റിൽ പങ്കെടുത്തു. ആവേശത്തിന്റെയും മത്സര വീര്യത്തിന്റെയും കായിക മേളയിൽ ആവേശോജ്ജ്വലമായ മത്സരക്കളത്തിൽ 11 മേഖലകളെ പിൻതള്ളി മുള്ളൻകൊല്ലി മേഖല ഓവറോൾ റണ്ണറപ്പ് കിരീടം കരസ്ഥമാക്കി. മൂന്നുവർഷക്കാലത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം മുള്ളൻകൊല്ലി മേഖലയിൽ നിന്നും മാനന്തവാടി രൂപതയുടെ നിയുക്ത ഡയറക്ടറായി സ്ഥലം മാറിപ്പോകുന്ന സാന്റോ അച്ചന് യാത്രയയപ്പ് നൽകുകയും പുതിയ ഉത്തരവാദിത്വത്തിൽ എല്ലാവിധ ആശംസകളും പ്രാർത്ഥനയും നേരുകയും ചെയ്തു. മരക്കടവ് യൂണിറ്റിൽ വെച്ച് നടന്ന പ്രസ്തുത ചടങ്ങിൽ മേഖല ഭാരവാഹികൾ പങ്കാളികളായി. ഉന്നത വിദ്യാഭ്യാസരംഗത്തെ സാധ്യതകളും, വെല്ലുവിളികളും യുവജനങ്ങളെ ബോധ്യപ്പെടുത്തി ചിന്തിക്കുവാനും, പറയുവാനും, അറിയുവാനുമായി സംസ്ഥാന സമിതി അണിയിച്ചൊരുക്കിയ ഓൺലൈൻ പ്രോഗ്രാമിൽ മേഖലയിൽ നിന്നും യുവജനങ്ങൾ പങ്കാളികളായി. കെ.സി. വൈ.എം മുള്ളൻകൊല്ലി മേഖല മീഡിയ കോഡിനേറ്റർ അലക്സ് മാണ്ടനത്തിനും വധു ടിന്റുവിനും വിവാഹ മംഗളാശംസകൾ നേരുന്നു.

**നടവയൽ മേഖല റിപ്പോർട്ട്**

കെ സി വൈ എം നടവയൽ മേഖലയുടെ നേതൃത്വത്തിൽ മെയ് രണ്ടാം തീയതി വേളാങ്കണ്ണി തീർത്ഥാടയാത്ര സംഘടിപ്പിച്ചു. കെ. സി.വൈ. എം മാനന്തവാടി രൂപതയുടെ ഊർജ്ജ 2023 നോട് അനുബന്ധിച്ച് കെ.സി.വൈ.എം. നടവയൽ മേഖല മെയ് അഞ്ചാം തീയതി പനമരം

പഞ്ചായത്ത് സ്റ്റേഡിയത്തിൽ വച്ച് വോളിബോൾ, ബാഡ്മിന്റൺ ടൂർണമെന്റ് സംഘടിപ്പിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ ഊർജ്ജ 2023 ഗെയിംസിനോട് അനുബന്ധിച്ച് കെ.സി. വൈ.എം നടവയൽ മേഖലയിൽ നിന്നും വിവിധ മത്സരങ്ങളിലേക്ക് യുവജനങ്ങൾ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. നടവയൽ മേഖലയിലെ യൂണിറ്റുകളിൽ നിന്ന് മറ്റ് യൂണിറ്റുകളിലേക്ക് സ്ഥലം മാറിപ്പോകുന്ന അച്ചന്മാർക്ക് യാത്രാമംഗളങ്ങൾ നേർന്നുകൊണ്ടുള്ള പോസ്റ്റർ നിർമ്മിച്ചു. കെ.സി.വൈ.എം നടവയൽ മേഖലയിലെ കത്തോലിക്ക യുവജന പ്രസ്ഥാനത്തിന് താങ്ങും തണലുമായി നറുപുഞ്ചിരിയോടെ യുവജനങ്ങളുടെ കൂടെ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ എന്നും ഒപ്പം നിന്ന് തന്റെ ജീവിതത്തിലൂടെ പങ്കുവെക്കലിന്റെ മാതൃക കാണിച്ചു തന്ന ഞങ്ങളുടെ മേഖല ആനിമേറ്റർ സിസ്റ്റർ ഷാന്റിക്ക് സ്നേഹത്തിന്റെ ഭാഷയിൽ നന്ദിയും സ്നേഹവും പ്രാർത്ഥനയും നേരുന്നു. പെന്തക്കുസ്ത ദിനത്തിൽ ആത്മീയ ചൈതന്യം പകർന്നുകൊണ്ട് കെ. സി. വൈ. എം മാനന്തവാടി രൂപത നേതൃത്വം നൽകിയ ആത്മജ്വാല 2023 ജാഗരണ പ്രാർത്ഥനയിൽ കെ.സി. വൈ.എം നടവയൽ മേഖലയിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു.

**മാനന്തവാടി**

4 വർഷത്തെ സേവനത്തിനുശേഷം ട്രാൻസ്ഫർ ആയിപോകുന്ന ആനിമേറ്റർ സി. ദിവ്യ ജോസഫ് OSA യ്ക്ക് യാത്രയയപ്പ് നൽകികൊണ്ട് സമ്മേളനം നടത്തി. പരിസ്ഥിതിദിനത്തോടനുബന്ധിച്ച് യൂണിറ്റുകളിൽ വൃക്ഷത്തൈ വിതരണം നടത്തി.

**കൽപ്പറ്റ**

കാവുമന്ദം ലൂർദ്ദ് മാതാ ടൗൺ ചർച്ചിൽ വച്ച് നടന്ന KCYM മാനന്തവാടി രൂപതയുടെ യൂണിറ്റ് - മേഖലാ-രൂപതാ നേതൃത്വങ്ങൾ ഒരുമിച്ചു ചേരുന്ന രണ്ടാംഘട്ട Youth Link പ്രോഗ്രാമിൽ കൽപ്പറ്റ മേഖലാസമിതിയും യൂണിറ്റ് പ്രസിഡന്റുമാരും പങ്കെടുത്തു. KCYM കൽപ്പറ്റ മേഖലയുടെ നേതൃത്വത്തിൽ കൽപ്പറ്റ ഫാത്തിമ ഹോസ്പിറ്റലിലേക്ക് അടിയന്തിരമായി ആവശ്യമുള്ള രക്തം സംഘടിപ്പിച്ചു നൽകി. KCYM കൽപ്പറ്റ മേഖലയിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള 10 യുവജനങ്ങളടങ്ങുന്ന task force രൂപീകരിച്ചു. ജൂൺ 5 പരിസ്ഥിതിദിനവുമായി ബന്ധപ്പെട്ട് രൂപതയിൽ നിന്നും ലഭിച്ച വൃക്ഷതൈകൾ വിവിധ യൂണിറ്റുകളിലേക്ക് വിതരണം ചെയ്തു. കൽപ്പറ്റ മേഖലാ

ഡയറക്ടർ സ്ഥാനത്തുനിന്നും വിരമിക്കുന്ന ഫാ. റെജി മുതുകത്താനിക്ക് യാത്രയയപ്പ് നൽകി.

**യൂണിറ്റ് വാർത്തകൾ**

**നരിവാലമുണ്ട**

മാതൃദിനത്തിൽ എല്ലാ അമ്മമാരുടെയും പ്രതിനിധികളായ മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങളെ സ്നേഹോപഹാരം നൽകി ആദരിച്ചു. കുടുംബദിനം, കുടുംബങ്ങളിലെ അംഗസംഖ്യ വളരെ പരിമിതപ്പെടുന്ന ഈ കാലഘട്ടത്തിൽ, ദൈവദാനമായ 4 മക്കളെ ഉൾക്കൊണ്ട് മാതൃകാ കുടുംബമായ തെക്കേൽ ജോസഫ് - ലിസ്സി ദമ്പതികളുടെ കുടുംബത്തെ ആദരിച്ചു. ഫണ്ട് ശേഖരണത്തിന്റെ ഭാഗമായി ഇടവകദേവാലയത്തിന്റെ ഓഡിറ്റോറിയം വൃത്തിയാക്കി. SSLC, +2 പരീക്ഷകളിൽ മുഴുവൻ A+ കിട്ടിയ വിദ്യാർത്ഥികളെ ആദരിച്ചു. മാനന്തവാടി രൂപത സ്കോളർഷിപ്പ് പരീക്ഷയിൽ പന്ത്രണ്ടാം ക്ലാസിൽ നിന്നും 3-ാം റാങ്ക് നേടിയ അനുഷ്മ കണിയോടിക്കലിനെയും, Diploma പരീക്ഷയിൽ ഇടവകയിൽ ഒന്നാം സ്ഥാനം നേടിയ അക്ഷിത മേക്കാട്ടിനെയും ആദരിച്ചു. പരിസ്ഥിതി ദിനംലോകപരിസ്ഥിതി ദിനത്തിന്റെ ഭാഗമായി KCYM നരിവാലമുണ്ട ഭാരവാഹികൾ പള്ളിപരിസരം വൃത്തിയാക്കി. പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി KCYM ഭാരവാഹികളെല്ലാവരും സ്വന്തം ഭവനങ്ങളിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചു.

**പുതുശ്ശേരിക്കടവ് യൂണിറ്റ്**

KCYM മാനന്തവാടി രൂപത സംഘടിപ്പിച്ച യൂണിറ്റ് പ്രസിഡന്റ് മാരുടെയും മേഖല ഭാരവാഹികളുടെയും സംഗമത്തിൽ യൂണിറ്റ് പ്രസിഡന്റ് പങ്കെടുത്തു. ഇടവകയിൽ നിന്നും വൈദീക പഠനത്തിനായി പോയ രണ്ട് ബ്രദേഴ്സിന് പഠനാവശ്യങ്ങൾക്കായി ധനസഹായം നൽകി. KCYM മാനന്തവാടി രൂപത നടത്തിയ ആത്മജ്വാല, ജാഗരണ പ്രാർത്ഥനയിൽ ഇടവകയിൽ നിന്നും 12 അംഗങ്ങൾ പങ്കെടുത്തു. പരിസ്ഥിതിദിനത്തോടനുബന്ധിച്ച് ഇടവകയിലെ യുവജനങ്ങൾ പ്ലാവിൻ തൈകൾവിതരണം ചെയ്തു.

**അഭിനന്ദ് ജോർജ്ജ് കൊച്ചുമലയിൽ**
ജനറൽ സെക്രട്ടറി

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

**കെ സി ബി സി മദ്യ വിരുദ്ധ സമിതിക്ക് ഫുൾടൈം ഡയറക്ടർ**

കെ. സി. ബി. സി മദ്യ വിരുദ്ധ സമിതിക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് മുഴുവൻ സമയ ഡയറക്ടറായി ബഹു. സണ്ണി മഠത്തിലച്ചനെ നിയമിച്ചു. മദ്യവിരുദ്ധ ലഹരി വിരുദ്ധ പ്രവർത്ത നങ്ങൾ രൂപതയിൽ സജീവമാക്കുന്നതിന് വേണ്ടിയാണ് മുഴുവൻ സമയ ഡയറക്ടറെ നിയമിച്ചത്. മുൻകാലങ്ങളിൽ അഡീഷണൽ ചാർജ് ആയി ആയിരുന്നു ഡയറക്ടർ നിയമനം. ഞായറാഴ്ചകളിൽ ഇടവകകൾ സന്ദർശിക്കാനും, ക്ലാസുകൾ നയിക്കാനും, കൂടുതൽ പേരെ ലഹരി മുക്തരാക്കാനും ഇതുകൊണ്ട് സാധിക്കും. ബഹു. സണ്ണി അച്ചന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. സമിതിക്ക് മുഴുവൻ സമയ ഡയറക്ടറച്ചനെ നിയമിച്ചതിന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനോടുള്ള ഹൃദയം നിറഞ്ഞ നന്ദി ഈ അവ സരത്തിൽ രേഖപ്പെടുത്തുന്നു.

**ലഹരി വിരുദ്ധവാരം**

ജൂൺ 25 മുതൽ ജൂലൈ 1 വരെ കെ. സി. ബി. സി മദ്യ വിരുദ്ധ സമിതി മാനന്തവാടി രൂപതയും, മാനന്തവാടി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും, സംയുക്തമായി കോർപ്പറേറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ വാരാചരണം സംഘടിപ്പിക്കുന്നു. കഴിഞ്ഞവർഷം കോർപ്പറേറ്റ് മാനേജർ ബഹു. സിജോ ഇളംകുന്നപുഴ യുടെ നേതൃത്വത്തിൽ വളരെ മികച്ച പ്രവർത്തനങ്ങളാണ് വിദ്യാല യങ്ങൾ കാഴ്ചവച്ചത്. വിദ്യാർത്ഥികളിലും സമൂഹത്തിലും പലത രത്തിലുള്ള മാറ്റങ്ങൾക്ക് ലഹരി വിരുദ്ധ വാരാചരണം സഹായിച്ചു. എൽ. പി, യു. പി, ഹൈസ്കൂൾ വിഭാഗങ്ങൾക്ക് തരംതിരിച്ചാണ് മത്സര ങ്ങൾ. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാലയങ്ങൾക്ക് ഒന്നാം സമ്മാനമായി 3001 രൂപയും രണ്ടാം സമ്മാനമായി 2001 രൂപയും മൂന്നാം സമ്മാനമായി 1001 രൂപയും പ്രശസ്തി ഫലകവും സമ്മാ നിക്കും. ജൂലൈ 10-ന് മുമ്പ് റിപ്പോർട്ടുകൾ സമർപ്പിക്കണം.

**ലഹരി വിരുദ്ധ ദൂത്**

മാനന്തവാടി രൂപതയിലെ ഇടവകകളെ കേന്ദ്രീകരിച്ചുകൊണ്ട് ലഹരിവിരുദ്ധ പ്രവർത്തനങ്ങളുമായി ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ദൂത് ആരംഭിച്ചു .

**ബോയ്സ് ടൗൺ**

28-5-2023 ഞായറാഴ്ച ബോയ്സ് ടൗൺ ഇടവകയിൽ ലഹരി വിരുദ്ധ ദൂത് സംഘടിപ്പിച്ചു. രൂപതാ ഡയറക്ടർ ഫാ.സണ്ണി മഠത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് മുതിർന്നവർക്ക് ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ നടത്തി, യുണിറ്റ് സ്ഥാപിച്ചു. കുട്ടികൾക്കും ലഹരി വിരുദ്ധ സെമിനാർ നടത്തുകയും ജ്വാല ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്തു. ബഹു. വികാരി റവ. ഫാ. ജോണി പെരുമാട്ടിക്കുന്നേൽ ലഹരി വിരുദ്ധ ദൂതിന് എല്ലാവിധ സൗകര്യങ്ങളും ഒരുക്കി.

**വാളാട്**

ഇടവകയിൽ ലഹരി വിരുദ്ധ ദൂത് സംഘടിപ്പിച്ചു. ഇടവക വികാരി റവ. ഫാ. ബിജു തൊണ്ടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ വി.ബലി അർപ്പിച്ചു. ലഹരിവിരുദ്ധ സന്ദേശം നൽകി. തുടർന്ന് മുതിർന്നവർക്കും സൺഡേ സ്കൂളിലെ കുട്ടികൾക്കും ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ നടത്തി. കെ.സി.ബി. സി യൂണിറ്റ് സ്ഥാപിച്ചു. ജ്വാല ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരിച്ചു.

**ഒണ്ടയങ്ങാടി**

11-6-2023 ഞായറാഴ്ച ഒണ്ടയങ്ങാടി ഇടവകയിൽ ലഹരി വിരുദ്ധ ദൂത് സംഘടിപ്പിച്ചു. ഇടവക വികാരി. ഫാ. സജി പുതുക്കുളങ്ങര ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ വി. ബലി അർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി. തുടർന്ന് മുതിർന്നവർക്കും കുട്ടികൾക്കും ലഹരിവിരുദ്ധ സെമിനാറിന് നേതൃത്വം നൽകി. കെ സി ബി സി മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് രൂപീകരിച്ചു. കുട്ടികൾക്കായുള്ള ലഹരി വിരുദ്ധ ക്ലബ്ബ് ജ്വാല ഉദ്ഘാടനം ചെയ്തു.

**പടമല**

ബഹു. ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ പടമലയിലെ AA-കൂട്ടായ്മ സന്ദർശിച്ചു. ക്ലാസുകൾ നയിക്കുകയും ചെയ്തു.

**നടവയൽ**

നടവയൽ എ എ കൂട്ടായ്മ, രൂപത ഡയറക്ടർ സന്ദർശിച്ചു. ക്ലാസുകൾക്ക് നേതൃത്വം നൽകി. വളരെ നല്ല രീതിയിൽ മുന്നോട്ടു പോകുന്ന ഒരു A A കൂട്ടായ്മയാണ് നടവയൽ ഇടവകയിൽ ഉള്ളത്. ഇടവകയിലെ ആർച്ച് പ്രീസ്റ്റ് റവ. ഫാദർ ഗർവാസിസ് മറ്റംസന്ദേശം നൽകി.

**ഓഫീസ് ഉദ്ഘാടനം**

ദ്വാരക പാസ്റ്റർ സെന്ററിൽ നവീകരിച്ച കെ. സി. ബി.സി മദ്യ വിരുദ്ധ സമിതിയുടെ രൂപതാ ഓഫീസ് മാനന്തവാടി രൂപതാ മെത്രാൻ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് വെഞ്ചിരിച്ചു.

**രൂപത എക്സിക്യൂട്ടീവ്**

കെ. സി. ബി. സി മദ്യ വിരുദ്ധ സമിതി മാനന്തവാടി രൂപത എക്സിക്യൂട്ടീവ് യോഗം ഓഫീസിൽ ചേർന്നു. രൂപത പ്രസിഡൻറ് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷനായിരുന്നു. സെക്രട്ടറി ജോയി പരിയാരത്ത് സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ റവ ഫാ. സണ്ണി മഠത്തിൽ യോഗം ഉദ്ഘാടനം ചെയ്തു. ശ്രീ. ടോമി നെടുങ്കൊമ്പിൽ, ശ്രീ. ബേബി പേടപ്പാട്ട്, പി. ഐ ജെയിംസ്, സിസ്റ്റർ മരീന SH എന്നിവർ പ്രസംഗിച്ചു. 2023-2024 വർഷത്തെ മാർഗരേഖയെകുറിച്ച് ചർച്ച നടത്തി.

മദ്യവിരുദ്ധ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുന്നതിനുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു.

**സംസ്ഥാന സമ്മേളനം**

കെ.സി ബി.സി മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനവും, സുവർണജൂബിലി ഉദ്ഘാടനവും 19-6-2023 ന് എറണാകുളത്ത് വെച്ച് നടന്നു. രൂപതാ ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ പങ്കെടുത്തു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപത പ്രസിഡന്റ്

# കുടുംബ പ്രേഷിതത്വം

## വിവാഹ ഒരുക്ക കോഴ്സുകൾ

ജൂൺ 10 മുതൽ 13 വരെയുള്ള തീയതികളിൽ നടത്തിയ വിവാഹ ഒരുക്ക കോഴ്സിൽ 59 പേർ പങ്കെടുത്തു.

കോഴ്സ് തിയതികൾ

| | |
|---|---|
| ജൂലൈ | – 8, 9, 10, 11 |
| ആഗസ്റ്റ് | – 11, 12, 13, 14 |
| സെപ്റ്റംബർ | – 9, 10, 11, 12 |
| ഒക്ടോബർ | – 14, 15, 16, 17 |
| നവംബർ | – 11, 12, 13, 14 |
| | – 25, 26, 27, 28 (മണിമൂളി) |
| ഡിസംബർ | – 9, 10, 11, 12 |
| വിശദ വിവരങ്ങൾക്ക് | : 8547440574 |
| | ഞായർ – അവധി |
| തിങ്കൾ – ശനി | : 10.00 am to 5.00 pm |

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി സമാപനത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. ലോക തൊഴിലാളി ദിനമായ മെയ് ഒന്നിന് ഇടവക തലത്തിൽ കൈക്കാരന്മാരെ ആദരിച്ചു. അന്താരാഷ്ട്ര മാതൃദിനമായ മെയ് 10-ന് ഇടവക തലത്തിൽ സജീവമായി പ്രവർത്തിക്കുന്ന മാതൃവേദി അംഗങ്ങളെ ആദരിച്ചു. അഞ്ചുമക്കളിൽ കൂടുതലുള്ള കുടുംബങ്ങളെ ആദരിക്കുന്ന പ്രോഗ്രാമിൽ മാതൃവേദി അംഗങ്ങളുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. ജൂൺ 5 പരിസ്ഥിതി ദിനം അമ്മമാർ വൃക്ഷത്തൈകൾ നടുകയും പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഒരു വാട്സ്ആപ്പ് സന്ദേശം രൂപതാ സമിതിക്ക് വേണ്ടി രൂപത സെക്രട്ടറി ശ്രീമതി സെലിൻ തയ്യാറാക്കി എല്ലാവർക്കും അയയ്ക്കുകയും ചെയ്തു. ജൂൺ 8- വിശുദ്ധ മറിയം ത്രേസ്യായുടെ തിരുനാൾ ദിനത്തിൽ രൂപത സമിതിക്കു വേണ്ടി ശ്രീമതി സെലിൻ വിശുദ്ധയുടെ ജീവചരിത്രം വാട്സ്ആപ്പ് സന്ദേശം നൽകി.

പ്രോലൈഫ് പ്രവർത്തനങ്ങൾക്ക് വേണ്ടി മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും അവരെ ശുശ്രൂഷിക്കുന്നവർക്കും വേണ്ടി തിരുഹൃദയ ജപമാല, ചെയിൻ റോസറി എന്നിവ രൂപതാ തലത്തിൽ മാതൃവേദി അമ്മമാർ എല്ലാ ഇടവകകളിലും നടത്തുന്നു.

**നന്ദി, സ്വാഗതം**

ജീവന്റെ സംരക്ഷകരും കുടുംബത്തിന്റെ വിളക്കുമായ അമ്മമാർക്ക് ആത്മീയവും ഭൗതികവുമായ ഉണർവും, അറിവും പ്രോത്സാഹനങ്ങളും നൽകി നയിച്ച് പുതിയ സ്ഥലങ്ങളിലേയ്ക്ക് പോകുന്ന ബഹു. മേഖല ഡയറക്ടേഴ്സ്, റവ. ഫാ. പോൾ വാഴപ്പിള്ളിൽ (ദ്വാരക), റവ. ഫാ. ചാക്കോച്ചൻ വാഴക്കാലായിൽ (കല്ലോടി), റവ. ഫാ. സജി കോട്ടായിൽ (മണിമൂളി), റവ. ഫാ. ജോയി പുല്ലൻകുന്നേൽ (നടവയൽ), റവ. ഫാ. ഡെന്നിസ് പൂവത്തിങ്കൽ (നിലമ്പൂർ), റവ. ഫാ. ജെയ്സൺ കുഴിക്കണ്ടത്തിൽ (മുള്ളൻക്കൊല്ലി), റവ. ഫാ. അഗസ്റ്റ്യൻ താന്നിയിൽ (നീലഗിരി) എന്നീ ബഹുമാനപ്പെട്ട വൈദീകർക്ക് നന്ദിയും പുതിയതായി മേഖല ഡയറക്ടർമാരായി ഉത്തരവാദിത്വമേറ്റെടുത്തിരിക്കുന്ന റവ. ഫാ. ഫ്രാൻസിസ് നെല്ലിക്കുന്നേൽ (ദ്വാരക), റവ. ഫാ. ബെന്നി മുതിരക്കാലായിൽ (കല്ലോടി), റവ. ഫാ. ജെയിംസ് കുന്നത്തേട്ട് (മണിമൂളി), റവ. ഫാ. വിൻസെന്റ് കൊരട്ടിപ്പറമ്പിൽ(നടവയൽ), റവ. ഫാ. ഷാജു മുളവേലിക്കുന്നേൽ (നിലമ്പൂർ), റവ. ഫാ. ബിജു മാവറ (മുള്ളൻക്കൊല്ലി), റവ. ഫാ. തോമസ് പരുന്തനോലിൽ (നീലഗിരി), റവ. ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ (തരിയോട്) എന്നീ ബഹുമാനപ്പെട്ട വൈദീകർക്ക് മാതൃവേദി കുടുംബത്തിലേയ്ക്ക് സ്വാഗതം!

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 12 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജൂലൈ 18.

**മേഖലാ വാർത്തകൾ**

**പയ്യംമ്പള്ളി**

രൂപതാ സുവർണ ജൂബിലി സമാപനത്തിൽ മേഖല പ്രതിനിധികൾ പങ്കെടുത്തു. രൂപത നടത്തിയ മാതാവിനെ അലങ്കരിക്കൽ കുടുംബത്തോടൊപ്പം മത്സരത്തിൽ ഓരോ ശാഖയിലേയും അമ്മമാർ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിച്ചു.

**തരിയോട് മേഖല**

രൂപതയുടെ സുവർണ്ണ ജൂബിലി സമാപനത്തിൽ മേഖല ഭാര വാഹികൾ പങ്കെടുത്തു. മേഖല എക്സിക്യൂട്ടീവ് ചേർന്നു. മേഖല ഡയറക്ടറച്ചന് യാത്രയയപ്പ് നൽകി. അന്താരാഷ്ട്ര വനിത ദിനത്തോട് അനുബന്ധിച്ച് പ്രായം കൂടിയ ഒരു മാതൃവേദി പ്രവർത്തകയെ ആദരിച്ചു. മാതാവിനെ അലങ്കരിച്ച് കുടുംബാംഗങ്ങൾ ഒന്നിച്ച് പ്രാർ ത്ഥിക്കുന്ന ഫോട്ടോ കളക്ട്ചെയ്തു. പന്തക്കുസ്ത തിരുനാളിന് ഒരുക്കമായി വചന സന്ദേശം വാട്സ് ആപ്പ് വഴി ഓരോ ശാഖയിലും എത്തിച്ചു.

**ശാഖാ വാർത്തകൾ**

**മൺവയൽ**

മാതാവിന്റെ വണക്കമാസം, മെയ് ദിനം, അന്താരാഷ്ട്ര വനിതാ ദിനം, സ്വർഗ്ഗാരോഹണ തിരുനാൾ. പന്തക്കുസ്ത തിരുനാൾ എന്നിവ ആചരിച്ചു. എക്സിക്യൂട്ടിവ് മീറ്റിംഗ് കൂടി. മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ പങ്കെടുത്തു. ഏലിശാ സന്ദർശനം, രോഗിസന്ദർശനം എന്നിവ നടത്തി. വികാരി അച്ചനും, ആനിമേറ്റർ സിസ്റ്ററിനും യാത്രയ് യപ്പും സമ്മാനവും നല്കി.

**നരിവാലമുണ്ട**

രൂപത ജൂബിലി സമാപനാഘോഷത്തിൽ പങ്കെടുത്തു. വണക്ക മാസ വായന നടത്തി. ആദ്യ വെള്ളിയാഴ്ച്ച വ്യത്യസ്ത നിയോ ഗങ്ങൾക്കായി ഉപവാസ പ്രാർത്ഥന നടത്തി. നഴ്സസ് ഡേ, മാതൃ ദിനം, ആശംസ പോസ്റ്റർ തയ്യാറാക്കി ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. അന്താരാഷ്ട്ര കുടുംബദിനത്തോടനുബന്ധിച്ച് ബൈബിൾ ക്വിസ് നടത്തി. മാതൃദിനത്തിൽ ഇടവകയിലെ മുതിർന്ന രണ്ട് അമ്മച്ചിമാരെ സ്നേഹോപഹാരം നൽകി ആദരിച്ചു. തൊഴിലാളി ദിനത്തിൽ മികച്ച തൊഴിലാളി വനിതയെ കണ്ടെത്തി സ്നേഹോപഹാരം നൽകി ആദ രിച്ചു.

**പാടിച്ചിറ**

അന്തർ ദേശീയ കുടുംബ ദിനത്തോടനുബന്ധിച്ചു 6 മക്കളുടെ അമ്മയായ ലിസി കാട്ടിക്കാനായെ അമ്മയെ ആദരിച്ചു. മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ പങ്കെടുത്തു. 3 കുട്ടികൾക്ക് പഠനോപ കരണങ്ങൾ കൊടുത്തു. ഗർഭിണികളെ സന്ദർശിച്ചു.

**മരക്കടവ്**

മാതാവിന്റെ വണക്കമാസ പുസ്തകം വിതരണം, മാതാവിന്റെ രൂപാലങ്കാരം എന്നിവ നടത്തി. വിവാഹ സുവർണ്ണജൂബിലി ആഘോഷിച്ച ദമ്പതിമാരെ ആദരിച്ചു.സ്ഥലം മാറി പോയ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറയ്ക്ക് യാത്രയയപ്പ് നൽകി. പുതിയ ഡയറക്ടർ ആയി വന്ന ഫാ. അഗസ്റ്റ്യൻ താന്നിയിലച്ചന് സ്വീകരണം നൽകി. നാല് മക്കൾ ഉള്ള ഒരു കുടുംബത്തിന് വിദ്യാഭ്യാസ സഹായമായി 7000 രൂപ നൽകി. ഒരു വിദ്യാത്ഥിനിക്ക് പഠനോപകരണങ്ങൾ നൽകി. ഏലീശ്വാ സന്ദർശനം നടത്തി. പന്തക്കുസ്ത തിരുന്നാൾ ആചരിച്ചു.

**കുഞ്ഞോം**

വികാരിയായിരുന്ന ബഹു. ജോബി അച്ചന് യാത്രയയപ്പ് നൽകി. പുതുതായി ഇടവകയിലേക്ക് കടന്നുവന്ന ബഹു. ബെന്നി അച്ചന് സ്വീകരണം നല്കി. സാന്താ മോനിക്ക മധ്യസ്ഥ പ്രാർത്ഥനയിൽ ഭക്തിപൂർവ്വം പങ്കുചേരുന്നു. ജനറൽബോഡി നടത്തി. ജോലി ഇല്ലാത്തവർക്കും പ്രതിസന്ധിയുള്ള കുടുംബങ്ങൾക്കുമായി ചെയിൻ റോസറി നടത്തി.

**വാളേരി**

ചെയിൻ റോസറി, സന്താമോനിക്ക എന്നിവ നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗിസന്ദർശനം നടത്തി. സ്ഥലം മാറിപ്പോയ വികാരിയച്ചന് യാത്രയയപ്പും സമ്മാനവും നല്കി. മാതാവിന്റെ രൂപം അലങ്കരിച്ച് കുടുംബത്തോടൊപ്പം പ്രാർത്ഥിക്കുന്ന ഫോട്ടോ മേഖലക്ക് കൊടുത്തു. അന്താരാഷ്ട്ര കുടുംബദിനം, സ്വർഗ്ഗരോഹണ തിരുനാൾ, പന്തക്കുസ്ത തിരുനാൾ എന്നിവ ആഘോഷിച്ചു. അധ്യാപകർ വിദ്യാർത്ഥികൾ എന്നിവർക്ക് വേണ്ടി ചെയിൻ റോസറി നടത്തി. ഏലീശ്വ സന്ദർശനം നടത്തി.

**കബനിഗിരി**

രൂപതാ സുവർണ ജൂബിലി സമാപനത്തിൽ പങ്കെടുത്തു. മാതൃദിനത്തിൽ ഇടവകയിലെ ഒരമ്മയെ ആദരിച്ചു. മേഖലാ ജനറൽ ബോഡിയിലും ഡയറക്ടറച്ചന്റെ യാത്രയയപ്പിലും പങ്കെടുത്തു. ജനറൽബോഡി മീറ്റിംഗും സെമിനാറും നടത്തി. രോഗിസന്ദർശനം നടത്തി. മാതാവിന്റെ വണക്കമാസം ഭക്തിയോടെ ആചരിച്ചു. ഇടവകയിലെ ഒരു ശിശുവിന് കുഞ്ഞുടുപ്പ് നൽകി. സ്വർഗാരോപണ തിരുനാൾ, പന്തക്കുസ്താ തിരുനാൾ എന്നിവ ആചരിച്ചു.

**പനംചിറ**

അൾത്താര പുതുക്കി പണിയുന്നതിനോടനുബന്ധിച്ച് നടക്കുന്ന പ്രവർത്തനങ്ങളിൽ സഹായിച്ചു. പരിശുദ്ധ അമ്മയെ അലങ്കരിച്ച് മാതാവിനോടൊപ്പം ഉള്ള ഫോട്ടോ അയക്കുന്ന മത്സരത്തിൽ പങ്കെടുത്തു. രോഗികളായി കഴിയുന്നവർക്കായി കരുണ കൊന്ത ചൊല്ലിപ്രാർത്ഥിച്ചു.

**പ്രശാന്തിഗിരി**

തൊഴിലാളി ദിനത്തിൽ എല്ലാ തൊഴിലാളികൾക്കും വേണ്ടി പ്രാർത്ഥിച്ചു. മാതാവിന്റെ വണക്കമാസം കുടുംബങ്ങളിൽ വായിച്ചു പ്രാർത്ഥിച്ചു.എക്സിക്യൂട്ടീവ് കൂടി. പുതിയ ഇടവകയിലേയ്ക്ക് യാത്രയാകുന്ന ജസ്റ്റിൻ മൂന്നനാൽ അച്ചന് യാത്രയയപ്പ് നല്കി. പുതുതായി ഇടവകയിലേക്ക് കടന്നുവന്ന ഫാ. ബിജു പുന്നക്കാപ്പടവിൽ അച്ചന് സ്വീകരണം നൽകി. മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ പങ്കെടുത്തു.

**കയ്യൂന്നി**

തൊഴിലാളി ദിനം, പത്ര സ്വാതന്ത്ര്യ ദിനം എന്നിവ അനുസ്മരിച്ചു. ഭവനങ്ങളിൽ പെന്തക്കോസ്ത തിരുനാളിന് ഒരുക്കമായ നോവേന ആരംഭിച്ചു. ഏലീശ്വാസന്ദർശനം നടത്തി. പഠന സഹായമായി 3180 രൂപ നൽകി. ചികിത്സ സഹായമായി 2000 രൂപ നൽകി.

**സീതാമൗണ്ട്**

രൂപതാ സുവർണ്ണജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുത്തു. മാതാവിന്റെ വണക്കമാസാചരണം നടത്തി. മേഖലാ ജനറൽ ബോഡി യൂണിറ്റിൽ വെച്ച് നടത്തി. ഇടവക വികാരിയായിരുന്ന ബഹുമാനപ്പെട്ട ജെയ്സൺ കുഴികണ്ടത്തിൽ അച്ചന് യാത്രയയ്പ്പ് നൽകി.

**തവിഞ്ഞാൽ**

രൂപത സുവർണ്ണ ജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം നടത്തി. മാതാവിനെ അലങ്കരിക്കൽ ഫോട്ടോ എടുത്ത് മേഖലയ്ക്ക് അയച്ചു.

**പാലാങ്കര**

രൂപത ജൂബിലി സമാപനത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. ഏലീശ സന്ദർശനം എന്ന പേരിൽ ശാഖയിൽ ഗർഭിണികളായവരെ ചെന്ന് കണ്ട് അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

**നടവയൽ**

രൂപത സുവർണ്ണ ജൂബിലി സമാപനത്തിൽ പങ്കെടുത്തു. അന്താരാഷ്ട്ര വനിതാ ദിനം, നേഴ്സ് ഡേ, അന്താരാഷ്ട്ര കുടുംബ ദിനം എന്നിവ ആചരിച്ചു. ഏലീശ്വാ സന്ദർശനം നടത്തി. മാതാവിനെ അലങ്കരിക്കൽ - കുടുംബത്തോടൊപ്പം - മേഖലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വികാരിയച്ചന് യാത്രയയപ്പ് നൽകി.

**യവനാർകുളം**

രൂപത ജൂബിലി സമാപനത്തിൽ പങ്കെടുത്തു. മാതാവിന്റെ വണക്കമാസാചരണം നടത്തി. വനിതാ ദിനം ആചരിച്ചു. എക്സിക്യൂട്ടീവ് കൂടി. മാതാവിനെ അലങ്കരിക്കൽ ഫോട്ടോ എടുത്ത് മേഖലയ്ക്ക് അയച്ചു.

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**

**ഫാ. എമ്മാനുവേൽ വടക്കേൽ**

## ലോഗോസ് 2023
## ഓൺലൈൻ രജിസ്ട്രേഷൻ

2023 ലോഗോസ് രജിസ്ട്രേഷൻ ജൂൺ ഒന്നു മുതൽ ആരംഭിച്ചു. ലോഗോസ് ക്വിസിൽ പങ്കെടുക്കുന്നവർക്ക് നേരിട്ട് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ലഭ്യമല്ല. ഓരോ ഇടവക അല്ലെങ്കിൽ സെന്ററിന്റെ ചുമതലപ്പെട്ടവർ വഴിയാണ് രജിസ്ട്രേഷൻ നടത്തുക. അതിനായി ഓരോ ഇടവകയ്ക്കും ഒരു User Name ഉം Password ഉം നല്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം സെന്റർ ഇൻ ചാർജിന് ലഭിച്ചിട്ടുള്ള User Name ഉം Password ഉം തന്നെയാണ് ഈ വർഷവും ഉപയോഗിക്കേണ്ടത്. അത് ഉപയോഗിച്ചു മാത്രമേ രജിസ്ട്രേഷൻ നടത്താൻ സാധിക്കുകയുള്ളൂ. അതുപോലെ തന്ന ഹാൾടിക്കറ്റ്, റിസൽട്ട് എന്നിവയെല്ലാം അതിൽനിന്നു തന്നെ ലഭിക്കുന്നതായിരിക്കും. കാറ്റഗറി തിരിച്ചുള്ള എല്ലാ വിവരങ്ങളും നമുക്ക് കൺട്രോൾ പാനലിൽ നിന്ന് ലഭ്യമാകും. ലോഗോസ് ക്വിസ് വെബ്സൈറ്റിൽ (logos quiz.org) Select Diocese എന്ന ഓപ്ഷനിൽ അതാത് രൂപത സെലക്റ്റ് ചെയ്യുക. രൂപതയുടെ പേജിൽ കയറിക്കഴിഞ്ഞാൽ രൂപതാ ഓഫീസ് ലോഗിൻ ചെയ്യാനുള്ള ലിങ്കും ഒരു പാരിഷ്/ സെന്റർ ലോഗിൻ ചെയ്യാനുള്ള ഓപ്ഷനും ഉണ്ട്. സെന്റർ ലോഗിൻ ചെയ്ത് കഴിഞ്ഞാൽ ആദ്യം വരുന്ന പേജിൽ സെന്റർ ഇൻ ചാർജിന്റെ പേരും, Email Idയും ഫോൺ നമ്പരും കൊടുത്ത് Submit ചെയ്യുക. ഒറ്റത്തവണ മാത്രമേ ഇത്തരം വിവരങ്ങൾ കൊടുക്കേണ്ടതുള്ളൂ. ലോഗിൻ പേജിൽ നിന്നുമാണ് ആളുകളെ ചേർക്കുകയും മാറ്റുകയും ചെയ്യുന്നത്. കൺട്രോൾ പാനലിൽ നിന്നും വിശദവിവരങ്ങൾ മലയാളത്തിൽ ലഭ്യമാണ്. സംശയമുണ്ടാകുന്ന പക്ഷം രൂപതയിൽ വിളിക്കാവുന്നതാണ് (8547266096). എല്ലാ ദിവസവും രജിസ്റ്റർ ചെയ്യുന്ന വിവരങ്ങളുടെ Backup എടുത്തു സൂക്ഷിക്കുക. സെന്റർ ലോഗിനിൽ വരുന്ന നിർദേശങ്ങൾ അനുസരിച്ച് മാത്രം ചെയ്യുക. എല്ലാ ഇടവകയിൽ നിന്നും പരമാവധി ആളുകളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ പരീക്ഷ എഴുതാവുന്നതാണ് .

**ലോഗോസ് ഫമിലിയ ക്വിസ്**

1. ഒരു ടീമിൽ പങ്കെടുക്കുന്നവർ കുറഞ്ഞത് രണ്ട് തലമുറകളിൽ നിന്നുള്ളവരായിരിക്കണം.

2. ഫമിലിയ പരീക്ഷയ്ക്ക് പൊതുപരീക്ഷയുടെ ചോദ്യപേപ്പർ ആയിരിക്കും. ഫാമിലി ടീമിലെ ഓരോരുത്തർക്കും കിട്ടുന്ന മാർക്കിന്റെ ആവറേജ് ആണ് ഫാമിലിയുടെ മാർക്കായി പരിഗണിക്കുക.

3. സംസ്ഥാന തലത്തിലെ പരീക്ഷയ്ക്ക് രൂപതയിൽ നിന്ന് ഒരു ടീമിനെ മാത്രമേ അയക്കാവൂ.

A വിഭാഗം : 1-1-2012-നും അതിനുശേഷവും ജനിച്ചവർ
B വിഭാഗം : 1-1-2007-നും 31-12-2011-നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം : 1-1-1992-നും 31-12-2006-നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം : 1-1-1972-നും 31-12-1991-നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം : 1-1-1959-നും 31-12-1971-നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം : 31-12-1958-നും അതിനു മുമ്പും ജനിച്ചവർ

**നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്.**

## Registration Steps

| | Malayalam | English |
|---|---|---|
| 1 | ലോഗോസ് ക്വിസ് വെബ്സൈറ്റിൽ കയറുക (logos quiz.org) | Enter into the Website (logos quiz.org) |
| 2 | രൂപത തിഞ്ഞെടുക്കുക. | Select Diocese |
| 3 | രൂപതയുടെ പേജിൽ-രൂപത/ Diocese ലോഗിൻ ചെയ്യാനുള്ള ലിങ്കും, സെന്റർ/Centre ലോഗിനും ഉണ്ട്. | Select Centre Login |
| 4 | സെന്റർ ലോഗിനിൽ User Name Dw Password ഉം കൊടുക്കുക | Type User name & Password |

| | | |
|---|---|---|
| 5 | സെന്റർ ഇൻ ചാർജിന്റെ പേര്, Email Id, ഫോൺ നമ്പർ എന്നിവ കൊടുക്കുക. | After Centre login give Name, E-mail Id and Phone of Centre in Charge. |
| 6 | Submit ചെയ്യുക | Submit |

**ഫാ. ബിനു വടക്കേൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ മെയ് 2 വെള്ളിയാഴ്ച്ച രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു.

ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതുസമ്മേളനം നടന്നു. രൂപതാ വികാരി ജനറൽ പെരിയ ബഹു. ഫാ. പോൾ മുണ്ടോളിക്കൽ സമ്മേളനത്തിന് നേതൃത്വം നൽകി.

ജൂൺ 03 ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.00 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ജോസ് മളോല സ്തുതി ആരാധനയ്ക്കും ബിജു പുളിക്കൽ, സി. അന്ന FCC, എന്നിവർ ഗാനശുശ്രൂഷയ്ക്കും നേതൃത്വം നൽകി.

ജൂൺ 6,7,8 ദിവസങ്ങളിൽ രാവിലെ 09 മുതൽ ഉച്ചകഴിഞ്ഞു 03 മണിവരെ MCBS സഭയുടെ നേതൃത്വത്തിൽ സിയോൻ ഹാളിൽ വെച്ച് ദിവ്യകാരുണ്യ കൺവെൻഷൻ നടത്തപ്പെട്ടു.

ജൂൺ 10ന് ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1.00 മണിവരെ സ്പിരിചൽ ഷെയറിംഗ് നടത്തി. ജൂൺ 15 മുതൽ 18 വരെ ആന്തരീക സൗഖ്യ ധ്യാനം നടത്തപ്പെട്ടു. ജൂൺ 23ന് വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ 12 വരെ സിയോൻ ചാപ്പലിൽ ജാഗരണ പ്രർത്ഥന നടത്തി. മീഡിയ കമ്മീഷൻ യൂട്യൂബ് ചാനലിലൂടെ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനം നടത്തി.

**NB:** ജൂലൈ മാസത്തെ താമസിച്ചുള്ള ധ്യാനം 20 വ്യാഴം വൈകിട്ട് 4 ന് ആരംഭിച്ച് 23 ന് ഞായർ ഉച്ചകഴിഞ്ഞ് 2.00 ന് സമാപിക്കും.

ധ്യാനം മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.

Booking No. 9544606936

**ഫാ. ജിന്റോ തട്ടുപറമ്പിൽ**

ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

എല്ലാവർക്കും സുഖമെന്ന് കരുതുന്നു. ജൂലൈ മാസത്തിൽ നാം പ്രധാനമായും രണ്ട് ദിവസങ്ങൾ പ്രത്യേകം ഓർമ്മിക്കുന്നു ജൂലൈ 3 ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വദിനം (ദുക്റാന തിരുനാൾ), ജൂലൈ 23 മുത്തശ്ശിമുത്തശ്ശൻമാരുടേയും വയോധികരുടേയും ദിനം. മാർത്തോമ്മാ ക്രിസ്ത്യാനികളായ നമുക്ക് നമ്മുടെ പിതാവായ തോമാശ്ലീഹായെ അനുസ്മരിക്കുവാൻ കടമയുണ്ടെന്ന വസ്തുത ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. ഇന്ന് സമൂഹത്തിൽ ഏറ്റവുമധികം കഷ്ടതയനുഭവിക്കുന്നത് വയോധികരാണ്. ജൂലൈ 23ന് അവരെ അനുസ്മരിക്കുമ്പോൾ നമ്മുടെ സമീപസ്ഥരായ വയോധികരെ സന്ദർശിക്കുന്നതിനും അവരെ ആദരിക്കുന്നതിനും എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും മുന്നിട്ടിറങ്ങുമല്ലോ.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എല്ലാ ഇടവകകളിലും സജീവമായി മുന്നോട്ടു നീങ്ങുന്നുണ്ടെന്ന് കരുതുന്നു. പ്രതിവാരയോഗങ്ങളും, ഭവനരോഗി സന്ദർശനങ്ങളും മുടക്കമില്ലാതെ നടക്കുന്നുണ്ടെന്ന് അതാതു തലങ്ങളിലെ ഭാരവാഹികൾ ഉറപ്പുവരുത്തേണ്ടതാണ്. സെന്റ് വിൻസെന്റ് ഡി പോളും, വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനാമും കാണിച്ചുതന്ന പാതയിലൂടെ നമുക്ക് മുന്നേറാം. ദൈവത്തിന്റെ കാരുണ്യത്തിന്റെ മുഖമായി മാറുവാൻ ഓരോ വിൻസെൻഷ്യനും കഴിയണം. നമുക്കു ചുറ്റുമുള്ള ദുഃഖിതരേയും, ദുരിതമനുഭവിക്കുന്നവരേയും കണ്ടെത്തി അവർക്ക് ആശ്വാസമെത്തിക്കുവാൻ നമുക്ക് സാധിക്കണം. നിന്റെ പ്രവർത്തികൾക്ക് കർത്താവ് പ്രതിഫലം നല്കും(റൂത്ത്2.12). നമ്മുടെ സദ്പ്രവർത്തികൾക്കൊപ്പം സ്നേഹസമ്പുഷ്ടമായ വാക്കുകളും നാം മറ്റുള്ളവർക്ക് പ്രദാനം ചെയ്യണം. സമൂഹത്തിൽ വിൻസെൻഷ്യൻ പ്രവർത്തനങ്ങളുടെ പ്രസക്തി അനുദിനം വർദ്ധിച്ചുവരികയാണ്. നിഷ്കപടമായ സ്നേഹം നമ്മുടെ സമൂഹത്തിൽനിന്നും അപ്രത്യക്ഷമാവുകയാണ്. അപരനെ സ്നേഹിക്കുവാൻ സാധിക്കാ

ത്തതാണ് സമൂഹത്തിൽ കഷ്ടപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുവാൻ കാരണമാകുന്നത്. വിശക്കുന്നവനെ ദുഃഖിപ്പിക്കരുത് (പ്രഭാഷകൻ 4.2). ഇന്നല്ലെങ്കിൽ നാളെ നമ്മുടെ ദേഹം വെടിഞ്ഞ് ദേഹി കതൃസന്നിധിയിലേക്ക് യാത്രയാകുമ്പോൾ നാം ചെയ്ത നന്മപ്രവൃത്തികളായിരിക്കും നമ്മുടെ സ്വർഗീയ പ്രവേശനത്തിന് കാരണമാകുന്നത്. എല്ലാവരോടും സമാധാനത്തിൽ വർത്തിച്ച് വിശുദ്ധിക്കുവേണ്ടി പരിശ്രമിക്കുവിൻ (ഹെബ്രായർ12. 14).

**ഗൂഡല്ലൂർ എ.സി.ക്ക് പുതിയ നേതൃത്വം**

ഗൂഡല്ലൂർ എ.സി.യുടെ നിലവിലുണ്ടായിരുന്ന പ്രസിഡന്റ് സി. വത്സമ്മ പീറ്റർ ഇളയച്ചാനി വിദേശത്ത് പോയതിനാൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.ഗൂഡല്ലൂർ എൻ.ഡി.എസ് ഓഫീസിൽ ചേർന്ന തെരഞ്ഞെടുപ്പ് യോഗത്തിൽ എ.സി.വൈസ് പ്രസിഡൻറ് ബ്രദർ തങ്കച്ചൻ ചൂരനോലിൽ അധ്യക്ഷത വഹിച്ചു. സി. സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം ഉദ്ഘാടനം ചെയ്തു. ബ്ര. ബിജു മാളിയേക്കൽ സ്വാഗതവും, സി. സി.ബോർഡ് അംഗം റോയ് ലൂയീസ് തുരുത്തിയിൽ നന്ദിയും പറഞ്ഞു. ഭാരവാഹികൾ ബ്ര. പീററർ (ബിജു) മാളിയേക്കൽ (പ്രസിഡൻറ്), ബ്ര. റോയ് ലൂയീസ് തുരുത്തിയിൽ (സെക്രട്ടറി), സി. അന്നമ്മ എടാട്ട് (ട്രഷറർ), ബ്ര. വിത്സൺ കോയിക്കൽ (വൈ. പ്രസി.), നാളിതുവരെ എ.സി. പ്രസിഡന്റായി നിസ്വാർത്ഥ സേവനമനുഷ്ഠിച്ച സി. വത്സമ്മ പീറ്ററിന് മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ പ്രാർത്ഥനാശംസകൾ.

**ഓസാനംഭവൻ**

ഓസാനംഭവന്റെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ ഭംഗിയായി മുന്നോട്ടുപോകുന്നു. കോൺഫ്രൻസുകളുടെ സന്ദർശനങ്ങൾ നടക്കുന്നുണ്ട്. ഭവനത്തിലെ 17 അന്തേവാസികളെ വിദഗ്ധ ചികിത്സക്കായി മുക്കം കെ.എം.സി.റ്റി. മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. 4 അന്തേവാസികളെ സിയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന നവീകരണ ധ്യാനത്തിൽ പങ്കെടുപ്പിച്ചു. ഓസാനം ഭവന്റെ അനുദിനപ്രവർത്തനങ്ങൾക്ക് അടുത്ത് നാളുകളിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. എല്ലാ വിൻസെൻഷ്യൻ അംഗങ്ങളും ഈ പ്രതിസന്ധി പരിഹരിക്കുവാൻ സജീവമായി രംഗത്തിറങ്ങണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഇക്കഴിഞ്ഞ ദിവസങ്ങളിൽ

ബത്തേരി അസംപ്ഷൻ കോൺഫ്രൻസിൽ നിന്നും പ്രസിഡൻറ് ബ്ര. തോമസ്, സി. സി. ബോർഡ് അംഗം ബ്ര. അഗസ്റ്റിൻ കൊടിയം കുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ അംഗങ്ങൾ ഓസാനംഭവൻ സന്ദർശിച്ചു. കല്പ്പറ്റ ഡി പോൾ കോൺഫ്രൻസ് അംഗങ്ങൾ പ്രസിഡൻറ് ബ്ര. കെ.വി.ജോർജ്ജ്, സി.സി. വൈസ് പ്രസിഡൻറ് ബ്രദർ ജോണി പാറ്റാനി, എ.സി. പ്രസിഡന്റ് സി. ടെസ്സി മാത്യു പുളിയം മ്മാക്കൽ എന്നിവരുടെ നേതൃത്വത്തിൽ ഓസാനംഭവൻ സന്ദർശിച്ചു. മണിമൂളി എ.സി.യിൽ നിന്നും നരിവാലമുണ്ട കോൺഫ്രൻസ് അംഗങ്ങൾ പ്രസിഡൻറ് ബ്രദർ തോമസ് മാത്യുവിന്റെ നേതൃത്വത്തിൽ ഓസാനംഭവൻ സന്ദർശിച്ചു. കല്ലോടി കോൺഫ്രൻസ് അംഗങ്ങൾ പ്രസിഡന്റ് ബ്രദർ ബാബു ജോസഫിന്റെ നേതൃത്വത്തിൽ ഓസാനംഭവൻ സന്ദർശിച്ചു. മുള്ളൻകൊല്ലി സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ നിന്നും കോൺഫ്രൻസ് അംഗങ്ങൾ ഇടവക വികാരി റവ. ഫാദർ ജസ്റ്റിൻ മൂന്നനാൽ, സഹവികാരി റവ. ഫാദർ ജെറിൻ പൊയ്കയിൽ, കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. ജോസ് കണ്ണന്താനത്ത് എന്നിവരുടെ നേതൃത്വത്തിൽ ഓസാനം ഭവൻ സന്ദർശിച്ചു. ഓസാനംഭവനെ ഓർക്കുകയും സഹായങ്ങൾ നല്കുകയും ചെയ്ത എല്ലാവരേയും പ്രത്യേകിച്ച് വൈദീകരേയും നന്ദിയോടെ സ്മരിക്കുന്നു.

സ്നേഹപൂർവം,<br>
**റവ. ഫാ. ജോജോ കുടക്കച്ചിറ**<br>
(സി. സി. ആത്മീയ ഉപദേഷ്ടാവ്)<br>
**ബ്രദർ ബാബു നമ്പുടാകം**<br>
(സി. സി. പ്രസിഡന്റ്)

# സാമൂഹ്യ സേവനരംഗം (WSSS)

**അന്താരാഷ്ട്ര പരിസ്ഥിതി ദിനം ആചരിച്ചു.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അന്താരാഷ്ട്ര പരിസ്ഥിതി ദിനം ആചരിച്ചു. ദിനാഘോഷത്തിന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്കുള്ള ചിത്രരചന മത്സരം, ഓൺലൈൻ ശില്പശാല, തൈകൾ നടീൽ എന്നിവ നടത്തി. മാനന്തവാടി സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടന്ന ദിനാഘോഷ പരിപാടികളുടെ ഉദ്ഘാടനം എക്കോസെൽവ ജർമ്മനി പബ്ലിക് റിലേഷൻ ഓഫീസർ സോണിയ എൻസിലിൻ ഫലവൃക്ഷതൈ നട്ട് നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ, സ്റ്റേറ്റ് ഹെഡ് റോബിൻ ജോസഫ്, ടീം ലീഡർ ദീപു ജോസഫ് എന്നിവർ സംസാരിച്ചു.

**ആശാകിരണം വസ്ത്ര ബാങ്കിലേക്ക് വസ്ത്രങ്ങൾ കൈമാറി**

കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായി വസ്ത്രബാങ്ക് പദ്ധതി കൂടുതൽ സജീവമാകുന്നു. മുൻ കാലങ്ങളിൽ പ്രാദേശികമായിട്ടായിരുന്നു വസ്ത്രങ്ങൾ സമാഹരിച്ചിരുന്നത്. എന്നാൽ ഇപ്പോൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി കോളേജ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വസ്ത്രങ്ങൾ സമാഹരിക്കുകയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ പ്രവർത്തിക്കുന്ന വസ്ത്ര ബാങ്ക് വഴിയായി വിതരണം നടത്തുകയും ചെയ്യുന്നു. കഴിഞ്ഞ ദിവസം കോഴിക്കോട് ലിസ കോളേജിലെ വിദ്യാർത്ഥികൾ അവർ സമാഹരിച്ച വസ്ത്രങ്ങൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ഏൽപ്പിക്കുകയുണ്ടായി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ വസ്ത്രങ്ങൾ ഏറ്റുവാങ്ങി. കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ അബീഷ് ആന്റണി, വയനാട് സോഷ്യൽ സർവ്വീസ് സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി എ, ലിസ കോളേജ്

അദ്ധ്യാപകൻ ഷാജു പി. ജെയിംസ്, സ്റ്റാഫ് സെക്രട്ടറി സിസ്റ്റർ അനിലിറ്റ് എന്നിവർ സംസാരിച്ചു.

**മുള്ളൻകൊല്ലി നീരുറവ സംരക്ഷണ പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീരുറവ പ്രദേശത്ത് നടപ്പിലാക്കിവരുന്ന നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാമായി വിവിധ വികസന പദ്ധതികൾ കാര്യക്ഷമമായി പുരോഗമിക്കുന്നു. ഈ മാസം രണ്ടു കിണറുകൾ റീചാർജ് ചെയ്യുന്നതിനും രണ്ട് നീരുറവകളുടെ നവീകരണം നടത്തുവാനും സാധിച്ചു. കൂടാതെ 03 നീർത്തട വികസന സമിതികൾ ചേരുകയുണ്ടായി.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2023-2025 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 9482674486, 9048229177 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

സോഷ്യൽ വെൽഫയർ സെസൈറ്റികളിൽ മീറ്റിംഗ് സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സാമൂഹ്യ സേവന വിഭാഗമായ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പാടിച്ചിറ, കബനിഗിരി, പട്ടാണിക്കൂപ്പ്, സീതാമൗണ്ട്, ആടിക്കൊല്ലി, കോട്ടത്തറ, വലിയകൊല്ലി, ജൂഡ്സ്മൗണ്ട്, കരിമ്പിൽ, ചുള്ളിയാന, മുതിരേരി, തലപ്പുഴ, കണിയാരം, പടമല, ആറാട്ടുത്തറ, തൃശ്ശിലേരി, കമ്മന, ഒണ്ടയങ്ങാടി, എടയൂർക്കുന്ന്, ചെന്നലോട്, ചെറുകാട്ടൂർ, നടവയൽ എന്നീ യൂണിറ്റുകളിൽ മീറ്റിംഗുകൾ നടത്തി. കോഡിനേറ്റർമാരായ ശ്രീമതി ആലീസ് സിസിൽ, സുജ മാത്യു, ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**സ്വീകരണം, യാത്രയയപ്പ്**

സീതാമൗണ്ട് യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു കറുത്തേടം നടവയൽ SWS ഡയറക്ടർ ഫാ. ഗർവ്വാസിസ് മറ്റത്തിൽ, കണിയാരം SWS ഡയറക്ടർ ഫാ. സോണി വാഴക്കാട്ട് എന്നിവർക്ക് സ്വീകരണവും ഫാ. സണ്ണി മഠത്തിലിന് യാത്രയയപ്പും നൽകി.

**സജീവം പ്രൊജക്ട്**

പാടിച്ചിറ, പട്ടാണിക്കൂപ്പ്, ആടിക്കൊല്ലി, കണിയാരം, ആറാട്ടുത്തറ, തൃശ്ശിലേരി, കമ്മന, ചെറുകാട്ടൂർ, ചെന്നലോട്, എന്നിവിടങ്ങളിൽ ലഹരി വിമുക്ത ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, സി. ലൂസി CMC, കുമാരി ഡോണ MSW, കുമാരി സിനു MSW, ശ്രീമതി ആലീസ് സിസിൽ, സുജ മാത്യു, കോഡിനേറ്റർ ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**തെരുവുനാടകം സംഘടിപ്പിച്ചു**

എടവക, പടിഞ്ഞാറത്തറ, തലപ്പുഴ, വെള്ളമുണ്ട പഞ്ചായത്തുകളിൽ ലഹരിവിരുദ്ധദിനത്തോടനുബന്ധിച്ച് സജീവം പ്രൊജക്ടിന്റെ ഭാഗമായി തെരുവു നാടകം നടത്തി.

**ചിൽഡ്രൻസ് ക്യാമ്പ്**

ഒണ്ടയങ്ങാടി SWS ന്റെ നേതൃത്വത്തിൽ ഒണ്ടയങ്ങാടി പാരീഷ് ഹാളിൽ വെച്ച് ലഹരിവിമുക്ത ബോധവത്ക്കരണത്തിന്റെ ഭാഗമായി ചിൽഡ്രൻസ് ക്യാമ്പ് നടത്തി. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, ഡോണ MSW, അഭിനവ് MSW, ആലീസ് സിസിൽ, ശ്രീമതി റീന, ഡിവിഷൻ കൗൺസിലർ സ്മിത സജി, രമണി ഷിജു, റീന കൂട്ടുങ്കൽ എന്നിവർ നേതൃത്വം നൽകി.

**JLG രൂപീകരണം**

നബാർഡ് LEDP പ്രൊജക്ടിന്റെ ഭാഗമായി തൊണ്ടർനാട്, തവിഞ്ഞാൽ പഞ്ചായത്തുകളിൽ 15 ST JLG കൾ രൂപീകരിച്ചു.

**SHG രൂപീകരണം**

തൃശ്ശിലേരി, മഞ്ഞൂറ എന്നീ പ്രദേശങ്ങളിൽ SHG ഗ്രൂപ്പുകൾ രൂപീകരിച്ചു.

**സുരക്ഷാ പദ്ധതി (ലൈഫ് ഇൻഷൂറൻസ്)**

പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന എന്നീ പദ്ധതികളിൽ മാനന്തവാടി, പുൽപ്പള്ളി റീജിയണുകളിൽ നിന്നും 127 അംഗങ്ങളെ ചേർത്തു.

**സോപ്പ് ട്രെയിനിംങ്**

കോറോം, വരയാൽ, തൃശ്ശിലേരി, പെരുവക, മാനന്തവാടി എന്നിവിടങ്ങളിൽ സോപ്പ് ട്രെയിനിംങ് നടത്തി. കോർഡിനേറ്റർമാരായ ശ്രീമതി ഷീന ആന്റണി, ആലീസ് സിസിൽ എന്നിവർ നേതൃത്വം നൽകി.

**കേരള ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത 02 അംഗങ്ങൾക്ക് ഈ മാസം പെൻഷൻ ലഭിച്ചു. പ്രസവ ധനസഹായത്തിന് 03 പേർ അപേക്ഷ സമർപ്പിച്ചു.

**വിദ്യാഭ്യാസ സഹായം**

കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗതൊഴിലാളികളുടെ മക്കൾക്കുള്ള SSLC വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ 2023 ജൂലൈ 1 മുതൽ ആഗസ്റ്റ് 01 വരെ സ്വീകരിക്കുന്നതാണ്. ഉന്നത വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷകൾ കോഴ്സ് തുടങ്ങി 45 ദിവസം വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഈ ഫോൺ നമ്പറിൽ ബന്ധപ്പെടുക- 04936240490

**KLM-UTA മഹാസമ്മേളനം**

കേരള ലേബർ മൂവ്മെന്റും അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് ട്രേഡ് യൂണിയൻ അലയൻസും സംയുക്തമായി സംഘടിപ്പിച്ച തൊഴിലാളി മഹാസമ്മേളനം തൃശ്ശൂർ സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. UTA ചെയർമാൻ ജോസഫ് ജൂഡ് അദ്ധ്യക്ഷത വഹിച്ചു. KCBC ലേബർ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുരുത്തേൻ മുഖ്യപ്രഭാഷണം നടത്തി. വൈസ് ചെയർമാൻ ബിഷപ്പ് മാർ ജോസ് പൊരുന്നേടം അനുഗ്രഹ പ്രഭാഷണം നടത്തി. മാനന്തവാടി രൂപതയിൽ നിന്നും 15 പ്രതിനിധികൾ മഹാസമ്മേളനത്തിൽ പങ്കെടുത്തു.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**ആമുഖം**

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**മേഖലാ ഇവാലുവേഷൻ മീറ്റിംഗ്:** 2023 ജൂൺ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് 10.06.2023 ന് NDS ന്റെ ഓഫീസിൽവെച്ച് രാവിലെ 10.30 മുതൽ നടത്തപ്പെട്ടു. NDS ന്റെ മുഖ്യ പരിശീലകൻ ശ്രീ. ജൂഡ് മാർട്ടിൻ മീറ്റിംഗിന് സ്വാഗതം ആശംസിച്ചു. തുടർന്ന NDS ന്റെ പ്രോജക്ട് കോഡിനേറ്റർ ശ്രീ. ജോഷി റ്റി. പി, NDS ന്റെ ഏപ്രിൽ മെയ് മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. അതേതുടർന്ന് ഭാരതി നഗർ, പെരിയഷോല, ബോസ്പാറ, ധർമ്മഗിരി, മണ്ണുവയൽ, വിമലഗിരി, കൽപ്ര, കയ്യൂന്നി, പനംചിറ, അരുൾനിലയം യൂണിറ്റുകളിൽ നിന്നും അംഗങ്ങൾ പങ്കെടുക്കുകയും യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് മേഖലാ ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ നിലവിൽ NDS ന്റെ നേതൃത്വത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെകുറിച്ചും, നബാഡിന്റെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെകുറിച്ചും അംഗങ്ങളോട് വിശദമായി സംസാരിക്കുകയും അംഗങ്ങളുടെ സംശയനിവാരണം നടത്തുകയും ചെയ്തു.

**ജൂൺ 5: പരിസ്ഥിതി ദിനാചരണം :** ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി മേഖലയുടെ നേതൃത്വത്തിൽ വൃക്ഷതൈ നടുകയും, പരിസര ശുചീകരണം നടത്തുകയും, പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു. കൂടാതെ വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ

മരതൈകൾ നടുകയും അതിന്റെ പ്രാധാന്യത്തെക്കുറിച്ച് അംഗ ങ്ങളെ ബോധവത്ക്കരിക്കുകയും ചെയ്തു.

**MEDP ലോൺ വിതരണം:** നബാർഡ് MEDP പ്രോഗ്രാമിന്റെ ഭാഗമായി ആറാട്ടുപാറ - ഭാരതി നഗർ യൂണിറ്റിൽ നടന്നുകൊണ്ടിരി ക്കുന്ന പേപ്പർ ആൻഡ് തുണി സഞ്ചി നിർമ്മാണ യൂണിറ്റിന്റെ പ്രവർ ത്തനങ്ങൾ വിലയിരുത്തുകയും, വിപുലമായ പ്രവർത്തനങ്ങൾ ആരം ഭിക്കുന്നതിനുവേണ്ടി പുതിയ സംരഭകത്വ ലോൺ അനുവദിക്കു കയും ഒരു ലക്ഷം രൂപ ലോൻ തുകയായി നല്കുകയും ചെയ്തു.

**MEDICAL EQUIPMENTS DISTRIBUTION:** നീലഗിരി ജില്ലയിലെ വിവിധ യൂണിറ്റുകളുടെ കീഴിലുള്ള നിർദ്ധനരും, കിടപ്പുരോഗികളുമായ വ്യക്തികളെ സഹായിക്കുന്നതിന്റെ ഭാഗ മായി, മാനന്തവാടി രൂപതയുടെ പെയിൻ ആൻഡ് പാലിയേറ്റീവ് കെയറിന്റെ സഹായത്തോടെ NDS ന്റെ നേതൃത്വത്തിൽ മേഖലയിൽ നിന്നും നല്കുവാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ ഉപകരണങ്ങളുടെ വിതരണോദ്ഘാടനം 10.06.2023 ശനിയാഴ്ച്ച NDS ന്റെ ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. യൂണിറ്റ് പ്രതിനിധികൾ മേഖലാ ഡയറക്ടർ ബഹു. ബിനോയി അച്ചനിൽനിന്നും അസി. ഡയറക്ടർ ബഹു. അനൂപ് അച്ചനിൽനിന്നും മെഡിക്കൽ ഉപകരണങ്ങൾ ഏറ്റുവാങ്ങി.

**പച്ചക്കറിവിത്ത് വിതരണം:** ഓരോ യൂണിറ്റിലും ജൈവ പച്ച ക്കറിയുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മേഖലയിൽനിന്നും പച്ചക്കറിവിത്ത് വിതരണം 10.06.2023 ന് മേഖലാ ഡയറക്ടർ ബഹു. ബിനോയി അച്ചന്റെയും അസി. ഡയറക്ടർ ബഹു. അനൂപ് അച്ചന്റെയും നേതൃത്വത്തിൽ നടത്തുകയുണ്ടായി. യൂണിറ്റ് പ്രതിനിധികൾ ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്മാരിൽ നിന്നും പച്ചക്കറിവിത്തുകൾ സ്വീകരിച്ചു. കുന്നലാടി യൂണിറ്റിൽ ബഹു. തോമസ് പരുന്തനോലിൽ അച്ചൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

**LEDP ആടുവളർത്തൽ പദ്ധതി:** നബാർഡ് ഗ്രാമ വികസന ബാങ്കും NDS ഉം സംയുക്തമായി നടപ്പിലാക്കുന്ന ആട് വളർത്തൽ പദ്ധതിയുടെ ഭാഗമായി കുന്നലാടി പ്രദേശത്തുള്ള 11 ഓളം ആളു കൾക്ക് 35% സബ്സിഡിയോടെ ഒരോ ലക്ഷം രൂപ വീതം സബ്സിഡി ലോൺ ലഭ്യമായി. ലോൺ ലഭിച്ച മുഴുവൻ ആളുകളും ജീവനോപാധി സംരംഭകത്വ പരിപാടിയുടെ ഭാഗമായി ആടു വളർത്തുകയും

കൃത്യമായി തിരിച്ചടവ് നടത്തുകയും ചെയ്യുന്നു. പ്രൊജക്റ്റിന്റ ഭാഗമായി, ആടുകൾക്കുള്ള ഇൻഷുറൻസ് പനംചിറ യൂണിറ്റിൽ, ഗവൺമെന്റ് വെറ്റിനറി ഡോക്ടർ കാവണ്യയുടെ സഹായത്തോടെ ചെയ്തു. NDS Trainer ജൂഡ് മാർട്ടിൻ പരിപാടികൾക്ക് നേതൃത്വം നൽകി.

**SAFP Nilgiris:** നീലഗിരി പ്രദേശത്തെ നിർധനരായ സ്ത്രീകൾക്കും, കുട്ടികൾക്കും വേണ്ടി നടപ്പിലാക്കാൻ പോകുന്ന സേവ് എ ഫാമിലി പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച വ്യക്തികളുടെ വിവരങ്ങളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനുവേണ്ടി NDS മേഖലാ ഓഫീസിൽനിന്നും വ്യക്തികളെ നേരിട്ട് വിളിക്കുകയും അവരുടെ സ്ഥിതി വിവരങ്ങൾ സത്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്തു. NDS ന്റെ അസി. ഡയറക്ടർ ബഹു. അനൂപ് അച്ചൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

**BIOWIN - KAFFE R.F.C MEET:** 14.06.2023 ന് NDS ഓഡിറ്റോറിയത്തിൽവെച്ച് ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ബഹു. ബിനു പൈനുങ്കൽ അച്ചന്റെയും NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചന്റെയും മറ്റ് സ്റ്റാഫംഗങ്ങളുടെയും നേതൃത്വത്തിൽ ബയോവിൻ KAFFE യുടെ R.F.C മീറ്റിംഗ് നടത്തപ്പെട്ടു. KAKAF കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെകുറിച്ച് ബിനു അച്ചൻ വിശദമായി അംഗങ്ങൾക്ക് വിശദീകരിച്ചുകൊടുത്തു. ലീഡേഴ്സിന്റെ പ്രാധാന്യത്തെക്കുറിച്ചും ഓർഗാനിക് ഫെയർ ട്രേഡിനെക്കുറിച്ചും, സർട്ടിഫിക്കേഷനെകുറിച്ചും ICS കോഡിനേറ്റർ ശ്രീ. ജോബി ക്ലാസ് എടുത്തു. തുടർന്ന് RFC യുടെ ഇലക്ഷൻ നടത്തുകയും ചെയ്തു.

**ദേശീയ ജൽ ജീവൻ മിഷൻ**

**എടവണ്ണ പഞ്ചായത്ത്**

ബോധവത്ക്കരണ പോസ്റ്റർ, ടേബിൾ കലണ്ടർ, നോട്ടീസ് വിതരണം : എടവണ്ണ പഞ്ചായത്തിലെ അംഗനവാടികൾ, പഞ്ചായത്ത് ഓഫീസ്, സ്കൂളുകൾ, എന്നിവിടങ്ങളിൽ ബോധവത്ക്കരണ പോസ്റ്റർ, ടേബിൾ കലണ്ടർ, നോട്ടീസ് എന്നിവ നൽകി,

**സ്ട്രീറ്റ് പ്ലേ :** WSSS മാനന്തവാടിയുടെ സ്ട്രീറ്റ്പ്ലേ ടീമിന്റെ നേതൃത്വത്തിൽ എടവണ്ണ, ഒതായി ടൗണുകളിൽ സ്ട്രീറ്റ് പ്ലേ നടത്തി. ഫാദർ. ബിനോയ് കെ. സെബാസ്റ്റ്യൻ, ഫാദർ. ജിനോജ് പാലതടത്തിൽ , ടീം ലീഡർ ദീപു എന്നിവരുടെ പരിപാടിക്ക് നേതൃത്വം നൽകി. ധാരാളം ആളുകൾ സ്ട്രീറ്റ് പ്ലേ കാണാൻ എത്തിയിരുന്നു.

**അംഗനവാടി ബോധവത്ക്കരണം:** എടവണ്ണ, ഒതായി പഞ്ചായത്തുകളിലെ രണ്ട് അംഗനവാടികളിലായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു.

**ഊർങ്ങാട്ടിരി പഞ്ചായത്ത്**

അംഗൻവാടി & സ്കൂൾ പെയിന്റിംഗ്, അംഗനവാടി ബോധവത്കരണവും ബാഗ് വിതരണവും നടത്തി. വാപ്പ് ഡാറ്റാ ശേഖരണം ക്രോഡീകരണം, പഞ്ചായത്തിലെ ടൂറിസം മേഖലകളിലും പൊതുസ്ഥലങ്ങളിലും ജലസംരക്ഷണ ബോധവത്കരണ പോസ്റ്ററുകൾ ഒട്ടിച്ചു. പഞ്ചായത്തിലെ വിവിധ അംഗൻവാടികൾ, പൊതു സ്ഥാപനങ്ങൾ, സർക്കാർ ഓഫിസുകൾ, സ്കൂളുകൾ, പഞ്ചായത്ത് മെമ്പർമാർ, പഞ്ചായത്ത് ഓഫിസ് ഉദ്യോഗസ്ഥർ എന്നിവർക്ക് കലണ്ടർ, നോട്ട് പാഡ്, ടേബിൾ കലണ്ടർ, നോട്ടീസ് എന്നിവ വിതരണം ചെയ്തു. പനമ്പിലവ് അംഗൻവാടിയിൽ കുട്ടികൾക്ക് JJM Awareness നെയിം സ്ലിപ്പുകൾ വിതരണം ചെയ്തു

ഊർങ്ങാട്ടിരി പഞ്ചായത്തിലെ പത്തു അംഗൻവാടികളായ പനമ്പിലാവ്, വിളക്കുപറമ്പ് (എടക്കട്പറമ്പ്), വടക്കുമുറി, ഈസ്റ്റ് വടക്കുമുറി, പാവണ്ണ, കുണ്ടുവഴി, കുരികലമ്പാടു, മൈത്ര കിണറടപ്, പൂവത്തിക്കൽ എന്നിവിടങ്ങളിൽ 350 sq. ft അളവിൽ ചുമർ പെയിന്റിംഗ് ചെയ്തു. സ്കൂളുകളായി Govt. H.S വെറ്റിലപാറ, ALPS വടക്കുമുറി, GMUPS മൂർക്കനാട്, കല്ലറ്റിക്കൽ L. P. S, മൈത്ര GUPS, GLPS -തേഞ്ജീരി, GLPS തെച്ചെണ്ണ കൂത്തുപറമ്പ്, GLPS പാവണ്ണ, എന്നിവിടങ്ങളിലും 80sq.ft ഏരിയ പെയിന്റിംഗ് നടത്തി. പെയിന്റിംഗ് നടത്തുന്നതിനായി പഞ്ചായത്ത് പ്രസിഡണ്ടിന്റെയും, സെക്രട്ടറിയുടെയും അനുമതി വാങ്ങിയിരുന്നു.

30/5/2023 നു ഊർങ്ങാട്ടിരി പഞ്ചായത്ത് ഓഫിസിന് മുമ്പിൽ വെച്ച് ജലാസംരക്ഷണ അവയെർനെസ്സിന്റെ ഭാഗമായി സ്ട്രീറ്റ് പ്ലേ സംഘടിപ്പിച്ചു. ഫാ. ബിനോയ് കെ സെബാസ്റ്റ്യൻ, ഫാ. ജിനോജ് പാലതടത്തിൽ , ടീം ലീഡർ ദീപു എന്നിവരുടെ സാന്നിദ്ധ്യത്തിൽ WSSS മാനന്തവാടിയുടെ സ്ട്രീറ്റ്പ്ലേ ടീം മനോഹരമായി പരിപാടി അവതരിപ്പിച്ചു. കമ്മ്യൂണിറ്റി ഫെസിലിറ്റർ ശ്രീമതി ഫൗസിയ എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുത്തു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാക്കുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18218 കർഷകരാണ് 1099 ഗ്രൂപ്പുകളിലായി (48 ICS- Internal controlsystem) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡപ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായോ (FCH) ചുവടെയുള്ള ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

**ICS കോ-ഓർഡിനേറ്റർ: 9778636084**

**റീജിണൽ ഫാർമേഴ്സ് കോൺഫെഡറേഷൻ കമ്മിറ്റി തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചു**

വൊഫാ, കഫെ പ്രസ്ഥാനങ്ങളുടെ 2023-26 കാലഘട്ടത്തിലേക്കുള്ള റീജിണൽ ഫാർമേഴ്സ് കോൺഫെഡറേഷൻ കമ്മിറ്റി തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചു. കഫെയിൽ ഉൾപ്പെടുന്ന പനമരം പഞ്ചായത്തിലെ RFC യോഗം ചെറുകാട്ടൂർ പാരിഷ് ഹാളിലും, മാനന്തവാടി, തിരുനെല്ലി പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പ് യോഗം WSSS ഓഡിറ്റോറിയത്തിൽ വച്ചും, വെള്ളമുണ്ട, തൊണ്ടർനാട് പഞ്ചായത്തിലുൾപ്പെടുന്ന RFC യോഗം ഒഴുക്കൻമൂല പാരിഷ് ഹാളിൽ വച്ചും, ഇടവക പഞ്ചായത്ത് RFC യോഗം

കല്ലോടി പാരിഷ് ഹാളിൽ വച്ചും, തവിഞ്ഞാൽ RFC യോഗം കാട്ടിമൂല പാരിഷ് ഹാളിൽ വച്ചും, ഓവാലി, ദേവർഷോല, ശ്രീ മധുര, ഗൂഡല്ലൂർ, നടുവട്ടം, ചാമ്‌രാജ് നഗർ, പഞ്ചായത്തുകളിലെ RFC യോഗം NDS ഹാളിൽ വച്ചും, നെല്ലാക്കോട്ട, ചേരങ്കോട്, നെല്ലിയാളം പഞ്ചായത്തുകളിലെ RFC യോഗം കൽപ്പറ പാരിഷ് ഹാളിൽ വച്ചും നടത്തപ്പെട്ടു.

വൊഫയിൽ ഉൾപ്പെടുന്ന മുള്ളൻകൊല്ലി, പുൽപള്ളി RFC യോഗം മുള്ളൻകൊല്ലി മിൽക്ക് സൊസൈറ്റി ഹാളിൽ വച്ചും, പൂതാടി RFC കേണിച്ചിറ സെന്റ് സെബാസ്റ്റ്യൻ ചർച്ച് ഹാളിൽ വച്ചും മൂപ്പൈനാട്, മേപ്പാടി പഞ്ചായത്തുകളിലെ ഞഎഇ യോഗം വടുവഞ്ചാൽ പാരിഷ് ഹാളിൽ വച്ചും, അമ്പലവയൽ RFC യോഗം അമ്പലവയൽ സെന്റ്. മാർട്ടിൻസ് ചർച്ച് ഓഡിറ്റോറിയത്തിൽ വച്ചും നെന്മേനി RFC യോഗം ചീരാൽ സാംസകാരിക നിലയത്തിൽ വച്ചും ബത്തേരി, നൂൽപ്പുഴ, മീനങ്ങാടി പഞ്ചായത്ത് RFC യോഗം ബത്തേരി അസംപ്ഷൻ ചർച്ച് ഓഡിറ്റോറിയത്തിൽ വച്ചും കൽപ്പറ്റ, കോട്ടത്തറ, തരിയോട് പഞ്ചായത്ത് RFC യോഗം കോട്ടത്തറ കമ്മ്യൂണിറ്റി ഹാളിൽ വച്ചും പടിഞ്ഞാറത്തറ, വെങ്ങപ്പള്ളി, പൊഴുതന, വൈത്തിരി RFC യോഗം പടിഞ്ഞാറത്തറ കമ്മ്യൂണിറ്റി ഹാളിൽ വച്ചും, മുട്ടിൽ, കണിയാമ്പറ്റ RFC യോഗം തെനേരി പാരിഷ് ഹാളിൽ വച്ചും, നടത്തപ്പെട്ടു. യോഗങ്ങളിൽ ബയോവിൻ, വോഫാ ചെയർമാൻ അഡ്വ. ഫാ. ജോൺ ജോസഫ്, ബയോവിൻ അസോ. ഡയറക്ടർ /കഫെ ചെയർമാൻ ഫാ. ബിനു പൈനുങ്കൽ, പർച്ചേസ് മാനേജർ ശ്രീ. ഷാജി ജോസ്, ICS കോർഡിനേറ്റർ ശ്രീ.ജോബി വർഗീസ്, കഫെ കോർഡിനേറ്റർ ശ്രീ. ബിബിൻ മാത്യു, വോഫാ കോർഡിനേറ്റർ ശ്രീ.വിനായക് ജയൻ, ക്വാളിറ്റി മാനേജർ കുമാരി അഞ്ജലി ഡാനിയേൽ എന്നിവർ പങ്കെടുക്കുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**റയിൻഫോറെസ്റ് അലയൻസ് ഓഡിറ്റ് പൂർത്തീകരിച്ചു**

സുസ്ഥിര മാനദണ്ഡങ്ങളിലൊന്നായ റയിൻഫോറെസ്റ് അലയന്സിന്റെ വാർഷിക പരിശോധന ഇൻഡോസ്റ്റ് ഓഡിറ്റർമാരായ ശ്രീ. ബബീഷ് ഭാസ്കരൻ പൂർത്തീകരിച്ചു. കർഷകരും തൊഴിലാളികളുമായി സംസാരിക്കുകയും, കൃഷിയിടങ്ങളിൽ പരിശോധന നടത്തുകയും ചെയ്തു. പുതിയ മാനദണ്ഡങ്ങൾക്കനുസൃതമായി ആവശ്യമായ മാറ്റങ്ങളെക്കുറിച്ചും വിശദീകരിക്കുകയും ബയോവിന്നിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും , ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റെർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റെർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

**സംഭരണം**

ജൂൺ മാസം പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും 607000 കിലോ കാപ്പി കിലോയ്ക്ക് 142 രൂപ നിരക്കിലും കുരുമുളക് 12000 കിലോ 540 രൂപ നിരക്കിലും, പച്ച മഞ്ഞൾ 1600 കിലോ 23 രൂപ നിരക്കിലും സംഭരിച്ചു. ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം) കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, ഇഞ്ചി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**തത്സമയ ഫോൺ ഇൻ പരിപാടി**

കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്ന സുരക്ഷ പദ്ധതികളേക്കുറിച്ച് അറിയേണ്ടതെല്ലാം എന്ന വിഷയത്തിൽ നബാർഡിന്റെ സഹകരണത്തോടെ മെയ് 19 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ലീഡ് ബാങ്ക് മാനേജർ ബിബിൻ മോഹൻ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി. ജൂൺ 21 യോഗദിനത്തിനു മുന്നോടിയായി ജൂൺ 10 ന് യോഗദിന പ്രത്യേക തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു.

**ഗ്രാമമാറ്റൊലി**

തരുവണ പാലയാണ ഗ്രാമത്തിൽ മെയ് 20 ന് ഗ്രാമ മാറ്റൊലി സംഘടിപ്പിച്ചു. വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുധി രാധാകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു.

മെയ് 27 ന് തേറ്റമലയിൽ ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു.

**സുരക്ഷ**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ലീഡ് ബാങ്കിന്റെ നേതൃത്വത്തിൽ റേഡിയോ മാറ്റൊലിയിൽ സാമൂഹ്യ സാമ്പത്തികസുരക്ഷാ ബോധവത്കരണ പരിപാടി ആരംഭിച്ചു.

**പിക്നിക്**

മെയ് 30 ന് മാറ്റൊലി ടീം പിക്നിക് നടത്തി. കോഴിക്കോട് ജില്ലയിലെ അകലാപ്പുഴ, സർഗാലയ ക്രാഫ്റ്റ് വില്ലേജ് എന്നിവിടങ്ങൾ സന്ദർശിച്ചു.

**വാർഷികം**

ജൂൺ 1 റേഡിയോ മാറ്റൊലിയുടെ ജന്മദിനം ലളിതമായി ആഘോഷിച്ചു.

**സന്ദർശനം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളേക്കുറിച്ച് പഠിക്കാൻ വന്ന ജർമ്മനി സ്വദേശിയായ സോണിയ ജൂൺ 3 ന് മാറ്റൊലി സന്ദർശിച്ചു.

**സ്നേഹതീരം - ശ്രോതാക്കളുടെ സംഗമം**

റേഡിയോ മാറ്റൊലി ശ്രോതാക്കളുടെ കൂട്ടായ്മയായ മാറ്റൊലിക്കൂട്ടത്തിന്റെ ആഭിമുഖ്യത്തിൽ സ്നേഹതീരം എന്ന പേരിൽ ശ്രോതാക്കളുടെ സംഗമം നടത്തി. ജൂൺ 10 ന് ദ്വാരക എ.യു പി സ്കൂളിൽ നടത്തിയ പരിപാടിയോടനുബന്ധിച്ച് മാറ്റൊലിക്കൂട്ടം അംഗങ്ങളുടെ വിവിധ കലാസൃഷ്ടികൾ അവതരിപ്പിച്ചു.

**ഇന്റേൺഷിപ്പ്**

മുട്ടിൽ ഡബ്ല്യൂ. എം. ഓ കോളേജിലെ നെസ്ല ഷിഹാബ്, ഉബൈസ് വി.കെ, മുഹമ്മദ് റഷ്ദാൻ, ഹിബ കെ, ഫാത്തിമ ഇഷ എന്നിവർ ഒരാഴ്ചത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കി.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ




# കത്തോലിക്കാ കോൺഗ്രസ്സ് AKCC

**കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതി മീറ്റിംഗ്**

കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപത സമിതിയുടെ മീറ്റിംഗ് മെയ് മാസം 27-ാം തീയതി പഴൂർ സെന്റ് ആന്റണീസ് പള്ളിയുടെ പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. യോഗത്തിൽ രൂപത പ്രസിഡന്റ് ശ്രീ സാജു അധ്യക്ഷത വഹിച്ചു. മീറ്റിംഗിന്റെ ഔപചാരികമായ ഉദ്ഘാടനം ഫാ. ജോസ് മേച്ചേരിയിൽ നിർവഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ അനുഗ്രഹപ്രഭാഷണം നടത്തി. രൂപത ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ സംസ്ഥാന സമ്മേളനത്തിന്റെ കണക്ക് അവതരിപ്പിക്കുകയും സമിതി കണക്കുകൾ പാസാക്കുകയും ചെയ്തു. തുടർന്ന് ഭാവി പരിപാടികൾ ചർച്ച ചെയ്യുകയും മണിപ്പൂർ വിഷയത്തിൽ കത്തോലിക്കാ കോൺഗ്രസ് ശക്തമായ ഇടപെടലുകൾ നടത്തണമെന്ന് തീരുമാനം ഉണ്ടാവുകയും ചെയ്തു.

**കത്തോലിക്കാ കോൺഗ്രസ് ഗൂഡല്ലൂർ റീജിയൺ സമ്മേളനം. കാത്തലിക് കമ്മ്യൂണിറ്റി കോൺക്ലേവു (സിസിസി)**

കത്തോലിക്ക കോൺഗ്രസ് തമിഴ്നാട് ഘടകത്തിന്റെ നേതൃത്വത്തിൽ കാത്തലിക് കമ്മ്യൂണിറ്റി കോൺകേവ് എന്ന പേരിൽ ഒരു സമ്മേളനം നടത്തി. സമ്മേളനത്തിന്റെ അധ്യക്ഷത മേഖലാ പ്രസിഡണ്ട് ശ്രീ. അഡ്വ. ഷിനു നിർവഹിച്ചു. 'സാമുദായിക മുന്നേറ്റം കാലഘട്ടത്തിന്റെ ആവശ്യം' എന്ന വിഷയത്തിൽ താമരശ്ശേരി രൂപതാ കത്തോലിക്ക കോൺഗ്രസ് ഡയറക്ടർ റവ. ഫാ. സബിൻ തൂമുള്ളിൽ മുഖ്യപ്രഭാഷണം നടത്തി. നീലഗിരി റീജിയൻ ഡയറക്ടർ ഫാ. ബിജു പൊൻപാറ പരിപാടി ഉദ്ഘാടനം ചെയ്തു. കോൺഗ്രസ് ഗൂഡല്ലൂർ ഡയറക്ടർ ഫാ. സിജോ ഇടക്കുടി അനുഗ്രഹ പ്രഭാഷണം നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ വിഷയാവതരണം നടത്തുകയും രൂപതാ ജനറൽ സെക്രട്ടറി ശ്രീ സെബാസ്റ്റ്യൻ പുരയ്ക്കൽ ആളുകളുമായി സംവദിക്കുകയും ചെയ്തു. ഫാ. ബിനോയ് കാശാൻകുറ്റിയിൽ യോഗത്തിൽ സന്നിഹിതനായിരുന്നു.

**മണിപ്പൂർ കലാപം കേന്ദ്രം ഇടപെടണം**
**കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപത സമിതി**

**കൽപ്പറ്റ:** മണിപ്പൂരിലെ വംശീയ കലാപങ്ങൾ അവസാനിപ്പിക്കുവാനും ന്യൂനപക്ഷങ്ങളുടെ ജീവനും സ്വത്തിനും ജീവനോപാധികൾക്കും സംരക്ഷണം നൽകുവാനും കേന്ദ്ര സർക്കാർ മണിപ്പൂരിൽ അടിയന്തരമായി കർശന നടപടികളോടെ ഇടപെടണമെന്നും കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതി ആവശ്യപ്പെട്ടു. വലിയൊരു വിഭാഗം ആളുകളുടെ ഭവനങ്ങൾ കലാപകാരികൾ അഗ്നിക്കിരയാക്കി. ധാരാളം ആരാധനാലയങ്ങൾ നശിപ്പിക്കപ്പെട്ടു. ഇവയെല്ലാം കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ ചേർന്ന് പുനർനിർമ്മിച്ച് നൽകണം. മിസോറമിലേക്ക് പാലായനം ചെയ്തവരെ തിരിച്ച് കൊണ്ടുവരുവാൻ ശക്തമായ നടപടികൾ ഉണ്ടാകണം.

മണിപ്പൂരിലെ ക്രൈസ്തവ സമൂഹത്തിന്റെ അവസ്ഥ ഏറെ ദയനീയമാണ്. വീടും വസ്ത്രവും മരുന്നും ഭക്ഷണവുമില്ലാതെ നരകയാതന അനുഭവിക്കുന്നു. ഇതിനെല്ലാം ശാശ്വത പരിഹാരമുണ്ടാകുവാൻ അടിയന്തര നടപടികൾ ഉണ്ടാകണം.

മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിങ്കളാഴ്ച വൈകിട്ട് കൽപ്പറ്റയിൽ പ്രതിഷേധ പ്രകടനം നടത്തി. കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതയിലെ വിവിധ മേഖലകളിൽ നിന്നും ആളുകൾ പങ്കെടുത്തു.

**മണിപ്പൂർ കലാപം: AKCC പ്രതിഷേധ ജ്വാല**

**ബത്തേരി:** മണിപ്പൂരിൽ ക്രൈസ്തവർക്കും അവരുടെ ജീവനും സ്വത്തിനും ജീവനോപാധികൾക്കും കൊടിയ നാശം വിതക്കുന്ന കലാപം അവസാനിപ്പിക്കുവാൻ കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ കർശന നടപടികൾ സ്വീകരിക്കാൻ മടി കാണിക്കുന്നതിൽ പ്രതിഷേധിച്ച് കത്തോലിക്കാ കോൺഗ്രസ് ബത്തേരി ഫെറോനാ കമ്മറ്റി ബത്തേരിയിൽ പ്രതിഷേധ ജ്വാല തെളിയിച്ചു. പ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയും നേരിട്ട് ഇടപെട്ടിട്ടും കലാപത്തിന് ശമനം ഉണ്ടായിട്ടില്ല. വീണ്ടും കൊലപാതകങ്ങൾ വർദ്ധിച്ച് വരുന്നതിൽ കത്തോലിക്കാ സമുദായത്തിന് വലിയ ആശങ്കയുണ്ട്. എല്ലാം നഷ്ടപ്പെട്ടവർക്ക് അതെല്ലാം തിരിച്ച് നൽകി അവർക്ക് പഴയ ജീവിത അവസ്ഥയിലേക്ക് എത്തിക്കുവാൻ ഭരണകൂടങ്ങൾ പ്രതിബദ്ധത കാണിക്കണം. മതേതര ഇന്ത്യയിൽ ഭരണഘടന നൽകിയിട്ടുള്ള അവകാശം സ്ഥാപിച്ച് കിട്ടണം.

ഫെറോന പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് ജേക്കബ് ബത്തേരി അധ്യക്ഷത വഹിച്ചു. ചാൾസ് വടശ്ശേരി, സാജു പുലിക്കോട്ടിൽ, മോളി മാമൂട്ടിൽ, സെബാസ്റ്റ്യൻ ചക്കാലക്കൽ, ജോയി പുളിക്കൽ, ചെറിയാൻ ആലുങ്കൽ എന്നിവർ പ്രസംഗിച്ചു.

**കത്തോലിക്ക കോൺഗ്രസ് സംസ്ഥാന വർക്കിംഗ് കമ്മിറ്റി**

എറണാകുളം പി. ഓ. സിയിൽ വച്ച് നടന്ന കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന വർക്കിംഗ് കമ്മിറ്റി യോഗത്തിൽ ഗ്ലോബൽ സെക്രട്ടറി ശ്രീമതി അഡ്വ. ഗ്ലാഡിസ് ചെറിയാൻ പങ്കെടുത്തു. കൂടാതെ ഓൺലൈൻ മീറ്റിങ്ങിൽ രൂപത പ്രസിഡന്റ് ശ്രീ. കെ. പി സാജു സെബാസ്റ്റ്യൻ പുരക്കൽ എന്നിവർ സംബന്ധിക്കുകയും ചെയ്തു.

**ഭീമ ഹർജി**

കത്തോലിക്കാ സമുദായം ഭാരതത്തിലും കേരളത്തിലും ഭാരതത്തിന്റെ വിവിധയിടങ്ങളിലും നേരിടുന്ന അക്രമങ്ങൾക്കും അനീതിക്കും എതിരെ സർക്കാരിന്റെ കണ്ണുതുറപ്പിക്കുവാൻ 5 ലക്ഷം പേരുടെ ഒപ്പ് ശേഖരിച്ചുകൊണ്ട് ഭീമമായ പ്രതിഷേധ ഹർജി കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ മുമ്പിൽ എത്തിക്കുവാൻ ഉള്ള പ്രവർത്തനം രൂപീകരിക്കുകയും ചെയ്തു.

**സെബാസ്റ്റ്യൻ പുരയ്ക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

**May – June 2023**

- Classes for the academic year 2023-24 commenced on 1st June 2023.
- II Semester PG Examination commenced on 14th June 2023.
- The new college website was inaugurated by His Excellency Rt. Rev. Dr. Jose Porunnedom, Patron of Our College, on 7th June 2023. Dr. Maria Martin Joseph, Principal welcomed the gathering. The key Website elements was explained through a live demonstration. The function was also graced by Rev Msgr Paul Mundolickal (Manager) Rev Fr Sibichan Chelackapallil and members of the College Governing Body.
- The Department Headship rotation was implemented as per the Kannur University order from 1st June 2023. The names and the respective tenure of the HODs are as follows

| Sl. No. | Name | Department | Tenure |
|---|---|---|---|
| 1 | Ms. Jisha T E | Computer Science | 01.06.2023 to 31.05.2026 |
| 2 | Mr. Binoy Joseph | Mathematics | 01.06.2023 to 31.05.2026 |
| 3 | Dr. Rajitha Xavior | Commerce | 01.06.2023 to 31.05.2026 |
| 4 | Dr. Sijo A K | Physics | 23.07.2021 to 31.05.2024 |
| 5 | Mr. Toby K Joseph | English | 01.06.2022 to 31.05.2025 |

| | | | |
|---|---|---|---|
| 6 | Dr. Eldho K J | Social Science Economics | 01.06.2022 to 31.05.2025 |
| 7 | Dr. Sanu V F | Zoology | 01.04.2023 to 31.05.2026 |

- NCC: Organized slogan writing and poster making competition in connection with PUNEET SAGAR ABHIYAN on 8$^{th}$ June 2023.
  Organized seminar on “Opportunities in Defence Services”, by Commander Mathew P Mathew, Commanding Officer, 9 K Naval Battalion Kozhikode on 8$^{th}$ June 2023.
- IV Semester PG examination commenced on 24$^{th}$ April 2023.
- Interview for the appointment of guest lecturers for the academic year 2023-24 was held on 27$^{th}$ April 2023 and 2$^{nd}$ to 5$^{th}$ May 2023.
- Mr. Sabu O J:-Attended a five day workshop on “Deep learning for textual and visual information processing” organized by Department of Computer Science, CUSAT, from 24$^{th}$ to 28$^{th}$ April 2023.
- Mr. Midhun Shaji:-Attended a five day workshop on “Deep learning for textual and visual information processing” organized by Department of Computer Science, CUSAT, from 24$^{th}$ to 28$^{th}$ April 2023.
  -Attended a five day workshop on “Data Modeling and Forecasting” organized by Department of Information Technology, Kannur University, from 2$^{nd}$ to 6$^{th}$ May 2023.
- Dr. Maria Martin Joseph: -Participated in a three day ‘Capacity Development Program for College Principals’ from 27$^{th}$–29$^{th}$ April 2023 through online / offline mode, organised by Institute of Academic Excellence (IAE), Hyderabad in collaboration with Collegiate Education and Technical Education Department, Govt. of Telangana and Jawaharlal Nehru Technological university (JNTUH), Hyderabad.
  Participated in the Annual Conference of Principals organized

by the Council of Principals of Colleges in Kerala on 11th May 2023 at CMS College, Kottayam. The topic of the conference was, 'Changes and Challenges in Higher Education'.

- Department of Computer Science: PG and research department of computer science organized a photography contest as part of World Environment Day celebration on 5th June 2023. The theme was 'Beat Plastic Pollution' and Sr. Elizabeth M J, Assistant Professor was the coordinator of the programme.
- Dr. Ramya Krishnan M: Participated in the GeM training session organized by RUSA Kerala State Project Directorate on 26th May 2023.
- Mr. Sabu O J: NTA Observer - NEET 2023 at Sanjoe Public School Mananthavady on 7th May 2023.

  Attended 7 Day National Level Online (7pm to 10pm) Faculty Development Program on Outcome Based Education (OBE) organized by Nirmala College, Muvattupuzha in association with The Kerala State Higher Education Council from 10th to 17th May 2023.

  Observer - KEAM 2023 at SKMJHSS Kalpetta on 17th May 2023.

  Attended an interview for the post of NCC caretaker, Mary Matha College, at NCC Group Head Quarters Kozhikode on 18th May 2023. Attended 5 days Orientation Course for Caretakers held at 9 Kerala Naval Unit NCC, Kozhikode from 25th to 29th May 2023.

  Coordinated a Three Day hands on workshop to build real life applications using AI and ML, jointly organized by the Department of Computer Science Mary Matha Arts & Scien ce College Mananthavady and Department of Computer Appli cations, Cochin University of Science and Technology from 26th to 28th May 2023.
- Dr. Rajitha Xavior: Attended a 3 day International Virtual Workshop on Research Article Writing and Publications in

High Impact Journals jointly organized by Lavender Literary Club, India, Cape Comorin Trust, India, Malaysian Industrial Relations & Human Resource Association (MIRHA), Malaysia from 4th to 6th May 2023.

Published an article entitled 'Impulse Buying Behavior - A Literature review' in the UGC care-listed journal 'South India Journal of Social Sciences' ISSN: 0972 – 8945, Vol. XXI, No.19, June 2023, 135-141.

- Dr. Eldho K J: Published a book "Data Structures and Algorithms using C" with ISBN no" by CiiT Publishers in the month of May.

  Attended a webinar conducted by St Joseph's college Devagiri on "RESEARCH METHODOLOGY- Research Oriented Information Sources for High Impact Publishing" on 30th May 2023.

  Reviewed a Paper Real time classification and detection of apple leaf disease at early stage employing enhanced paddy field pattern search method with 2LC in the Web of Science Journal (WoS), IJST (Indian Journal of Science and Technology)

**Dr. Maria Martin Joseph**
Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള ഹയർസെക്കണ്ടറി വിദ്യാലയങ്ങൾ പ്ലസ് ടു പരീക്ഷ യിൽ മികവാർന്ന വിജയങ്ങൾ കൈവരിച്ചു. മധ്യവേനലവധിക്കു ശേഷം വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിക്കുകയും പുതിയ അധ്യയനവർഷത്തിൽ മികവാർന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

**വിദ്യാലയവാർത്തകൾ**

**എൽ. പി. വിഭാഗം**

### I. ദേവമാതാ എൽ. പി. സ്കൂൾ ആടിക്കൊല്ലി

വിദ്യാലയത്തിലെ പ്രവേശനോത്സവം സമുചിതമായി സംഘ ടിപ്പിച്ചു. സ്ഥലം മാറി പോകുന്ന പ്രധാനാധ്യാപകയ്ക്ക് സമുചിത മായ യാത്രയയപ്പ് നൽകി. പരിസ്ഥിതി ദിനത്തിൽ വിദ്യാലയാങ്ക ണത്തിൽ വൃക്ഷത്തൈ നടുകയും വിവിധ മത്സരങ്ങൾ നടത്തുകയും ചെയ്തു.

### II. സെന്റ് തോമസ് എൽ.പി സ്കൂൾ അരിഞ്ചേർമല

മെയ്മാസാവസാനം സ്റ്റാഫ് കൗൺസിൽ ചേർന്ന് പുതിയ അധ്യായന വർഷത്തെ രൂപരേഖ തയ്യാറാക്കുകയും അധ്യാപ കർക്കുള്ള ചുമതലകൾ വിഭജിച്ചു നൽകുകയും ചെയ്തു. വിദ്യാ ലയം തുറക്കുന്നതിനു മുന്നോടിയായി പി ടി എ ജനറൽബോഡി യോഗം ചേരുകയും വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങ ളുടെ ശില്പശാല നടത്തുകയും ചെയ്തു. വിപുലമായ പരിപാടിക ളോടെ പ്രവേശനോത്സവദിനത്തിൽ നവാഗതരെ സ്വീകരിച്ചു. പരി സ്ഥിതിദിനം സമുചിതമായി ആചരിക്കുകയും മുഴുവൻ വിദ്യാർത്ഥി കൾക്കും വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും ചെയ്തു. പുതിയ അധ്യയനവർഷത്തിന്റെ ആദ്യ ആഴ്ചയിൽ തന്നെ പി.ടി.എ. ജനറലൽ ബോഡി ചേരുകയും പി.ടി.എ. ഭാരവാഹികളെയും എക് സിക്യൂട്ടീവ് അംഗങ്ങളെയും തിരഞ്ഞെടുക്കുകയും ചെയ്തു. മല യാള മനോരമ നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി 'വിത്ത് A FRIEND' പ്രവർത്തനം നടത്തുകയും വിദ്യാലയത്തിലെ മുഴുവൻ

വിദ്യാർത്ഥികൾക്കും നോട്ടുബുക്കുകളും നിർദ്ധന വിദ്യാർത്ഥികൾക്ക് ബാഗുകളും സമ്മാനിച്ചു.

**III. സെന്റ് പോൾസ് എൽ.പി. സ്കൂൾ പുതിയിടംകുന്ന്**

പുതിയ അധ്യായനവർഷത്തെ പ്രവേശനോത്സവം വിപുലമായി നടത്തി. വിദ്യാലയത്തിന്റെ അക്കാദമിക മാസ്റ്റർപ്ലാൻ പ്രകാശനം നിർവ്വഹിച്ചു. വിദ്യാലയത്തിൽ നിന്നും സ്ഥലം മാറി പോകുന്നവർക്കുള്ള യാത്രയയപ്പ് നൽകി. പരിസ്ഥിതിദിനം വിപുലമായി ആചരിച്ചു.

**IV. നിർമ്മല എൽ.പി. സ്കൂൾ ആലാറ്റിൽ**

പ്രവേശനോത്സവം പുതുമയാർന്ന പരിപാടികളോടെ നടത്തി. പരിസ്ഥിതിദിന പ്രവർത്തനങ്ങളുടെ ഭാഗമായി മുത്തശ്ശി മരത്തിനു ആദരമർപ്പിച്ചു. രക്ഷിതാക്കളുടെ പിന്തുണയോടെ ക്ലാസ്സ് ലൈബ്രറി നവീകരിച്ചു.

**V. എൽ.പി. സ്കൂൾ കണിയാരം**

പുത്തൻ പ്രതീക്ഷകളോടെ കടന്നുവന്ന നവാഗതർക്കായി പ്രവേശനോത്സവം സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും മധുരപലഹാരങ്ങളും വിതരണം ചെയ്തു.

**VI. സെന്റ് തോമസ് എൽ.പി സ്കൂൾ നടവയൽ**

പുതിയ അധ്യായന വർഷത്തിന്റെ മുന്നോടിയായി വിദ്യാലയവും പരിസരവും ശുചീകരിച്ചു. വിദ്യാലയത്തിന്റെ വെഞ്ചരിപ്പ് കർമ്മവും പ്രവോശനോത്സവവും സംഘടിപ്പിച്ചു. പരിസ്ഥിതിദിനത്തിൽ വൃക്ഷത്തൈ നേടുകയും പരിസ്ഥിതിദിന സന്ദേശം നൽകുകയും ചെയ്തു.

**VII. സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ പോരൂർ**

ജൂൺ ഒന്നിന് സ്കൂൾ പ്രവേശനോത്സവം നടത്തി. പോസ്റ്റർ രചന, സ്കൂളിന് ഒരു ചെടിച്ചട്ടി, വീട്ടിൽ മരത്തൈ നടാം എന്നിങ്ങനെ വിവിധ പരിപാടികളോടെ പരിസ്ഥിതി ദിനം നടത്തപ്പെട്ടു.

**VIII. പ്രൊവിഡൻസ് എൽ.പി. സ്കൂൾ വെള്ളൂന്നി**

പ്രവേശനോത്സവം സമുചിതമായി സംഘടിപ്പിക്കപ്പെട്ടു. നവാഗതർക്ക് ബാഗുകൾ വിതരണം ചെയ്തു. പരിസ്ഥിതിദിനത്തിൽ വ്യത്യസ്ത പ്രവർത്തനങ്ങൾ നടത്തി. വിദ്യാലയ മുറ്റത്ത് വൃക്ഷത്തൈ നട്ടു. പോസ്റ്റർ രചന, പരിസ്ഥിതിഗാനം ആലപിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തി.

**IX. സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

നവാഗതരെ അക്ഷരകിരീടമണിയിച്ചും ബലൂണുകൾ നൽകിയുംസ്വീകരിച്ചു. പരിസ്ഥിതിദിനം ആചരിച്ചു. വ്യത്യസ്തയിനം മാവിൻതൈകൾ വിതരണം ചെയ്തു. ബാലവേല വിരുദ്ധദിനത്തിന്റെ പ്രാധാന്യം വീഡിയോ പ്രസന്റേഷനിലൂടെ വിദ്യാർത്ഥികൾക്ക് നൽകി.

**X. സെന്റ് മാർട്ടിൻസ് എൽ.പി. സ്കൂൾ ഒണ്ടയങ്ങാടി**

പുതിയ അധ്യയന വർഷത്തിലേക്ക് വിദ്യാർത്ഥികളെ സ്വാഗതം ചെയ്തുകൊണ്ട് പ്രവേശനോത്സവം നടത്തി. വൃക്ഷത്തൈ നട്ടും സന്ദേശം നൽകിയും മത്സരങ്ങൾ സംഘടിപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**XI. സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ വാഴവറ്റ**

പ്രവേശനോത്സവം സമുചിതമായി ആഘോഷിച്ചു. കുട്ടികൾക്ക് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**XII. സെന്റ് ജോർജ് എൽ.പി. സ്കൂൾ അമ്പായത്തോട്**

പ്രവേശനോത്സവദിനത്തിൽ വിദ്യാലയത്തിൽ പുതിയതായി നിർമിച്ച കിച്ചൻ കം സ്റ്റോറിന്റെ ഉദ്ഘാടനം നിർവഹിച്ചു. പരിസ്ഥിതിദിനത്തിൽ വൃക്ഷത്തൈ നടുകയും വിവിധ മത്സരങ്ങൾ നടത്തുകയും ചെയ്തു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി.

**XIII. സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ ഏലപ്പീടിക**

2023-24 അധ്യായനവർഷം ആരംഭിക്കുന്നതിനു മുന്നോടിയായി പി.ടി.എ. മീറ്റിംങ് ചേരുകയും വിദ്യാലയവും പരിസരവും വൃത്തിയാക്കുകയും ചെയ്തു. കുട്ടികൾക്ക് യൂണിഫോമും പാഠപുസ്തകങ്ങളും വിതരണം ചെയ്തു.

**യു.പി. വിഭാഗം**

**I. സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

പ്രവേശനോത്സവം മനോഹരമായി സംഘടിപ്പിക്കുകയും പുതിയ പ്രധാനാധ്യാപകന് സ്വാഗതം നൽകുകയും ചെയ്തു. പരിസ്ഥിതിദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. അന്താരാഷ്ട്ര മ്യൂസിയം ദിനാചരണത്തിന്റെ ഭാഗമായി നടത്തിയ മത്സരത്തിൽ പ്രോത്സാഹനസമ്മാനം നേടി.

**II. സെന്റ് ആന്റണീസ് യു.പി. സ്കൂൾ കോട്ടത്തറ**

പ്രവേശനോത്സവത്തോടെ പുതിയ അധ്യായനവർഷം ആരംഭിച്ചു. പരിസ്ഥിതിദിനത്തിന്റെ സന്ദേശം നൽകിക്കൊണ്ട് തൈകൾ നട്ടും പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനരുപയോഗം ചെയ്യുന്നതിന്റെ മാർഗ്ഗങ്ങൾ അവതരിപ്പിച്ചുകൊണ്ടും ആഘോഷിച്ചു. വിവിധ ഗ്രൂപ്പുകളായി തിരിച്ചുകൊണ്ട് നൈപുണി വികസന ക്ലാസ്സുകൾ ആരംഭിച്ചു.

**III. സെന്റ് തോമസ് എ.യു.പി. സ്കൂൾ ഇടിവണ്ണ**

വിദ്യാലയത്തിലെ അധ്യാപകരെല്ലാവരും അവധിക്കാല അധ്യാപക പരിശീലനത്തിൽ പങ്കെടുത്തു. ജൂൺ ഒന്നിന് വർണാഭമായ ചടങ്ങുകളോടെ പ്രവേശനോത്സവം നടത്തി. ജൂൺ അഞ്ചിന് പരിസ്ഥിതിദിനത്തിൽ കറിവേപ്പ് വിതരണവും കൈമാറ്റവും നടത്തി.

**IV. സെന്റ് മേരീസ് എ. യു. പി. സ്കൂൾ കബനിഗിരി**

വിദ്യാലയത്തിന്റെ നാല്പത്തിയേഴാം വാർഷികവും കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി നിർമിച്ചു നൽകിയ നവീനവിദ്യാലയത്തിന്റെ വെഞ്ചിരിപ്പുകർമ്മവും വിപുലമായ രീതിയിൽ നടത്തപ്പെട്ടു. പ്രവേശനോത്സവദിനത്തിൽ വിദ്യാലയത്തിലെത്തിയ നവാഗതരെ സമ്മാനങ്ങൾ നൽകി സ്വീകരിച്ചു. വിദ്യാലയത്തിൽനിന്നും സ്ഥലം മാറിപ്പോയ പ്രധാനാധ്യാപകന് യാത്രയയപ്പ് നൽകി. പരിസ്ഥിതിദിനം വിപുലമായ പരിപാടികളോടെ നടത്തപ്പെട്ടു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി.

**V അസംപ്ഷൻ എ.യു.പി. സ്കൂൾ ബത്തേരി**

പുതിയ അധ്യായനവർഷം വർണാഭമായ പരിപാടികളോടെ നടത്തി. ലോകപരിസ്ഥിതിദിനത്തിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തി. സഹപാഠിക്ക് ഒരു കൈത്താങ്ങ് എന്ന പേരിൽ പഠനോപകരണ ചലഞ്ച് നടത്തി .

**VI സെന്റ് തോമസ് എ.യു.പി സ്കൂൾ മുള്ളൻകൊല്ലി**

സ്കൂൾ തുറക്കുന്നതിന്റെ മുന്നോടിയായി കോളനികളിൽ ബോധവത്കരണ ക്ലാസ്സ് നടത്തി. പ്രവേശനോത്സവം സമുചിതമായി ആഘോഷിച്ചു. പരിസ്ഥിതിദിനം ഹരിതം എന്ന പേരിൽ സംഘടിപ്പിച്ചു വിവിധ മത്സരങ്ങൾ നടത്തി.

**VII അമ്പായത്തോട് യു. പി സ്കൂൾ**

സ്കൂൾ പ്രവേശനോത്സവത്തിനു മുന്നോടിയായി പഠനോത്സവംസംഘടിപ്പിച്ചു. പ്രവേശനോത്സവം മനോഹരമായി സംഘടിപ്പിച്ചു. പുതിയതായി നിർമ്മിച്ച കിച്ചൻ കം സ്റ്റോറിന്റെ ഉദ്ഘാടനം നിർവഹിച്ചു. പരിസ്ഥിതിദിനം വിപുലമായി ആചരിച്ചു.

**VIII സെന്റ് ആന്റണീസ് യു.പി സ്കൂൾ പഴൂർ**

കുരുന്നുമിഴികൾക്ക് വർണകാഴ്ചകളൊരുക്കിക്കൊണ്ട് പ്രവേശനോത്സവം സമുചിതമായി ആഘോഷിച്ചു. പരിസ്ഥിതിദിനാഘോഷത്തിന്റെ ഭാഗമായി വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് വിദ്യാലയ അങ്കണത്തിലും വനത്തിലും വൃക്ഷത്തൈകൾ നേടുകയും ബോധവൽക്കരണ ക്ലാസ്സുകൾ നൽകുകയും ചെയ്തു. പുതുതലമുറയിലെ പെൺകുട്ടികൾ കടന്നുപോകുന്ന മാനസികസംഘർഷങ്ങൾ കൗമാര പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ വിദ്യാലയത്തിലെ പെൺകുട്ടികൾക്ക് ക്ലാസ് നൽകി.

**IX സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

കുട്ടികൾക്ക് അവധിക്കാല പ്രവർത്തനങ്ങൾ നൽകി. ഉപജില്ലാതല പ്രവേശനോത്സവത്തിന് വിദ്യാലയം വേദിയായി. അക്കാദമിക മാസ്റ്റർപ്ലാൻ, ലെക്സികോ ഇംഗ്ലീഷ് ഡിക്ഷണറി, റോൾ മാഗസിൻ എന്നിവ പ്രകാശനം ചെയ്തു. സ്ഥലം മാറി പോകുന്ന അധ്യാപക അനധ്യാപകർക്ക് യാത്രയയപ്പ് നൽകി. പരിസ്ഥിതിദിനം 'നാമ്പ്' എന്ന പേരിൽ വ്യത്യസ്തങ്ങളായ പരിപാടികളോടെ നടത്തപ്പെട്ടു. കുട്ടികളുടെ പൊതുവിജ്ഞാനം വളർത്തുന്നതിനായി നടത്തിവരുന്ന സ്പ്ലാഷ് ക്വിസ്സ് ആരംഭിച്ചു.

**X സെന്റ് മേരീസ് എ. യു. പി. സകൂൾ തരിയോട്**

നവാഗതർക്ക് അക്ഷരക്കാർഡുകൾ കൊടുത്തും കിരീടമണിയിച്ചും സ്വീകരിച്ചു. വിദ്യാലയത്തിൽനിന്നും സ്ഥലം മാറിപ്പോകുന്ന അധ്യാപകർക്ക് യാത്രയയപ്പ് നൽകി. പരിസ്ഥിതിദിനം വിവിധങ്ങളായ പരിപാടികളോടെ സംഘടിപ്പിക്കപ്പെട്ടു. വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു.

**XI സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ കൊമ്മയാട്**

2023-24 അധ്യായനവർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് പ്രവേശനോത്സവം സംഘടിപ്പിച്ചു. ലോകപരിസ്ഥിതിദിനാഘോഷത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി

വ്യത്യസ്ത മത്സരങ്ങൾ, വിത്തുകൾ കൈമാറൽ, വൃക്ഷത്തൈ നടീൽ എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

**XII സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ പാടിച്ചിറ**

പുതിയതായി വിദ്യാലയത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ ആഘോഷപൂർവം സ്വീകരിച്ചു. വിദ്യാലയത്തിൽ നിന്നും സ്ഥലം മാറി പോകുന്ന അധ്യാപകർക്ക് സമുചിതമായ യാത്രയയപ്പ് നൽകി. പരിസ്ഥിതിദിനത്തിന്റെ ഭാഗമായി വിദ്യാലയ പരിസരത്ത് മുളതൈകൾ നടുകയും വലിച്ചെറിയൽ മുക്ത കേരളത്തിനായി പ്രതിജ്ഞയെടുക്കുകയും ചെയ്തു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി സഹപാഠികൾക്ക് പഠനോപകരണങ്ങൾ അടങ്ങിയ കിറ്റുകൾ സമ്മാനിച്ചു. ക്ലാസ്സ്തല ശില്പശാല സംഘടിപ്പിച്ചു.

**XII എ. യു. പി. സ്കൂൾ ദ്വാരക**

വിജ്ഞാനോത്സവത്തിന്റെ ഭാഗമായി ഒരു ദിനം ഒരറിവ് പരിപാടിക്ക് തുടക്കമായി. ഇതിന്റെ തുടർച്ചയായി പ്രതിമാസ ക്വിസ്സ് നടത്തുകയും വിജയികളെ ഉൾപ്പെടുത്തി വർഷാന്ത്യത്തിൽ മെഗാ ക്വിസ്സ് നടത്തപ്പെടുകയും ചെയ്യുന്നതാണ്.

**ഹൈസ്കൂൾ വിഭാഗം**

**I ഫാ. ജി. കെ. എം. ഹൈസ്ക്കൂൾ കണിയാരം**

SPC വിദ്യാർത്ഥികൾക്കായി സ്കൂൾതലത്തിലും ജില്ലാതലത്തിലും നടത്തപ്പെട്ട ക്യാമ്പുകളിൽ വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്തു. SSLC പരീക്ഷയിൽ 100 ശതമാനം വിജയവും 33 വിദ്യാർത്ഥികൾക്ക് മുഴുവൻ വിഷയങ്ങളിലും ഫുൾ എ പ്ലസ് ലഭിക്കുകയും ചെയ്തു.

**II സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

ജൂൺ ഒന്നിന് വിപുലമായ പരിപാടികളോടെ പ്രവേശനോത്സവം സംഘടിക്കപ്പെട്ടു. സംസ്ഥാനതലത്തിൽ നടത്തപ്പെട്ട പദമുദ്രകളെന്ന പ്രാദേശിക ചരിത്രരചന ശില്പശാലയിൽ വിദ്യാലയത്തിന് മികവാർന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞു. പരിസ്ഥിതി ദിനം വിപുലമായ രീതിയിൽ ആചരിച്ചു.

**III സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

പുതിയ അധ്യായനവർഷത്തിൽ പ്രവേശനോത്സവം, പരിസ്ഥിതി ദിനാചരണം എന്നിവ വിവിധ പ്രവർത്തനങ്ങളോടെ സമുചിതമായി നടത്തപ്പെട്ടു. പുതിയ അധ്യായനവർഷത്തിൽ വിദ്യാലയത്തിലെത്താതിരുന്ന വിദ്യാർത്ഥികളുടെ ഭവനസന്ദർശനം

നടത്തി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**IV സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

SSLC പരീക്ഷയിൽ വിദ്യാലയം 99% വിജയവും 38 വിദ്യാർത്ഥികൾ ഫുൾ എ പ്ലസും കരസ്ഥമാക്കി. സ്വാതന്ത്ര്യത്തിന്റെ അമൃതോത്സവ ഭാഗമായി സംസ്ഥാതലത്തിൽ നടത്തിയ കഥാരചന മത്സരത്തിൽ വിദ്യാലയം മികവാർന്ന നേട്ടം കൈവരിച്ചു. സ്കൂൾ പ്രവേശനോത്സവം പരിസ്ഥിതിദിനാഘോഷം എന്നിവ സമുചിതമായി നടത്തപ്പെട്ടു. ലിറ്റിൽ കൈറ്റ് എൻട്രൻസ് ടെസ്റ്റ് നടത്തി.

**V ഐ. ജെ. എം. ഹൈസ്കൂൾ കൊട്ടിയൂർ**

നവാഗതരെ പ്രവേശനോത്സവത്തോടെ വിദ്യാലയത്തിലേക്ക് സ്വാഗതം ചെയ്തു. പരിസ്ഥിതിദിനത്തിൽ വൃക്ഷത്തൈ നടുകയും സന്ദേശം നൽകുകയും വിവിധ മത്സരങ്ങൾ നടത്തുകയും ചെയ്തു. സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ബാലവേല വിരുദ്ധ ദിനം ആചരിച്ചു.

**VI സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

പ്രവേശനോത്സവം വിവിധ പരിപാടികളളോടെ ആഘോഷിച്ചു. പരിസ്ഥിതിദിനാഘോഷത്തിൽ വിവിധ മത്സരങ്ങൾ നടത്തുകയും സന്ദേശം നൽകുകയും ചെയ്തു.

**VII നിർമ്മല ഹൈസ്കൂൾ കബനിഗിരി**

SSLC പരീക്ഷയിൽ തുടർച്ചയായി നാലാം വർഷവും 100% വിജയം കൈവരിച്ചു. 20 വിദ്യാർത്ഥികൾ മുഴുവൻ വിഷയങ്ങൾക്കും ഫുൾ എ പ്ലസ് നേടി. പി ടി എ യുടെ നേതൃത്വത്തിൽ അധ്യാപകരുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നിർദ്ധനവിദ്യാർത്ഥിക്ക് ഭവനം നിർമ്മിച്ചു നൽകാനുള്ള പദ്ധതിക്ക് തുടക്കമായി. വിദ്യാർത്ഥികൾക്കായി 'വേനൽപ്പച്ച' എന്ന പേരിൽ ശില്പശാല നടത്തി. രക്ഷാകർതൃസംഗമവും മികവുത്സവവും സംഘടിപ്പിച്ചു. സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി ഭവനസന്ദർശനവും കോളനി സന്ദർശനവും നടത്തി .

**VIII സി. കെ. എച്ച്. എസ്. മണിമുളി**

വർണ്ണാഭശഭളമായ പരിപാടികളോടെ പ്രവേശനോത്സവം സംഘടിപ്പിച്ചു. SSLC പരീക്ഷയിൽ ഉയർന്ന വിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചു. നല്ലപാഠം, സീഡ് ക്ലബ്ബുകളുടെ പ്രവർത്തന

ങ്ങൾക്ക് തുടക്കമായി. പരിസ്ഥിതിദിനത്തിൽ വിവിധങ്ങളായ പരിപാടികൾ നടത്തി.

**IX അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

പ്രവേശനോത്സവം വിപുലമായി സംഘടിപ്പിച്ചു. പുതിയതായി ചുമതലയേറ്റെടുത്ത പ്രധാനാധ്യാപകന് സ്വീകരണം നൽകി. പരിസ്ഥിതിദിനം വിപുലമായ പരിപാടികളോടെ നടത്തപ്പെട്ടു.

**ഹയർ സെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

പുതിയ അധ്യയനവർഷത്തിന്റെ മുന്നൊരുക്കമായി സ്റ്റാഫ് മീറ്റിങ് കൂടി ചുമതലകൾ വിഭജിച്ചു നൽകി. പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെട്ട ഹെല്പ് ഡെസ്ക് രൂപീകരിച്ചു. പ്ലസ് ടു പരീക്ഷയിൽ വിദ്യാർത്ഥികൾ ഉയർന്ന വിജയം കൈവരിച്ചു. NSS സ്കൗട്ട് ആൻഡ് ഗൈഡ്സ് സൗഹൃദ ക്ലബ് എന്നിവയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു.

**II സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യംപള്ളി**

കഴിഞ്ഞ അധ്യായനവർഷം സർവീസിൽനിന്നും വിരമിച്ച അധ്യാപികയ്ക്ക് യാത്രയയപ്പ് നൽകി. സ്നേഹഭവനത്തിന്റെ നിർമാണം അവസാനഘട്ടങ്ങളിലേക്കെത്തി. പ്ലസ്ടു പരീക്ഷയിൽ വിദ്യാലയം ഉന്നത വിജയം കരസ്ഥമാക്കി.

**III സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

വിദ്യാർത്ഥികൾക്കായി മൂല്യാധിഷ്ഠിത വിദ്യാഭ്യാസരീതിയും ദിശാബോധമുന്നേറ്റവും എന്ന വിഷയത്തിൽ മോട്ടിവേഷൻ ക്ലാസ് നടത്തി. പരിസ്ഥിതിദിനം ആചരിച്ചു. കരിയർ ഗൈഡൻസ് ശില്പശാല സംഘടിപ്പിച്ചു. ബോധവൽകരണ സെമിനാർ നടത്തി.

കഴിഞ്ഞ അധ്യായനവർഷത്തിൽ പ്ലസ് ടു പരീക്ഷയിൽ മികവാർന്ന വിജയങ്ങൾ കരസ്ഥമാക്കിയ വിദ്യാലയങ്ങൾക്കും ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കും കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം,

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ



# Bishop's Programme

*17 June 2023 - 14 August 2023: Abroad*

# Auxiliary Bishop's Programme

**July 2023**

*01 Saturday:.............Nilgiri Region: Visit*
*02 Sunday:................Manvayal: Jubilee Inauguration of the Parish*
*03 Monday:..............Ooty: Dukhrana, Holy Qurbana*
*04 Tuesday:..............Gudallur: Monthly Recollection*
*09 Sunday:................Kavumannam: Holy Qurbana*
*11 Tues-12 Wed:.......Engaged*
*13 Thursday:............Bathery: Blessing of Clinic*
*15 Saturday:.............Kalpetta: Blessing of the renovated Madbaha*
*16 Sun-23 Sun:.........Out of Station*
*24 Mon – 25 Tues:....Dwaraka: Ongoing formation of Priests*
*26 Wednesday:..........Mullenkolly: School Blessing*
*30 Sun- Aug 4:..........Kakkanad: Colloquium & KCBC*